www.malankaralibrary.com

# ബഥനിശബ്ദം

നവംബർ 2018



## നിറ ഓർമ്മകളോടെ...

## ബ്രദർ മാർട്ടിൻ വൈമറ്റം ഒ.ഐ.സി.

www.malankaralibrary.com


# BETHANY SABDHAM

No. 114 2018 November



**Editor**

Fr. Varghese Thykoottathil OIC

**Editorial Board**

Fr. Antony Padipurackal OIC

Fr. Shaiju Mathew Meppurath OIC

Fr. Geevarghese Thiruvalil OIC

**Circulation Manager**

Fr. Jacob Varghese Eettithadathil OIC



**Printed at**

Bethany Press, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

**Cover Design**

Shany Roopesh

**Published from**

Bethany Ashram Generalate

Kottayam - 686010

www.malankaralibrary.com

# ഉൾത്താളുകളിൽ


**മുഖമൊഴി** 3

**ബഥനിയിലെ മാർത്തയുടെ ഭാവം** 4
റവ.ഫാ.ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.

**ഒരു അവധൂതജന്മത്തെക്കുറിച്ചുള്ള ഓർമ്മകൾ** 7
റവ. ഫാ.ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി.

**സന്യാസ സാഹോദര്യത്തിന്റെ ലളിതഭാവം** 9
റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.

**ബ്രദർ മാർട്ടിൻ വൈമറ്റം ഒ.ഐ.സി. നാൾവഴികളിലൂടെ** 11
റവ. ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി

**ബഥാന്യൻ പ്രേഷിതദർശനത്തിന്റെ ശ്രേഷ്ഠോപാസകൻ** 15
ഫാ.ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

**പേരപ്പനച്ചനും, ബഥനിയും ഒരനുസ്മരണം** 19
സി.റോസ് മാത്യു ഡി.എം.

**കഥയില്ലാത്തച്ചന്റെ കഥ ഓർമ്മയായി** 23
ബ്രദർ ബർക്കുമാൻസ് ഒ.ഐ.സി.

**ദൈവത്തെ തൊട്ട മനുഷ്യൻ** 38
ഫാ. പീറ്റർ കടമാൻകോട് ഒ.ഐ.സി.

**ഞങ്ങളുടെ പ്രിയപ്പെട്ട പേരപ്പൻ** 40
ലിസ്സി & ജോയി മറ്റത്തിൽ

**ബഥനിയിലെ ഫ്രാൻസിസ് അസീസ്സി** 42
ബ്രദർ യൊവാക്കിം കടിയംകുന്നേൽ ഒ.ഐ.സി.

**സുവിശേഷപ്രസംഗകനായ ബ്രദർ മാർട്ടിൻ ഒ.ഐ.സി** 45
ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

**സാധാരണക്കാരുടെ മനസറിഞ്ഞ സന്യാസി ശ്രേഷ്ഠൻ** 49
ബ്രദർ ജി. ഗ്രേഷ്യസ് കരിമ്പനാമണ്ണിൽ ഒ.ഐ.സി

**ഞാനങ്ങോട്ട് പോകുവാണേ...** 52
ഫാ. ഡൊമിനിക് മൂഴിക്കര ഒ.ഐ.സി

**ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ.....** 53
ബ്രദർ എഡ്വിൻ അമ്പാട്ട്

**മരിക്കാത്ത ഓർമ്മകൾ** 57
ബ്രദർ അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി.

www.malankaralibrary.com



# മുഖമൊഴി

ബഹുമാനപ്പെട്ട മാർട്ടിൻ ബ്രദറിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ പ്രാർത്ഥനകൾ നേർന്നുകൊണ്ട് ശബ്ദത്തിന്റെ ഈ ലക്കം പുറത്തിറങ്ങുന്നു. അതുകൊണ്ടുതന്നെ ബ്രദറിനെപറ്റിയുള്ള സജീവ മായ ഓർമ്മകളാൽ ശബ്ദത്തിന്റെ താളുകൾ നിറഞ്ഞുനിൽക്കുന്നു. ചിന്തകളെ, ഓർമ്മകളെ, ബന്ധങ്ങളെ ധന്യമാക്കിയ ഏവർക്കും നന്ദി അർപ്പിക്കുന്നു.

നമ്മുടെ സമൂഹത്തിൽ നിന്ന് മുതിർന്ന തലമുറയിലുള്ളവർ എന്നെന്നേക്കുമായി കടന്നുപോകുമ്പോൾ അവർ ജീവിച്ചിരുന്നപ്പോൾ നമുക്ക് നൽകിയ ഉത്തമമായ, ഉദാത്തമായ ജീവിത മാതൃകകൾ ആണല്ലോ അവർ നൽകിയിട്ടു പോകുന്ന അമൂല്യ ധനം. ബ്രദറിന്റെ ജീവിതം മുഴുവൻ നിറഞ്ഞു നിന്ന കരുതലിന്റെ വലിയ പാഠം നമുക്കു ബ്രദറിനെ ഓർക്കാനുള്ള, കാത്തു സൂക്ഷിക്കാനുള്ള, ഒരു വലിയ രത്നം തന്നെയാണ്. ആളുനോക്കാതെ, അളന്നുനോക്കാതെ, തരം നോക്കാതെ, എളിയവനെന്നോ, വലിയവനെന്നോ കണക്കുകൂട്ടാതെ തനിക്ക് എന്തുകിട്ടും എന്ന് ഒരിക്കലും മനസ്സിൽ പോലും ചിന്തിക്കാതെ, ബഥനിയിൽ കടന്നുവന്നിട്ടുള്ള സകലരെയും പരിചരിച്ച്, സാന്ത്വനം ഏകി, ഉള്ളതിന്റെ അംശം മറച്ചുവയ്ക്കാതെ നമുക്ക് നല്കി സന്തോഷത്തോടെ കടന്നുപോയ ഒരു ജീവിതസാക്ഷിയായിരുന്നു ബ്രദർ മാർട്ടിൻ. ഓർക്കാനും ഓർമ്മിക്കാനും എന്നും കൈമുതലായി കാത്തുസൂക്ഷിക്കാനും കഴിയേണ്ട ഒരു സമർപ്പണഭാവത്തിന്റെ സനാതനമായ സാക്ഷ്യം ആയിരുന്നു ബ്രദർ.

'ഞാനും എന്റെ ലോകവും', 'ഞാനും എനിക്ക് സ്വന്തമായതും' എന്ന ആധുനിക ജീവിതക്രമത്തിന് മുൻപിൽ ബ്രദർ നൽകിയ ഉന്നതമായ ഒരു പാഠം അല്ലേ കൂടെ വസിക്കുന്നവരെ എപ്പോഴും കൂടെ കൂട്ടുവാനും കരുതുവാനുമുള്ള സമർപ്പണ മനോഭാവം? അതെ, മാർട്ടിൻ ബ്രദർ നമുക്ക് നൽകിയ മറ്റൊരു വലിയ പാഠമാണിത്. ലോകത്തിന്റെ

www.malankaralibrary.com

കാഴ്ചപ്പാടിൽ പഠനമോ, സ്ഥാനമോ, പണമോ ഒന്നുമല്ല സന്യാസ സമർപ്പണത്തിന്റെ ആത്മാവ് എന്ന് ബ്രദർ സ്വജീവിതത്തിലൂടെ നമ്മെ പഠിപ്പിച്ചു. താനും തന്നെ വിളിച്ചവനുമായുള്ള ബന്ധത്തിൽ നിന്ന് സ്വാംശീകരിച്ച അറിവും, അനുഭവവും, ജ്ഞാനവും ഒക്കെ തന്നെ ഏല്പിച്ച സകല ശുശ്രൂഷാമേഖലകളിലും അതിന്റെ പൂർണ്ണ രൂപത്തിലും, പ്രായോഗിക തലത്തിലും നൽകിയതിനുശേഷമാണല്ലോ ബ്രദർ കടന്നുപോയത്. 'പൗരോഹിത്യ ശുശ്രൂഷ'യേക്കാൾ ഉപരിയായി മറ്റൊരു 'സേവന ശുശ്രൂഷയുടെ' മാതൃക നൽകിയാണല്ലോ ബ്രദർ നമ്മെ വിട്ടുപിരിഞ്ഞത്. മറ്റുവാക്കിൽ 'പുരോഹിതനെക്കാൾ ബ്രദറിന്റെ ആത്മീയ ഭൗതിക ശബ്ദം ജനം ഇരുകരങ്ങളും നീട്ടി സ്വീകരിച്ചു' എന്ന സത്യം നാം തന്നെ ശ്രവിച്ചതാണല്ലോ ബ്രദറിന്റെ അവസാന ശുശ്രൂഷാ കർമ്മങ്ങളിൽ.

പ്രിയ ജ്യേഷ്ഠസഹോദരാ, ജീവിച്ചിരുന്നപ്പോൾ സമർപ്പണത്തിന്റെ സജീവ ഭാവമായി ബഥനയിൽ ഞങ്ങൾക്കു തന്നിട്ടുപോയ എളിമയുടെയും, കരുതലിന്റെയും, അതിഥി സൽക്കാരത്തിന്റെയും, നിഷ്ഠാ ജീവിതത്തിന്റെയും, കൃത്യമായി പ്രാർത്ഥനകളിൽ സംബന്ധിക്കുന്ന ബഥനിയുടെ ആത്മീയ പാരമ്പര്യത്തിന്റെയും, ഉന്നതഭാവങ്ങൾ ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. ശതാബ്ദി നിറവിൽ, ആധുനിക കാലത്ത് ഇതൊക്കെ ബഥനിയുടെ കൈമുതലെന്ന് ജീവിതംകൊണ്ടും ബോധ്യങ്ങൾകൊണ്ടും ജീവിച്ച്, സമൂഹത്തിന്റെ ഭാഗമായിത്തീർന്ന അങ്ങയുടെ ജീവിതസാക്ഷ്യം, എന്നും സജീവമായി ബഥനിയുടെ വരുംതലമുറ കാത്തുസൂക്ഷിക്കട്ടെ.

തിരുവല്ല ആശ്രമത്തിലെ തന്റെ അവസാന കാലങ്ങളിൽപോലും ദൈവജനത്തെ കാണുവാനും അവർക്ക് ദൈവിക കാര്യങ്ങളിൽ പറഞ്ഞു കൊടുക്കാനും അവരുടെ ആവശ്യങ്ങളിൽ അവർക്ക് കൈ താങ്ങാകുവാനുമുള്ള ബ്രദറിന്റെ ജീവിത ക്രമത്തിന്റെ മഹത്വം അനന്യ സാധാരണമാണ്. നമുക്ക് നൽകിയ ഉത്തമമായ ജീവിത ദർശനങ്ങൾക്കും നന്മകൾക്കും നാം ഒരു സമൂഹമായി ബ്രദറിനോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. ബ്രദറിന്റെ ആത്മാവ് ദൈവ സന്നിധിയിൽ ആയിരിക്കുന്നതിൽ നമുക്ക് കൃതാർത്ഥരാകാം. നമ്മുടെ സമൂഹത്തിൽ നിന്ന് ഈ ശതാബ്ദിവർഷത്തിൽ ദൈവം വിളിച്ച് തന്റെ സന്നിധിയിൽ കൂട്ടിയിരിക്കുന്ന ബ്രദറിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കുന്നതിൽ എന്നും നമുക്ക് അഭിമാനിക്കാം.

സ്നേഹത്തോടെ

**ഫാ. വറുഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.**

www.malankaralibrary.com

# ബഥനിയിലെ മാർത്തയുടെ ഭാവം

**വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
**സുപ്പീരിയർ ജനറൽ**

"ആരാ ഈ വന്നിരിക്കുന്നെ?" വാ... വാ... ഇരി... ഇരി... എന്താ കഴിക്കാനെടുക്കേണ്ടത്?" സ്നേഹമസൃണമായ ആതിഥ്യമര്യാദയുടെ ഉടമയാണ് ബഹു.ബ്രദർ മാർട്ടിൻ വൈമറ്റം ഒ.ഐ.സി. തന്റെ തനതു ശൈലിയിലൂടെ ബഥനിയെ ശക്തിപ്പെടുത്തിയ ഒരു എളിയ സന്യാസ സഹോദരനായിരുന്നു മാർട്ടിൻ ബ്രദർ. അദ്ദേഹത്തിന്റെ സൗഹൃദവും സൽക്കാരവും സംരക്ഷണവും ലഭിക്കാത്തവർ ബഥനി സമൂഹത്തിൽ വളരെ ചുരുക്കമാണ്. ഒരു വീട്ടമ്മയുടെ ചുറുചുറുക്കോടും കൃത്യ നിഷ്ഠയോടും, ഉത്തരവാദിത്വത്തോടുകൂടെ, താനായിരിക്കുന്ന ഭവന ത്തിൽ ഉള്ളവരെ അദ്ദേഹം സംരക്ഷിച്ചു. അദ്ദേഹത്തിന്റെ പാവനസ്മരണകൾക്ക് മുമ്പിൽ പ്രണാമം!

### അതിഥിസൽക്കാരത്തിന്റെ മൂർത്തീഭാവം

ബഹു. മാർട്ടിൻ ബ്രദറിന്റെ ആതിഥ്യ ഔൽസുക്യം എടുത്തു പറയേണ്ട ഒന്നാണ്. അദ്ദേഹത്തിന്റെ മുന്നിൽ ആശ്രമത്തിൽ വരുന്ന എല്ലാവരും തുല്യരാണ്. അവിടെ വലിപ്പച്ചെറുപ്പങ്ങളില്ല. സുവിശേഷ ത്തിലെ ബഥനിയിൽ യേശുതമ്പുരാനെ സ്വീകരിച്ച് സൽക്കരിച്ച, മനോഭാവത്തോടെ അദ്ദേഹം അതിഥികളെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്തിരുന്നു. ആശ്രമത്തിൽ വരുന്ന അതിഥി കൾക്ക് ഒരു കുടുംബമനോഭാവം നൽകത്തക്ക വിധം അദ്ദേഹം അവരോട് ഇടപെട്ടിരുന്നു.

### എളിമയും ശുശ്രൂഷയും കൈമുതൽ

ബഹു. മാർട്ടിൻ ബ്രദറിന്റെ ജീവിതം വളരെ ശാന്തമായിരുന്നു. തന്റെ ജീവിതത്തിലുടനീളം എളിമയോടെ വ്യാപരിക്കാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ആരോടും ധാർഷ്ഠ്യത്തോടെ അദ്ദേഹം പെരുമാറിയിട്ടില്ല. ഏല്പിച്ച ഉത്തരവാദിത്വങ്ങൾ എളിമയോടും, വിശ്വസ്തതയോടും, ശുശ്രൂഷമനോഭാവത്തോടെയും അദ്ദേഹം പൂർത്തിയാക്കിയിരുന്നു.

www.malankaralibrary.com

**തീക്ഷ്ണമതിയായ മിഷനറി**

ബഹു. മാർട്ടിൻ ബ്രദറിന്റെ മിഷൻ ചൈതന്യം നമ്മുടെ സമൂഹാംഗങ്ങൾക്കെല്ലാവർക്കും ഒരു മാതൃകയാണ്. ദീർഘകാലം അദ്ദേഹം നമ്മുടെ കർണ്ണാടക മിഷനിൽ സേവനം അനുഷ്ഠിച്ചു. വൈദികരേക്കാൾ ജനത്തിനാവശ്യം മാർട്ടിൻ ബ്രദറിനെയായിരുന്നു. അവരുടെ സങ്കടങ്ങളിൽ അവരോടുകൂടെ ആയിരിക്കുവാനും അവരുടെ നാശനഷ്ടങ്ങളിൽ അവരെ ബലപ്പെടുത്തുവാനും സമയമോ സൗകര്യങ്ങളോ നോക്കാതെ അദ്ദേഹം തന്റെ ജീവിതം വ്യയം ചെയ്തു.

**വിശ്വാസപ്രഘോഷകൻ**

നമ്മുടെ സമൂഹസ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെപ്പോലെ സുവിശേഷപ്രഘോഷണത്തിലൂടെയും ധ്യാനപ്രസംഗങ്ങളിലൂടെയും മതബോധനപരവും ആദ്ധ്യാത്മികപരവുമായ പഠിപ്പിക്കലിലൂടെയും സഭയുടെ ആരാധനാപരമായ ജീവിതത്തിൽ അർത്ഥവത്തായി പങ്കുചേരുവാൻ, വിശ്വാസികളെ സഹായിക്കുവാൻ ബഹു. മാർട്ടിൻ ബ്രദറിനു സാധിച്ചു.

**ഉത്തമനായ ബഥാന്യൻ**

ബഹു. മാർട്ടിൻ ബ്രദറിന്റെ ജീവിതം ബഥാന്യരായ നമുക്കെല്ലാവർക്കും ഉദാത്തമായ ഒരു മാതൃകയാണ്. അദ്ദേഹത്തിന്റെ വ്രതബദ്ധ ജീവിതവും പ്രാർത്ഥനാചൈതന്യവും സമൂഹത്തോടുള്ള അകമഴിഞ്ഞ സ്നേഹവും അദ്ദേഹത്തെ ഒരു ഉത്തമ ബഥാന്യനാക്കുന്നു.

നമ്മുടെ വി.നിയമം (നമ്പർ 175) പറയുന്നതുപോലെ നമ്മുടെ സമൂഹത്തിലുള്ള സന്യാസസഹോദരരുടെ സാന്നിധ്യം ക്രിസ്തുവിലുള്ള സംസർഗ്ഗത്തിന്റെ ഒരു പ്രകാശനമാണ്. ബഹു.മാർട്ടിൻ ബ്രദറിന്റെ ജീവിതം അതിന് സാക്ഷ്യം വഹിക്കുന്നു.

തീക്ഷ്ണമതിയായ മിഷനറി, പ്രസംഗകൻ, വിശ്വാസപരിശീലകൻ എന്നീ നിലയിൽ തന്റെ എളിയ ജീവിതത്തിലൂടെ അനേകരെ ബഹു. ബ്രദർ സമ്പാദിച്ചു. അദ്ദേഹത്തിന്റെ ശവസംസ്കാര ശുശ്രൂഷയിൽ അദ്ദേഹം സേവനം ചെയ്തിരുന്ന സ്ഥലങ്ങളിലെ എളിയവരായ മനുഷ്യർ കണ്ണുനീരോടുകൂടി പങ്കെടുത്തതാണ് അദ്ദേഹത്തിന്റെ മനുഷ്യസ്നേഹത്തിന്റെ വലിയ സാക്ഷ്യം. തന്റെ ഭവനത്തിലെ ഉത്തരവാദിത്വമെല്ലാം നിർവ്വഹിച്ചിട്ട് സന്യാസ ജീവിതത്തിനുവേണ്ടി ഇറങ്ങി ദീർഘനാൾ അനേകർക്ക് തണലായി ഭവിച്ച ആ ജീവിതം ദൈവത്തിന്റെ കരങ്ങളിൽ സുരക്ഷിതമായിരിപ്പാൻ നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com

# ഒരു അവധൂതജന്മത്തെക്കുറിച്ചുള്ള ഓർമ്മകൾ

**റവ. ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, നവജ്യോതി പ്രോവിൻസ്**

നമ്മുടെ സന്ന്യാസസഹോദരങ്ങളുടെ ഗണത്തിൽ തന്റെ ശുശ്രൂഷയുടെ തനിമകൊണ്ടും ലളിതമായ ജീവിതശൈലി, പെരുമാറ്റം, അതിഥിശുശ്രൂഷാശുഷ്ക്കാന്തികൊണ്ടും, പകരക്കാരനില്ലാത്ത വിധം തന്റേതായ ഒരിടം അടയാളപ്പെടുത്തിയ വ്യക്തിത്വമായിരുന്നു ബഹു. ബ്രദർ മാർട്ടിൻ.

വൈദീകപട്ടം സ്വീകരിച്ചില്ലായെങ്കിൽ പോലും വിശ്വാസികളുടെ ആത്മീയശുശ്രൂഷകളിൽ, ഇടവകകളിലും, ആശ്രമത്തിന്റെ അയൽ വാസികളുടെ ഭവനങ്ങളിലും തന്റേതായ കർമ്മമേഖല കണ്ടെത്തുകയും ശുശ്രൂഷ ചെയ്യുകയും ചെയ്തു എന്നുള്ളത് മാർട്ടിൻ ബ്രദറിന്റെ വേറിട്ട സവിഷേതയായിരുന്നു. ഇല്ലാത്തതിനെപ്പറ്റിയുള്ള കുണ്ഠിതമല്ല, മറിച്ച് ഉള്ളതിന്റെ ആഘോഷമാണ് ജീവിതത്തെ പ്രകാശമാനമാക്കുന്നതെന്നും തൃപ്തിയും സന്തോഷവും ഉളവാക്കുന്നതെന്നും മാർട്ടിൻ ബ്രദർ തന്റെ ജീവിതം കൊണ്ട് കാണിച്ചു തന്നു.

കർണ്ണാടകമിഷന്റെ ആരംഭകാലത്ത് ആ ജനങ്ങളുടെ മദ്ധ്യത്തിൽ തന്റെ സാന്നിദ്ധ്യം, പ്രാർത്ഥന, ക്രിയാത്മകമായ ഇടപെടൽ ഇവ കൊണ്ടും ഒച്ചപ്പാടുകളും അവകാശവാദങ്ങളും ഇല്ല എങ്കിലും ഹൃദ്യമായ ജീവിത സാന്നിദ്ധ്യം കൊണ്ടും മാർട്ടിൻ ബ്രദർ ബഥനിയുടെ സജീവസാന്നിദ്ധ്യമായി പരിണമിച്ചു.

ജീവിതസായാഹ്നത്തിൽ തിരുവല്ലാ ആശ്രമത്തിൽ വിശ്രമ ജീവിതം നയിക്കുമ്പോഴും തന്റെ തനതായ ശുശ്രൂഷകളിൽ നിന്നും ശയ്യാവലംബനാകുവോളം മാർട്ടിൻ ബ്രദർ വിരമിച്ചിരുന്നില്ല.

ബഥനിയെ സംബന്ധിച്ചിടത്തോളം ഒരു വിധത്തിൽ പറഞ്ഞാൽ ശ്രേഷ്ഠമായ ഒരു അവധൂതജന്മമായിരുന്നു ബഹു. മാർട്ടിൻ ബ്രദർ. സാമ്പ്രദായിക ഭാരതീയദർശനം അനുസരിച്ച് സന്ന്യാസികൾ 6 തരമാണുള്ളത്. കുടീചികൻ, ബഹൂദകൻ, തുര്യാതീതൻ, ഹംസൻ, പരമഹംസൻ, അവധൂതൻ. ഇതിൽ അവധൂതർ എന്ന വിഭാഗം നിയതമായ ചട്ടക്കൂടിനുള്ളിൽ ഒരിക്കലും സ്വയം തളച്ചിട്ടിരുന്നില്ല. സ്വന്തം ദർശനങ്ങൾ

www.malankaralibrary.com

വെട്ടിത്തുറക്കുന്ന പാതകളിലൂടെ അലസഗമനം നടത്തുന്ന നിസ്വരായ മനുഷ്യർ ആണവർ. ഒരു സമൂഹക്രമത്തിന്റെ പാരമ്പര്യങ്ങളുടെ കോട്ട കൾ അണകെട്ടി നിർത്തി അവരുടെ ഒഴുക്കിനെതിരെ പ്രതിരോധിക്കാം എന്ന് കരുതരുത്. എന്നാൽ അതേസമയം ആരോടും, ഒന്നിനോടും വെല്ലുവിളികൾ ഇല്ലാതെ, സ്നേഹം മാത്രം നല്കി, സ്വന്തം ബോധ്യ ങ്ങൾ തെളിക്കുന്ന വഴികളിലൂടെ ഒഴുകുന്ന ഒരു സന്ന്യാസ പ്രവാഹം.

മാർട്ടിൻ ബ്രദറിന്റെ ജീവിതവും ഏതാണ്ടിതുപോലെ ഒൻപത് ദശകങ്ങൾ ഒഴുകിക്കൊണ്ടിരുന്നു. ആരെയും മുറിവേല്പിക്കാത്ത ഒരു സ്നേഹപ്രവാഹം. എന്നാൽ ആർക്കും അതിന്റെ പ്രവാഹത്തെ അണ കെട്ടി നിയന്ത്രിക്കാനും ആവതില്ലായിരുന്നു. സൗമ്യവും എന്നാൽ വ്യക്തമായ നിലപാടുകളും ഒന്നിച്ചുചേർന്ന ഒരു വേറിട്ട വ്യക്തിത്വം.

സ്വന്തമായ പ്രാർത്ഥനാശുശ്രൂഷകളിലൂടെ അസംഖ്യം ജീവിത ങ്ങളിലേക്കും, ഭവനങ്ങളിലേക്കും നിരന്തരം കടന്നുചെല്ലാൻ കഴിഞ്ഞ വ്യക്തിത്വം. ആ ശുശ്രൂഷയ്ക്ക് ഒരു പൗരോഹിത്യത്തിന്റെ സ്ഥാന ബലമോ, ആചാരാനുഷ്ഠാനങ്ങളുടെ കർമ്മബലമോ അദ്ദേഹത്തിനാ വശ്യമില്ലായിരുന്നു. തന്റെ ശുശ്രൂഷ ആഗ്രഹിച്ചവരുടെ ആവശ്യം അനു സരിച്ച് സ്വയം പാകപ്പെടുന്ന ഒരു പ്രത്യേക സേവനത്തിന്റെ കെമിസ്ടി, മാർട്ടിൻ ബ്രദറിന് മാത്രം വശമായിരുന്നു എന്ന് പറയാം.

പ്രായാധിക്യത്തിനും ശരീരത്തിന്റെ ബലഹീനതകൾക്കു പോലും എന്നല്ല, മറ്റുള്ളവരുടെ വിലക്കുകൾക്കോ ആശങ്കകൾക്കോ ഒന്നിനും ആ ഒഴുക്കിനെ പ്രതിരോധിക്കുവാനോ, തളക്കുവാനോ കഴിഞ്ഞിരുന്നില്ല. അപ്പോഴും കഴിയുന്ന രീതിയിൽ ആശ്രമത്തിൽ വരുന്ന സന്ദർശകരുടെ ജീവിതത്തിലേക്ക് അദ്ദേഹം ഒഴുകി സ്വധർമ്മം നിർവ്വഹിച്ചുകൊണ്ടേ യിരുന്നു. എന്തുകൊണ്ട് പ്രായമായ സ്ഥിതിയ്ക്ക് മാർട്ടിൻ ബ്രദറിന് വിശ്രമിച്ചുകൂടാ എന്ന് നാം ചിന്തിച്ചിട്ടുണ്ടാവാം. എന്നാൽ ആശ്രമത്തി ലെത്തുന്ന അതിഥികളോടെങ്കിലും കേവലം ഒരു കുശലാന്വേ ഷണത്തിന്റെ രീതിയിലെങ്കിലും ഒഴുകി എത്തുവാൻ കഴിഞ്ഞില്ല എങ്കിൽ പിന്നെ എന്തിനീ ജീവിതം എന്ന മട്ടിലായിരുന്നു മാർട്ടിൻ ബ്രദറിന്റെ നിലപാട്. കാരണം പുഴയാണെങ്കിൽ, ഒഴുകുക അതിന്റെ ധർമ്മമാണ്. പുഴയെ്ക്കങ്ങനെ ഒഴുകാതിരിക്കാനാവും. ഒരു അവധൂതജന്മത്തിന് മാത്രമെ ഇങ്ങനെ ഒരു നിലപാട് സ്വീകരിക്കാനാവൂ.

ദീർഘമായ ആ സൗമ്യസാന്നിദ്ധ്യം നമ്മെ വിട്ടുപിരിഞ്ഞു വെങ്കിലും ആ സ്മരണകൾ എന്നും ദീപ്തമായി ബഥനിയിൽ ഉണ്ടാകും എന്നത് തീർച്ചയാണ്.

www.malankaralibrary.com

# മാർട്ടിൻ ബ്രദർ: സന്യാസ സാഹോദര്യത്തിന്റെ ലളിതഭാവം

**റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, നവജീവൻ പ്രോവിൻസ്**

മാർട്ടിൻ ബ്രദർ നമ്മളിൽനിന്ന് വേർപിരിഞ്ഞുപോയിട്ട് 40 ദിനങ്ങൾ പൂർത്തിയാകുന്നു. ബഥനിയിലെ സന്യാസസഹോദരങ്ങളുടെ ഒരു സജീവസാക്ഷ്യം കൂടി ഓർമ്മയാവുകയാണ്. സ്വതസിദ്ധമായ പുഞ്ചിരിയോടെ ആരെയും സ്വന്തമാക്കാൻ കൃപ ലഭിച്ച മാർട്ടിൻ ബ്രദർ, താൻ സേവനം ചെയ്ത ഇടങ്ങളിലെല്ലാം, തെളിമയുള്ള സന്യാസത്തിന് സാക്ഷ്യം നൽകിയ, സാധാരണക്കാരുടെ സ്വന്തമായിരുന്നു.

ആശ്രമത്തിൽ പ്രവേശിച്ച നാൾമുതൽ കബറിടത്തിൽ എത്തുവോളം പരാതികളില്ലാതെ കടന്നുപോയ യൗവ്വനവും, വാർദ്ധക്യവും, ശാന്തമായാണ് പര്യവസാനിച്ചത്. രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിലും തന്റെ വേദനകളെ ഇടയ്ക്കിടയ്ക്ക് ഉയർന്നിരുന്ന ഞരക്കങ്ങളിലോ, വിളികളിലോ ഒതുക്കി, എല്ലാം തമ്പുരാന്റെ കുരിശിനോടു ചേർത്തുവച്ച മാർട്ടിൻ ബ്രദർ, തന്റെ അവസാന നിമിഷങ്ങളിൽ കിടയ്ക്കക്കരികെ ശുശ്രൂഷിച്ചവർക്കും, പ്രാർത്ഥിക്കാൻ കടന്നുവന്നവർക്കും നനവുള്ള ഓർമ്മകൾ നൽകിയാണ് യാത്രയായത്.

ആശ്രമജീവിതത്തിൽ കൂടെ താമസിച്ചവർക്കെല്ലാം ബ്രദർ അകമഴിഞ്ഞ സ്നേഹവും കരുതലും പകർന്നു നല്കി. ബഥനി സന്യാസിയുടെ സമൂഹജീവിതചര്യയുടെ നെടുംതൂണുകളായ വി.കുർബാന, വി.യാമനമസ്കാരങ്ങൾ, ധ്യാനം ഒന്നിച്ചുള്ള ഭക്ഷണം, പൊതുവായ ഉല്ലാസം, എന്നിവയിൽ, തന്റെ തിരക്കുള്ള മിഷൻ പ്രവർത്തനങ്ങളുടെ മദ്ധ്യേയും അദ്ദേഹം മുടക്കം കൂടാതെ പങ്കുചേർന്നിരുന്നു. ആശ്രമത്തിലെ പ്രഭാതഭക്താഭ്യാസങ്ങളും, ഭക്ഷണവും കഴിഞ്ഞാൽ അദ്ദേഹം താൻ വസിച്ചിരുന്ന നാട്ടിലെ ദേശവാസികളുടെ സ്വന്തമായിരുന്നു. ഇടവഴികളും മലകളും നടപ്പാതകളും മനഃപാഠമാക്കിയിരുന്ന ഈ സന്യാസിയുടെ ഓരോ യാത്രയും, മുറിവേറ്റ ആടുകളെ തേടിയുള്ളതായിരുന്നു. മുറിവേറ്റ വരുടെയും, ആവശ്യക്കാരുടെയും

www.malankaralibrary.com

ജീവിതത്തെ ജാതിയോ, മതമോ, നിറമോ, രാഷ്ട്രീയമോ, സമ്പത്തോ തീർക്കുന്ന അതിർവരമ്പുകൾക്കുള്ളിൽ തളച്ചിടാത്ത ഈ സന്യാസ സഹോദരൻ അനേകരുടെ സ്വന്തമായത് ഇപ്രകാരമുള്ള ഒരു വിശാലമനസ്സിനുടമയായതുകൊണ്ടാണ്.

ബ്രദറിനെ തേടിയെത്തിയവർ അനേകരായിരുന്നു. ബ്രദറിന്റെ പ്രാർത്ഥനയുടെ ശക്തിയിൽ അവർ ഉറച്ചു വിശ്വസിച്ചിരുന്നു. തന്റെ നിർമ്മലമായ ജീവിതവും, തേടിവരുന്നവർക്ക് അദ്ദേഹത്തിന്റെ പ്രാർത്ഥനയിലുള്ള വിശ്വാസവും ഒന്നിച്ചപ്പോൾ, രോഗങ്ങൾ സൗഖ്യമായി, കൃഷിയിടങ്ങളിലെ കീടങ്ങൾ അപ്രത്യക്ഷമായി, നൂറുമേനി ഫലം ഉണ്ടായി, ശത്രുപീഡ ഇല്ലാതെയായി, അസ്വസ്ഥർ സ്വസ്ഥരായി! അത്ഭുതങ്ങളുടെ ജീവിക്കുന്ന ഈ കഥകൾ അദ്ദേഹം സേവനം ചെയ്ത ഇടങ്ങളിലെ മനുഷ്യരുടെ ജീവിതകഥയായി മാറി. ആ നാടിന്റെ സുവിശേഷവത്കരണ ചരിത്രത്തിലെ പുതിയ ഏടുകളായി മാറി.

ലളിതജീവിതവും, സൗമ്യമായ സംസാരവും, ആശ്വാസം പകരുന്ന സംയമനവും കരുണയുടെ പ്രവർത്തികളും സാധാരണക്കാരന്റെ ആവശ്യങ്ങൾ തേടിയിറങ്ങുന്ന മനോഭാവവും തന്റെ സന്യാസജീവിതത്തിൽ അടിയുറച്ച ദൈവബന്ധവും, അനുഷ്ഠാന ജീവിതവും സാധാരണക്കാരനെപ്പോലെ ജീവിച്ച് സ്വർഗ്ഗത്തിലേക്ക് നടന്നുകയറിയ മാർട്ടൻ ബ്രദറിന് മാത്രം സ്വന്തമായിരുന്നു. ബഥനിക്കു ലഭിച്ച അനുഗ്രഹമായ പ്രിയ മാർട്ടിൻ ബ്രദർ മൺമറയുമ്പോൾ സന്യാസസാഹോദര്യത്തിന്റെ ഒരു ചരിത്രം കൂടി ഓർമ്മയാവുകയാണ്. നന്മയുടെ കുറേ മാതൃകകൾ ബാക്കിയാക്കി നടന്നകന്ന ജ്യേഷ്ഠ സഹോദരാ, തമ്പുരാന്റെ സ്വർഗ്ഗസൗഭാഗ്യത്തിലേക്ക് സമാധാനത്താലെ പോവുക!

രാത്രിയിലും പകൽവേളയിലും നൽശുദ്ധതയിൽ നീ
ആലാപം ചെയ്തോരാത്മീയ ഗീതങ്ങളോടൊപ്പം
സുതനുടെ പ്രിയരാം വത്സലരോടൊപ്പം
അതിമോദത്തിൻ മണവറ പൂകും നീ

*സന്യാസികളുടെ ശവസംസ്കാരശുശ്രൂഷാ ക്രമം*
*പേജ്, 16*

www.malankaralibrary.com

# ബ്രദർ മാർട്ടിൻ വൈമറ്റം ഒ.ഐ.സി. നാൾവഴികളിലൂടെ...

**റവ. ഫാ. വില്യം നെടുമ്പുറത്ത് ഒ.ഐ.സി**
**ദയറാ സുപ്പീരിയർ, തിരുവല്ല**

ബഹുമാനപ്പെട്ട മാർട്ടിൻ ബ്രദർ പാലാ വൈമറ്റം ഭവനത്തിൽ ശ്രീ ജോസഫിന്റെയും ശ്രീമതി മറിയത്തിന്റെയും മകനായി 1928 നവംബർ 9-ാം തീയതി (09-11-1928) ഭൂജാതനായി. തോമസ് എന്ന മാമോദീസാ നാമം സ്വീകരിച്ച അദ്ദേഹം ചേനപ്പാടി, അഞ്ചൽ സ്കൂളുകളിൽ സ്കൂൾ പഠനം പൂർത്തിയാക്കി. തന്റെ 35-ാം വയസ്സിൽ അതായത് 1963-ലാണ് സന്യാസത്തിലേക്കുള്ള വിളി സ്വീകരിച്ച് തിരുവനന്തപുരം ബഥനി ആശ്രമത്തിൽ ചേർന്നത്. 1965-ൽ ആദ്യവ്രതം ചെയ്ത തോമസ് മാർട്ടിൻ എന്ന സന്യാസ നാമം സ്വീകരിച്ചു. തിരുവനന്തപുരത്തുതന്നെ സന്യാസപരിശീലനം പൂർത്തിയാക്കി ബ്രദർ മാർട്ടിൻ ഒരു വൈദികനാകാതെ സന്യാസസഹോദരനായി മാത്രം ബഥനിയിൽ തുടർന്നു. അദ്ദേഹം ഒരു നല്ല സന്യാസിയായും പ്രേഷിതവര്യനുമായി സമൂഹത്തിൽ അറിയപ്പെട്ടു.

സമൂഹത്തിൽ നല്കപ്പെട്ട സേവനരംഗങ്ങളിലൊക്കെ തനതായ വ്യക്തി മുദ്ര പതിപ്പിക്കുന്നതിന് ബ്രദറിനു സാധിച്ചു. സമൂഹത്തിന് കുറേക്കൂടി സാമ്പത്തികഭദ്രതയുള്ള ഈ കാലത്തുപോലും ആശ്രമങ്ങളിൽ പ്രൊക്യുറേറ്റർ ജോലി ഏറ്റെടുക്കുവാൻ ഞങ്ങളിൽ പലരും വൈമനസ്യം കാണിക്കുന്നിടത്ത് ആശ്രമത്തിന്റെ ആരംഭകാലത്തെ കഷ്ഠതകളെല്ലാം ഏറ്റെടുത്തുകൊണ്ട് ആദ്യകാലം ഏതാണ്ട് എല്ലാ ഭവനങ്ങളിലെയും പ്രൊക്യുറേറ്റർ ആയി സേവനം അനുഷ്ഠിച്ചു എന്നു പറയുമ്പോൾ മാർട്ടിൻ ബ്രദറിന്റെ സമൂഹസ്നേഹവും, മാർത്തയുടെ സേവനതല്പരതയും, സഹനശീലവും മറ്റുള്ളവരോടുള്ള കരുണയും കരുതലും എത്രമാത്രമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഒരു വൈദികനാകാൻ കുട്ടിക്കാലത്തെയുള്ള തന്റെ ആഗ്രഹം, അപ്പനില്ലാത്ത വീടിന്റെ സകല ബാധ്യതകളും മൂത്തമകനായ തന്റെ തോളിലേറ്റി ഇളയ സഹോദരങ്ങളെ വളർത്തിയെടുത്ത് കരപറ്റിക്കുന്നതിനിടയിൽ ആ ദൈവവിളിയൊക്കെ നഷ്ടപ്പെടുകയാണ് ചെയ്തത്. അമ്മയുടെ നിർദ്ദേശപ്രകാരം വീടിനെ രക്ഷിച്ചുകഴിഞ്ഞപ്പോഴേയ്ക്കും പ്രായം

www.malankaralibrary.com

അതിക്രമിച്ചുപോയ തോമസ് ഒരു വൈദികനാകാത്ത തന്റെ അദമ്യമായ ആഗ്രഹം ഉപേക്ഷിക്കുകയാണ് ചെയ്തത്.

വൈദികപട്ടങ്ങൾ സ്വീകരിച്ചിട്ടില്ലായെങ്കിലും, ഒരു വൈദികന ടുത്ത കൂദാശാനുഷ്ഠാനങ്ങൾ കൂടാത്ത, എല്ലാ പ്രേഷിത പ്രവർത്തന ങ്ങളിലും വ്യാപൃതനായിരുന്നു. വൈദികരുടെ അസാന്നിദ്ധ്യത്തിൽ പെരുന്നാൾ റാസയ്ക്കു മുമ്പിൽ കുരിശുമേന്തി റാസ നയിക്കുക തുടങ്ങിയ വലിയ കാര്യങ്ങൾക്ക് മടിക്കാറില്ലായിരുന്നു. കറ്റാനം, തിരുവല്ല, ആലുവ, തിരുവനന്തപുരം, കോട്ടയം, മുക്കംപാല, വെങ്ങോല, കർണ്ണാടകയിൽ സൗത്ത് കാനറാ പ്രദേശങ്ങളിലുള്ള ആശ്രമങ്ങൾ ഇവിടെയെല്ലാം പ്രൊക്യുറേറ്റർ ജോലിയോടൊപ്പം മിഷൻ പ്രവർത്തന ങ്ങളിലും ബ്രദർ ഏർപ്പെട്ടിരുന്നു. വീടുസന്ദർശനം, രോഗീസന്ദർശനം, കുടുംബപ്രാർത്ഥന, പൈശാചിക ശക്തികളെ ബന്ധിക്കൽ തുടങ്ങി ഒട്ടേറെ മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. ധാരാളം പ്രസിദ്ധീകരണങ്ങൾ വായിക്കാറുണ്ടായിരുന്ന ബ്രദർ നല്ലൊരു സുവിശേഷപ്രസംഗകൻ കൂടിയായിരുന്നു. ഇത്തരുണത്തിൽ ഒരു സംഭവം ഓർത്തുപോകുകയാണ്; ഒരിക്കൽ ഒരു പള്ളിയിൽ പെരുന്നാൾ പ്രസംഗം നടത്തുകയാണ് ബ്രദർ മാർട്ടിൻ. നിശ്ചയിക്കപ്പെട്ട സമയം ഏറെ മുന്നോട്ടു പോയിട്ടും പ്രസംഗം നിറുത്തുന്നില്ല. വികാരി ആംഗ്യം കാണിച്ചെങ്കിലും ബ്രദർ കൂട്ടാക്കിയില്ല; പ്രസംഗം തുടർന്നുകൊണ്ടി രുന്നു. സഹികെട്ട വികാരിയച്ചന് മറയിടേണ്ടിവന്നു. അപ്പോൾ ബ്രദർ മറയ്ക്കുള്ളിൽ നിന്ന് മൈക്കിലൂടെ വിളിച്ചു പറയുകയാണ്, "നിങ്ങൾ ക്കെന്നെ കാണാൻ വയ്യെങ്കിലും കേൾക്കാമല്ലൊ. ഞാൻ തുടരുകയാണ്." ബ്രദറിന്റെ പ്രേഷിത ചൈതന്യം കാണുന്നവർക്ക് ബോധ്യമാകും: ഇദ്ദേഹം ഒരു വൈദികനാകാൻ ആഗ്രഹിച്ചിരുന്ന ഒരു വ്യക്തിയായിരു ന്നെന്ന്.

മാർട്ടിൻ ബ്രദറിനെ ഒരു ഉത്തമ സന്യാസിയായിട്ടാണ് ഞങ്ങൾക്ക് കാണുവാൻ സാധിച്ചിട്ടുള്ളത്. പ്രാർത്ഥനയും പ്രവർത്തനവും ഒന്നിച്ചുകൊണ്ടു പോകുവാൻ ശ്രമിച്ച, ശ്രദ്ധിച്ച ഒരു യഥാർത്ഥ ബഥാനിയൻ ആശ്രമത്തിൽ ഒരമ്മയുടെ ജോലിത്തിരക്കുകളുണ്ടായി രുന്ന മാർട്ടിൻ ബ്രദർ സമയാസമയങ്ങളിലുള്ള പ്രാർത്ഥനകൾക്ക് മുടക്കം വരുത്തിയിരുന്നില്ല. നടക്കാൻ വയ്യാത്ത അവസ്ഥയായപ്പോൾ വീൽചെയറിൽ സ്വയമായോ, പരസഹായത്തോടോ ചാപ്പലിൽ കൃത്യ സമയത്ത് എത്തുവാൻ ബ്രദർ ശ്രദ്ധിച്ചിരുന്നു. ഇതുപോലുള്ള മുതിർന്ന

www.malankaralibrary.com

തലമുറയുടെ പ്രാർത്ഥന ചൈതന്യവും പ്രവർത്തനനിരതയും ഞങ്ങൾക്ക് എപ്പോഴും ഒരു മാതൃകയും വെല്ലുവിളിയുമായി നില്ക്കുന്നു. പാവങ്ങ ളോടുള്ള പക്ഷം ചേരൽ ഒരു ക്രിസ്തീയ മൂല്യമാണ് എന്ന് ബ്രദർ അറിഞ്ഞുകൊണ്ട് തന്നെ സ്വന്തം സ്വഭാവമാക്കിയിരുന്നു. ആശ്രമത്തിൽ ഇല്ലാത്ത കാലത്തും ഉള്ളത് ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ സുപ്പീരിയർ അച്ചന്മാരുടെ വലിയ അനുവാദമൊന്നും നോക്കി നിന്നിട്ടില്ല. "വാ,വാ, സുപ്പീരിയറച്ചനെ പിന്നെ കാണാം" എന്നു പറഞ്ഞു വിശക്കുന്നവന് കഴിക്കുവാനും, ദാഹിക്കുന്നവന് കുടിക്കു വാനും വിളിച്ചു കൊടുത്തു വിടുന്ന ഒരു വലിയ ഹൃദയത്തെയാണ് ഞങ്ങൾ മാർട്ടിൻ ബ്രദറിൽ കണ്ടിട്ടുള്ളത്. നമ്മളോരോരുത്തരും ബ്രദറിന്റെ ആതിഥേയത്വത്തിന്റെ മധുരം നുണഞ്ഞിട്ടുള്ളവരാണ്. ഉള്ളവരിൽനിന്ന് ചോദിച്ചുവാങ്ങി ഇല്ലാത്തവരുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുക ബ്രദറിന്റെ സ്വഭാവമായിരുന്നു.

സഭയോടും സഭാപിതാക്കന്മാരോടുമുള്ള ബ്രദറിന്റെ ആദരവും ബഹുമാനവും സ്നേഹവും ശ്രദ്ധേയമായിരുന്നു. പിതാക്കന്മാരേയും വൈദികരേയും കൈമുത്തി സ്വീകരിച്ച് ഭക്ഷണശാലയിൽ കൊണ്ടു പോയി സൽക്കരിക്കാറുണ്ടായിരുന്നു. ബഥനിയുടെ ജീവിത ശൈലികളിലൊന്നായ കായികാദ്ധ്വാനം ബ്രദറിന്റെ ജീവിതക്രമ മായിരുന്നു. പറമ്പിൽ കൃഷി ചെയ്ത് അന്നം നേടണമെന്നായിരുന്നു ബ്രദറിന്റെ പക്ഷം. ബഹുമാനപ്പെട്ട ബ്രദർ ജീവിതത്തിന്റെ അന്ത്യകാലത്ത് വളരെ ശാരീരിക വേദന അനുഭവിച്ചു. തന്റേയും നമ്മൾ ഓരോരുത്തരുടേയും പാപങ്ങൾക്കും പരിഹാരം ചെയ്തു. അങ്ങനേയും ഒരു ജീവിതം മുഴുവൻ നമുക്ക് നല്കിയിട്ടാണ് അദ്ദേഹം പോകുന്നത്. ഇതിൽ കൂടുതൽ ഒരു ബഥാനിയന് സമൂഹത്തിൽ എന്തു ചെയ്യാൻ കഴിയും? തന്റെ രോഗങ്ങളെക്കുറിച്ചോ, വേദനയെക്കുറിച്ചോ ഒരു പരാതിയും പറയുന്നത് കേട്ടിട്ടില്ല; എല്ലാം തമ്പുരാന് സമർപ്പിച്ച ജീവിതം. പള്ളികളിലും ചാപ്പലിലുകളിലും ധാരാളം പ്രാർത്ഥനകൾ ക്കും, കൊന്തനമസ്കാരത്തിനും ലീഡ് ചെയ്ത ബ്രദറിന് അവസാന ദിവസങ്ങളിൽ ഒരു നിയോഗംപോലെ ബ.അഗസ്റ്റിനച്ചന്റെ നേതൃത്വ ത്തിലുള്ള വല്യച്ചന്മാരുടെ പ്രാർത്ഥന ധാരാളം ലഭിച്ചു. ബ്രദറിന്റെ മുറിയിൽ നടത്തിയ പ്രാർത്ഥനകൾക്കും ജപമാലകൾക്കും ധാരാളമായ ദൈവകൃപ ബ്രദറിന് ലഭിച്ചിട്ടുണ്ട്.

www.malankaralibrary.com

രോഗം മൂർച്ഛിച്ചിട്ടുള്ള അവസരങ്ങളിൽ രോഗീലേപനം ബ്രദറിന് നല്കിയിട്ടുണ്ട്. കഴിച്ചുകൊണ്ടിരുന്ന പാനീയാഹാരംപോലും കഴിക്കാതെ വന്നപ്പോൾ മരണസമയമടുക്കുന്നു എന്ന് ഞങ്ങൾക്ക് അനുഭവപ്പെട്ടു. അവസാന ദിവസങ്ങളിൽ ബ്രദറിന്റെ കുടുബാംഗങ്ങളായ ബ.റോസ് മാത്യു ഡി.എം. സിസ്റ്ററും, ബ.സോണി സിസ്റ്ററും ഇവിടെ വന്ന് താമസിച്ച് ബ്രദറിനെ പ്രാർത്ഥിച്ച് ഒരുക്കിയിരുന്നു. സ്വന്തക്കാരനായ ശ്രീ.ജോയിയുടെ കുടുംബവുമായി വളരെ അടുപ്പമായിരുന്നു. അവർ ബ്രദറിനെ വല്ലാതങ്ങു സ്നേഹിച്ചുപോയി, ബ്രദർ തിരിച്ചും.

ഒക്ടോബർ 4-ാം തീയതി പെരിയ ബ.ജനറാളച്ചൻ ഉച്ചയോടെ വന്ന് ബ്രദറിനെ സന്ദർശിച്ച് പ്രാർത്ഥിച്ചുപോയതിനുശേഷം മണിക്കൂറുകൾക്കകം, 4 മണിയോടെ ബ.ബ്രദർ നമ്മെവിട്ട് തന്റെ സ്വന്തം സ്വർഗ്ഗീയ ഭവനത്തിലേക്ക് യാത്രയായി. “ഞാൻ നല്ല ഓട്ടം ഓടി, എന്റെ ഓട്ടം പൂർത്തിയാക്കി; തമ്പുരാൻ എനിക്കുവേണ്ടി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ കിരീടം ചൂടുവാൻ ഞാനിതാ പോകുന്നു” എന്ന് ബ്രദറിന്റെ ആത്മാവ് നമ്മോടു മന്ത്രിക്കുകയാണ്.

ഒരു നല്ല ബഥാനിയൻ വൈദികനായാലെന്താ, അവൈദിക നായാലെന്താ? സ്വർഗ്ഗീയ സമ്മാനംതന്നെ!

പോകും നമ്മൾ - നാഥൻ ഗേഹേ
ഉയരങ്ങളിലേ-ക്കാ-യ് ചിറകണിയും

സോദരനിവനെ - നാഥാ നീ നിൻ
സ്ലീബാചിറകാ-ൽ കാത്തീടണമേ

*സന്യാസികളുടെ ശവസംസ്കാര ശുശ്രൂഷാക്രമം, പേജ്, 63*

www.malankaralibrary.com

# ബഥാന്യൻ പ്രേഷിതദർശനത്തിന്റെ ശ്രേഷ്ഠോപാസകൻ

**ഫാ.ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.**

ഏതാണ്ട് 90 വർഷത്തിലധികം പിന്നിട്ട ബ. മാർട്ടിൻ ബ്രദറിന്റെ ധന്യജീവിതം ഇക്കഴിഞ്ഞ 4-ാം തീയതി വളരെ ശാന്തമായി നമ്മെ വിട്ടു കടന്നുപോയി. ബഥനി സന്യാസി സമൂഹാംഗങ്ങൾക്കും അദ്ദേഹവുമായി ബന്ധപ്പെട്ടിട്ടുള്ള നാനാജാതി മതസ്ഥരായ ജനങ്ങൾക്കും ഏറെ പ്രിയങ്കരനായ ഒരു സന്യാസസഹോദരനായിരുന്നു എല്ലാവരും സ്നേഹപൂർവ്വം വിളിക്കുന്ന "ബ്രദറച്ചൻ." തന്നെ ഏല്പിച്ച സമൂഹത്തിന്റെ വിവിധ ശുശ്രൂഷാമണ്ഡലങ്ങളിൽ അതീവ താല്പര്യത്തോടെ അദ്ദേഹം വ്യാപൃതനായിരുന്നു; ജീവിതാന്ത്യംവരെ. സമൂഹം തന്നെ ഏല്പിച്ച ജോലികൾ തികഞ്ഞ ആത്മാർത്ഥതയോടും ആത്മസമർപ്പണത്തോടും എന്നും എല്ലായിടത്തും ബ്രദർ നിർവ്വഹിച്ചിട്ടുണ്ട്. നമ്മുടെ വിവിധ ആശ്രമങ്ങളിൽ പ്രൊകു്യുറേറ്റർ ആയി ബ്രദർ നിസ്തുല സേവനം അനുഷ്ഠിച്ചു. മറ്റുള്ളവരെ വേണ്ട വിധം പരിചരിക്കുവാൻ അവരുടെ ആവശ്യങ്ങൾ ചോദിച്ചറിഞ്ഞും അതിലുപരി കണ്ടറിഞ്ഞും നിറവേറ്റിക്കൊടുക്കുവാൻ ബ്രദർ എപ്പോഴും ബദ്ധശ്രദ്ധനായിരുന്നു. പ്രായാധിക്യത്താൽ ചുമതകളിൽ നിന്നെല്ലാം വിരമിച്ച് വിശ്രമജീവിതം നയിക്കുന്ന കാലയളവിലും ആരെങ്കിലും ആശ്രമത്തിലേക്ക് കടന്നുവന്നാൽ അവരെ സൽക്കരിക്കുവാനും അവർക്കുവേണ്ട പരിചരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ബ്രദർ പ്രത്യേകം ശ്രദ്ധിച്ചു. ബഥനിയുടെ ലാളിത്യമാർന്ന അതിഥി സൽക്കാരത്തിന്റെ ഉദാത്തമായ, അനുകരണാഹർമായ മാതൃകയാണ് നമ്മുടെ പ്രിയ മാർട്ടിൻ ബ്രദർ.

ജീവിതത്തിന്റെ ദൃഢനിശ്ചയവും വ്യക്തമായ കാഴ്ചപ്പാടുകളും ബ്രദറിനുണ്ടായിരുന്നു. സന്യാസ സമർപ്പണത്തെപ്പറ്റി ആഴമേറിയതും ഉറച്ചതുമായ നിലപാടുകളും ഈ സന്യാസ സഹോദരനു സ്വന്തമായിരുന്നു. അതോടൊപ്പം അനുകൂലമോ പ്രതികൂലമോ ആയ ഏതു ജീവിത സാഹചര്യങ്ങളെയും ശാന്തമായും സൗമ്യമായും സമചിത്തതയോടും നേരിടുവാൻ ബ്രദറിനു സാധിച്ചു. ബഥനിയുടെ ലാളിത്യചൈതന്യം തന്റെ ജീവിതശൈലിയിലും അതിലുപരിയായി തന്റെ മനോഭാവത്തിലും അദ്ദേഹത്തിൽ ഏറെ വിളങ്ങിയിരുന്നു. അതിൽ നിന്നുളവാകുന്ന പുഞ്ചിരി തൂകുന്ന മുഖം മാർട്ടിൻ ബ്രദറിന്റെ മുഖമുദ്രയാണ്. വശ്യതയാർന്ന ആ മുഖഭാവം ആരും അത്രവേഗം മറക്കില്ല.

www.malankaralibrary.com

മാർട്ടിൻ ബ്രദറിന്റെ പ്രേഷിത ചൈതന്യവും തീക്ഷ്ണതയും ഏവരുടെയും പ്രത്യേക ശ്രദ്ധയാകർഷിക്കുന്ന സവിശേഷതകളാണ്. പ്രായപൂർത്തിയായ ശേഷമാണ് ഈ ദൈവവിളി അദ്ദേഹം സ്വീകരിച്ചതും ആശ്രമജീവിതത്തിലേക്ക് കടന്നു വന്നതും. നാലാഞ്ചിറയിലുള്ള ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ സമൂഹത്തിൽ ചേരാനാണ് വീടുവിട്ടിറങ്ങിയതും. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിലൂടെ ദൈവം അദ്ദേഹത്തെ ബഥനിയിലെത്തിക്കുകയായിരുന്നു. ഈ വസ്തുത ചിലപ്പോഴൊക്കെ ബ്രദർ ഉറക്കെ അനുസ്മരിക്കുമായിരുന്നു. ആശ്രമത്തിൽ ചേരുന്നതിനുമുൻപുതന്നെ തന്റെ മാതൃ ഇടവകയുടെ പ്രവർത്തനങ്ങളിൽ വളരെ സജീവമായി അദ്ദേഹം പങ്കെടുത്തിരുന്നു. പല വികാരി അച്ചന്മാരുടെയും സഹായിയായി പ്രവർത്തിച്ചിട്ടുണ്ട്. കുട്ടികളെ വേദോപദേശം പഠിപ്പിക്കുക, ആദ്യകുർബാനക്ക് ഒരുക്കുക മുതലായ ശുശ്രൂഷകൾ അദ്ദേഹം അന്നേ നിർവ്വഹിച്ചിരുന്നു. ഇക്കാര്യങ്ങളിൽ അദ്ദേഹത്തിന് അന്നുണ്ടായിരുന്ന അഭിരുചിയും അഭിനിവേശവും ഒരു സന്യാസ സഹോദരനായപ്പോഴേക്കും പതിന്മടങ്ങായി വർദ്ധിച്ചു. നമ്മുടെ കർത്താവിന്റെ വയലിൽ ഉത്തമനായ ഒരു വേലക്കാരനാവണം എന്നുള്ള തീക്ഷ്ണമായ അഭിവാഞ്ച ബ്രദറിനെ പ്രാപിച്ചു കളഞ്ഞു എന്നു തന്നെ പറയാം. അതിലൂടെ തന്റെ ജീവിതത്തിനർത്ഥവും അഭിമാനവും തന്റെ വിളിയുടെ പൂർണ്ണതയും കണ്ടെത്തുന്നതിൽ ഈ ബഥനി ആശ്രമസ്ഥന് സാധിച്ചു. ഒരു വൈദികനായില്ലെങ്കിലും വൈദികനടുത്ത എല്ലാ പ്രേഷിത ശുശ്രൂഷകളും കൂദാശാനുഷ്ഠാനങ്ങളൊഴികെ, വലിയ തീക്ഷ്ണതയോടെ നിർവ്വഹിക്കുവാൻ ലഭിച്ച ഒരവസരവും അദ്ദേഹം നഷ്ടപ്പെടുത്തിയിട്ടില്ലെന്നും അതിൽ നിന്നദ്ദേഹത്തെ ആർക്കും പിൻതിരിപ്പിക്കാനും കഴിഞ്ഞിട്ടില്ല.

താൻ നിയമിക്കപ്പെട്ടിരുന്ന ആശ്രമത്തിനടുത്തുള്ള ഇടവകപ്പള്ളികൾ കേന്ദ്രീകരിച്ചാണ് മാർട്ടിൻ ബ്രദർ സുവിശേഷപ്രചരണാർത്ഥമുള്ള തന്റെ പ്രവർത്തനങ്ങൾ നടത്തിപ്പോന്നിരുന്നത്. നമ്മുടെ കുഞ്ഞുങ്ങളാണ് സഭയുടെ ഭാവി തലമുറക്കാർ എന്നുള്ള യാഥാർത്ഥ്യം മനസ്സിൽ കണ്ടുകൊണ്ട് അവരുടെ വിശ്വാസപരിശീലനത്തിന് മാർട്ടിൻ ബ്രദർ പ്രത്യേക പ്രാധാന്യം നല്കിയത്. വേദോപദേശ ക്ലാസുകളിലൂടെ നമ്മുടെ കുട്ടികളെ വിശുദ്ധ ജീവിതത്തിലേക്കാകർഷിക്കുവാനും വിശ്വാസത്തിൽ പരിശീലിപ്പിക്കുവാനും പ്രബുദ്ധരാക്കുവാനും അദ്ദേഹം വളരെയധികം പരിശ്രമിച്ചു. അതുപോലെ ഇടവകകളിൽ ഭക്തസംഘടനകൾ സ്ഥാപിക്കാനും ആവേശ പ്രദമായി നടത്തിക്കൊണ്ടു പോകു

www.malankaralibrary.com

വാനും ആവശ്യമായ നേതൃത്വം നല്കി. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന യേശു ദൗത്യം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് തന്റെ ജീവിതത്തിലനുവർത്തിക്കാൻ മാർട്ടിൻ ബ്രദർ എപ്പോഴും പരിശ്രമിച്ചു. സുവിശേഷം പ്രസംഗിക്കുക, പ്രചരിപ്പിക്കുക എന്നതു ബ്രദറിന് വലിയ സന്തോഷവും ആത്മസംതൃപ്തിയും നല്കിയ കാര്യങ്ങളാണ്. ഞായറാഴ്ചകളിലും പെരുന്നാൾ ദിവസങ്ങളിലും പെരുന്നാൾ ആഘോഷവേളകളിലും നോമ്പുകാലത്തും ധ്യാന യോഗങ്ങളിലും ഭക്ത സംഘടനകളും യോഗങ്ങളിലും വാർഷികങ്ങളിലുമെല്ലാം അദ്ദേഹം സുവിശേഷപ്രസംഗങ്ങൾ നടത്താൻ ബ്രദർ പുസ്തകങ്ങളും ലേഖന ങ്ങളും വായിച്ച് നോട്ടുകളെടുത്ത് ശരിയായി ഒരുങ്ങുന്ന സ്വഭാവമുണ്ട്.

മാർട്ടിൻ ബ്രദറിന്റെ പ്രേഷിത പ്രവർത്തനങ്ങളുടെ മറ്റൊരു സുപ്രധാന മേഖലയാണ് ഭവന സന്ദർശനം. താൻ ജീവിച്ചിരുന്ന ആശ്രമത്തിന്റെ ചുറ്റുപാടുമുള്ളവരുമായി സൗഹൃദം പുലർത്തുവാനും അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കുവാനും അവർക്കുവേണ്ട ഉപദേശങ്ങൾ നല്കുവാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ബ്രദർ എപ്പോഴും താല്പര്യമുള്ളവനായിരുന്നു. ആരോഗ്യം മോശമായി വീൽചെയറിൽ പ്രവേശിക്കുന്നതുവരെയും ഈ ശുശ്രൂഷയിൽ അദ്ദേഹം സന്തോഷത്തോടെ വ്യാപൃതനായിരുന്നു. ഈ സന്ദർശനങ്ങളിലൂടെ അനേകം കത്തോലിക്കരെ വി.കുമ്പസാരത്തിനു പ്രേരിപ്പിക്കുകയും ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഭവന സന്ദർശനവേളയിൽ ഓരോ വീടിന്റെയും ആവശ്യമനുസരിച്ച് വേദപുസ്കം, പ്രർത്ഥനാപുസ്തകം, ജപമാല, കുരിശുരൂപം, വെന്തിങ്ങ മുതലായ ഭക്തസാധനങ്ങൾ അവർക്കു നല്കുന്ന പതിവുണ്ടായിരുന്നു. ആരെങ്കിലും നല്കുന്ന സംഭാവനകൾ പൊതുവെ ഇതിലേക്കാണ് വിനിയോഗിക്കുന്നത്. ഈ സന്ദർശനവേളകളിൽ വൃദ്ധരും രോഗികളും ദരിദ്രരും അംഗവിഹീനരും അശരണരുമായ ആളുകളോട് പ്രത്യേക താല്പര്യം കാണിച്ചിരുന്നു. അവർക്ക് സാധിക്കുന്ന സഹായങ്ങളെല്ലാം ചെയ്തുകൊടുക്കുന്നതിന് ശ്രമിച്ചിരുന്നു. ചിലപ്പോൾ പണക്കാരിൽ നിന്ന് സഹായം ചോദിച്ചു വാങ്ങി ഈ സാധുക്കളെ സഹായിച്ചു പോന്നു. അശരണരോടുള്ള ബ്രദറിന്റെ അനുകമ്പയും മകുടോദാഹരണമാണ് തിരുവല്ല ആശ്രമത്തോടു ചേർന്ന ജീവൻ ജ്യോതിയിലെ അന്തേവാസികളുമാ യുള്ള ബ്രദറിന്റെ പ്രത്യേക അടുപ്പം. ആരോഗ്യം അനുവദിച്ചിരുന്നിട

www.malankaralibrary.com

ത്തോളംകാലം മാർട്ടിൻ ബ്രദർ എല്ലാ ദിവസവും ഒരു പ്രാവശ്യമെങ്കിലും അവിടെ പോവുകയും അവരോടൊപ്പം സമയം ചിലവഴിക്കുകയും വൈകിട്ട് 6.00 മണിക്കുള്ള അവരുടെ പ്രാർത്ഥനയ്ക്കു നേതൃത്വം നല്കുകയും ചെയ്തുപോന്നു. അവരെ ഓരോരുത്തരെയും മാർട്ടിൻ ബ്രദറിനു വ്യക്തിപരമായി അറിയാമായിരുന്നു.

മാർട്ടിൻ ബ്രദർ എല്ലാറ്റിനുമുപരി പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു. ആശ്രമത്തിലെ പൊതുപ്രാർത്ഥനകൾ, ധ്യാനം, വി.കുർബാന മറ്റ് ആത്മീയകൃത്യങ്ങൾ ഇവയിലെല്ലാം മുടക്കം വരുത്താതെ കൃത്യമായി പങ്കുചേർന്നിരുന്നു. പ.ദൈവമാതാവിനോടു ബ്രദറിന് അതിരറ്റു ഭക്തിയുള്ള ആളായിരുന്നു. ദിവസവും ജപമാല ചൊല്ലുവാൻ ശ്രദ്ധിച്ചിരുന്നു. ആശ്രമത്തിലെ മാതാവിനോടുള്ള പൊതു നൊവേന പ്രാർത്ഥനയ്ക്ക് ബ്രദറാണ് നേതൃത്വം നല്കിയിരുന്നതും മുടക്കം കൂടാതെ മുന്നോട്ടു കൊണ്ടുപോയിരുന്നതും. മാർട്ടിൻ ബ്രദറിന്റെ പ്രാർത്ഥനാസഹായം അഭ്യർത്ഥിച്ചുകൊണ്ട് ധാരാളംപേർ അവരുടെ ആവശ്യങ്ങളും നിയോഗങ്ങളുമായി അദ്ദേഹത്തെ സമീപിച്ചു. അവരുടെയെല്ലാം തലയിൽ കൈവച്ചദ്ദേഹം പ്രാർത്ഥിച്ചു. അവർ ആ പ്രാർത്ഥനയുടെ ശക്തി അനുഭവിച്ചറിയുകയും അതിന്റെ ഫലങ്ങൾ അവർക്കു ലഭിക്കുകയും ചെയ്തിരുന്നു. ചിലയാളുകൾ അവരുടെ വീടുകളിലെ വ്യാധികൾ ഒഴിപ്പിക്കുവാനും ക്ഷേമൈശ്വര്യങ്ങൾക്കായി പ്രാർത്ഥിക്കുവാനും ബ്രദറിനെ വീടുകളിൽ വന്നു കൊണ്ടുപോകുന്ന പതിവും ഉണ്ടായിരുന്നു.

ഈ പ്രേഷിത പ്രവർത്തനങ്ങളിലെല്ലാം വ്യാപൃതനാകുമ്പോഴും ഈ ശ്രേഷ്ഠനായ സന്യാസ സഹോദരൻ തന്റെ സന്യാസാരൂപിക്കോ നിഷ്ഠാപരമായ ജീവിതത്തിനോ യാതൊരു ഭംഗവും വരുത്തുവാൻ അനുവദിച്ചില്ല. “നമ്മുടെ സന്യാസജീവിതം മുഴുവനും പ്രേഷിത ചൈതന്യത്താലും നമ്മുടെ പ്രേഷിതജീവിതം സന്യാസ ചൈതന്യത്താലും നിറഞ്ഞിരിക്കുന്നു” (H.R. 203) എന്ന സമൂഹനിയമം അനുശാസിക്കുന്ന മഹത്തായ ആദർശം തന്റെ ജീവിതത്തിൽ വിട്ടുവീഴ്ചയില്ലാതെ ഉൾക്കൊള്ളാൻ ശ്രമിച്ച ധന്യനായ ഒരു ബഥാന്യനായിരുന്നു മാർട്ടിൻ ബ്രദർ. തീക്ഷ്ണമതിയായ ഈ ജ്യേഷ്ഠസഹോദരന്റെ പാവന സ്മരണയ്ക്കുമുമ്പിൽ പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

www.malankaralibrary.com

# പേരപ്പനച്ചനും, ബഥനിയും; ഒരനുസ്മരണം

**സി.റോസ് മാത്യു ഡി.എം.**

"ദിവ്യജ്ഞാനമാകുന്ന സന്യാസം, പുണ്യപൂർണ്ണതയാകുന്ന നീതി ഇവ ആര് ആഗ്രഹിക്കുന്നുവോ അവർ ദൈവത്തിന് ഏറ്റവും പ്രിയരും വാത്സല്യഭാജനവുമാകുന്നു. ഭൂമിയിൽ മാലാഖമാരുടെ പ്രവൃത്തികൾ ചെയ്ത് അവർ ജീവിക്കുന്നു." ദൈവത്തിന് ഏറ്റവും വാത്സല്യഭാജനമായിരുന്ന്, പിതാവായ ദൈവം ദാനമായി നല്കിയ ജീവിതം സന്തോഷപൂർവ്വം ഏറ്റുവാങ്ങി, ഭൂമിയിൽ മാലാഖമാരുടെ പ്രവൃത്തികൾ ചെയ്ത് ജീവിച്ച് നിത്യസമ്മാനത്തിനായി ദൈവ സന്നിധി യിലേക്ക് യാത്രയായ എന്റെ പേരപ്പന് ആയിരം ആദരാഞ്ജലികൾ...

ആഴമായ പ്രാർത്ഥനാചൈതന്യവും, കുടുംബാരൂപിയും, സഹോദരസ്നേഹവും കൈമുതലാക്കി ആ ചെറിയ ശരീരത്തിനുള്ളിൽ ഒരു വലിയ ഹൃദയവും പേറി എല്ലാവരേയും സ്നേഹിച്ച്, സേവിച്ച് കടന്നുപോയ മാർട്ടിൻ ബ്രദർ. തന്നോടുതന്നെ കാർക്കശ്യവും മറ്റുള്ളവരോട് ഔദാര്യവും കാണിച്ച് സമൂഹത്തിന്റെ നിയമങ്ങൾ അണുവിട വ്യത്യാസമില്ലാതെ അനുസരിച്ച് ഒന്നിലും പരാതിയോ, പരിഭവമോ ഇല്ലാതെ, പേരപ്പന്റെ ജീവിതത്തിലുടനീളം തെളിഞ്ഞു നിന്നിരുന്ന ഒരു നല്ല സന്യാസിയുടെ ജീവിതശൈലി എന്നെ വളരെയധികം ആകർഷിച്ചിട്ടുണ്ട്.

സാധാരണക്കാരിൽ സാധാരണക്കാരന്റെ സുവിശേഷം ആയിരുന്നു എന്റെ പേരപ്പൻ എന്നതിൽ എനിക്കഭിമാനമുണ്ട്. വലിയ പണ്ഡിതനോ, പ്രഗത്ഭനോ ഒന്നും ആയിരുന്നില്ലെങ്കിലും പാവങ്ങളുടെ ഇടയിൽ, വെറും ലാളിത്യത്തിന്റെ മുഖമായിരുന്ന് തന്റെ നിഷ്കളങ്ക പ്രാർത്ഥനയിലൂടെ ഏവർക്കും അനുഗ്രഹവും നന്മയും ചൊരിഞ്ഞ് കടന്നുപോയ ഒരു ധീരമിഷനറി. ജാതിമതഭേദമെന്യേ, പണ്ഡിതപാമര ഭേദമെന്യേ, സ്ത്രീപുരുഷഭേദമെന്യേ, വർഗ്ഗവർണ്ണഭേദമെന്യേ ഏവരോടും ഇടപെടുവാനും, കുശലപ്രശ്നങ്ങൾ നടത്തുവാനും ഏവർക്കും സ്നേഹസേവനങ്ങൾ കാഴ്ചവെയ്ക്കുവാനുമുള്ള

www.malankaralibrary.com

പേരപ്പന്റെ ഹൃദയവിശാലത മക്കളായ ഞങ്ങൾക്ക് തികച്ചും ആദരണീയവും, അനുകരണീയവുമാണ്.

കുഞ്ഞുന്നാളിലേ ഞങ്ങളുടെ എല്ലാം മനസ്സിൽ പതിഞ്ഞ ബഥനിയുടെ ആൾരൂപമായിരുന്നു എന്റെ പേരപ്പൻ. യഥാർത്ഥ സഹോദര സ്നേഹത്തിന്റെ മാതൃക. അന്ന് ടെലിഫോൺ സൗകര്യമൊന്നുമല്ലാതിരുന്ന കാലത്ത് ഞങ്ങളുടെ ചാച്ചനോ, കുഞ്ഞുങ്ങളായ ഞങ്ങളോ പേരപ്പനെ കാണുവാൻ ആഗ്രഹിക്കുന്ന സമയങ്ങളിൽ തന്നെ പേരപ്പൻ വീട്ടിൽ എത്തുമായിരുന്നു. വീട്ടിൽ എന്തെങ്കിലും കാര്യങ്ങൾ വരുമ്പോൾ ചാച്ചൻ പറയും "തൊമ്മച്ചായൻ വരട്ടെ എന്നിട്ട് തീരുമാനിക്കാം" എന്ന്. പേരപ്പൻ വീട്ടിൽ വന്നാൽ പ്രോഗ്രസ് കാർഡിലും മറ്റും ഒപ്പിടാൻ വലിയ ഗമയിൽ പേരപ്പനേയും കൂട്ടി സ്കൂളിലേക്ക് പോകുമായിരുന്നു. പേരപ്പൻ മുമ്പിൽ വച്ച് സിസ്റ്റർ അധികം വഴക്കു പറയില്ലായിരുന്നു. രാവിലെ വി.കുർബാന കഴിഞ്ഞ് എവിടെ ഒക്കെ പോകാമോ അവിടെ എല്ലാം കയറി, ഓരോരുത്തരേയും വ്യക്തിപരമായ കണ്ട്, സംസാരിച്ച്, പ്രാർത്ഥിച്ച് ഓരോ ജപമാലയും, കാശുരൂപവും നല്കി വീട്ടിൽ എത്തുമ്പോൾ അക്ഷമനായി ഇരിക്കുന്ന ചാച്ചനെ കാണാം. പിന്നീട് അവരുടെ ലോകമായിരുന്നു.

രാത്രിയെന്നോ, പകലെന്നോ വ്യത്യാസമില്ലാതെ പ്രാർത്ഥനയും, ഷെയറിംഗും ആയി സമയം ചിലവഴിക്കും. അതിനിടെ കുഞ്ഞുങ്ങളായ ഞങ്ങൾ നുഴഞ്ഞുകയറും. പേരപ്പന്റെ കഥകൾ കേൾക്കാൻ. ഒത്തിരി കഥകൾ അഭിനയിച്ചും പറഞ്ഞും ഒക്കെ തരുമായിരുന്നു. അന്ന് അതെനിക്ക് കഥകൾ ആയിരുന്നെങ്കിലും പിന്നീട് കർണാടകയിൽ ഞാൻ ജോലി ചെയ്യാൻ തുടങ്ങിയപ്പോളാണ് എനിക്ക് മനസിലായത് അത് ഓരോന്നും ഓരോ കുടുംബങ്ങളുടെ ചരിത്രമായിരുന്നു എന്ന്. അതിനാൽ തന്നെ അതെല്ലാം എന്റെ മിഷനറി ജീവിതത്തിൽ ആളുകളെ മനസിലാക്കി ഇടപെടുവാൻ വളരെയധികം സഹായിപ്പിച്ചിട്ടുണ്ട്. ഒരിക്കൽപോലും സംസാരത്തിനിടയിൽ ആരുടെയും, കുറ്റമോ, കുറവോ പറഞ്ഞു കേട്ടിട്ടില്ല.

സന്യാസജീവിതത്തിന്റെ ആദ്യനാളുകളിൽ എന്തെങ്കിലും വിഷമങ്ങൾ ഉണ്ടെങ്കിൽ പേരപ്പനെ വിളിക്കുമ്പോൾ എന്റെ സ്വരം ഒന്നു മാറി എന്നു മനസിലായാൽ ഉടനെ സുപ്പീര്യറിനോടു ചോദിച്ച് പേരപ്പൻ ആയിരിക്കുന്നിടത്തേക്ക് കൊണ്ടുപോയി രണ്ടു ദിവസം അവിടെ

www.malankaralibrary.com

താമസിപ്പിച്ച് Relax ആയതിനുശേഷം തിരിച്ചുപോകുന്ന അനുഭവങ്ങളും എന്റെ ജീവിതത്തിലുണ്ട്. പേരപ്പന്റെ കാലാകാലങ്ങളിലുള്ള സുപ്പീരേ്യഴ്സ് ഞങ്ങളെ അറിഞ്ഞ് കരുതിയിട്ടുമുണ്ട്.

എന്റെ നന്മകളിൽ എന്നെ പ്രോത്സാഹിപ്പിക്കുകയും എന്റെ പ്രതികൂല സഹാചര്യങ്ങളിൽ എനിക്ക് താങ്ങും തണലുമായിരുന്ന് എന്റെ സന്യാസജീവിതത്തിൽ ഉറച്ച ബോധ്യത്തോടെ ഞാൻ ഇന്ന് ആയിരിക്കുവാൻ കാരണവും ബഥനിയാണ്. സത്യത്തിൽ ഞാൻ ബഥനിയുടെ ഒരു സംഭാവനയാണെന്നതിൽ സംശയമില്ല. ബഥനി പേരപ്പനോടു കാണിച്ച അത്ര സ്നേഹവും കരുതലും തന്നെയാണ് എനിക്കും നല്കിയത്. എവിടെയാണെങ്കിലും രണ്ടുമാസം കൂടുമ്പോഴെങ്കിലും ബഥനിയിൽ എത്തിയില്ലെങ്കിൽ ഒരു വേദനയായിരുന്നു. കാത്തിരിക്കുന്ന സ്നേഹത്തിന്റെ മുഖങ്ങളും ബഥനിയാകുന്ന തറവാടും ആവും മനസിൽ. ജൂബിലി നിറവിൽ എന്റെ പേരപ്പൻ സ്വർഗ്ഗത്തിലിരുന്ന് സന്തോഷിക്കുന്നുണ്ടാവും. ബഥനിക്ക് അഭിമാനിക്കാവുന്ന നിമിഷങ്ങളാണ് ഇത്. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിങ്ങൾ അറിഞ്ഞോ, അറിയാതെയോ എന്നെപ്പോലെ അനേകായിരങ്ങളെ വാർത്തെടുത്തിട്ടുണ്ട് എന്നതിൽ യാതൊരു സംശയവുമില്ല.

ഓരോ ബഥാനിയനും നിർമ്മല സ്നേഹത്തിന്റെയും, ലാളിത്യത്തിന്റെയും, കരുതലിന്റെയും പ്രതിഫലനമാണ്. അനുകൂലമോ, പ്രതികൂലമോ ആകുന്ന ഏതു സാഹചര്യത്തിലും പ്രതിഫലം ഇച്ഛിക്കാതെ, പരിധി വയ്ക്കാതെ ഇറങ്ങി പുറപ്പെടുന്ന നല്ല ഇടയന്മാരായാണ് എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്. ഇവിടെ എന്റെ പേരപ്പനും ഭാഗമായതിൽ ഞാൻ സന്തോഷിക്കുന്നു. അഭിമാനിക്കുന്നു.

കാലാകാലങ്ങളിൽ ബഥനി സമൂഹത്തെ നയിച്ച ബഹുമാനപ്പെട്ട ജനറാളച്ചന്മാരും, ബഹു.പ്രൊവിൻഷ്യാൾസിനോടും, പേരപ്പനായിരുന്ന കമ്മ്യൂണിറ്റിയിലെ സുപ്പീരേ്യഴ്സിനോടും, വളരെ പ്രത്യേകമായി പേരപ്പൻ തീരെ വയ്യാതായപ്പോൾ മുതൽ ബഥനി ദയറായിലെ സുപ്പീരേ്യഴ്സിനോടും (ബഹു.അനിയച്ചൻ, ബഹു.വില്യം നെടുമ്പുറത്തച്ചൻ, ബഹു.മത്തായിയച്ചൻ) കൊച്ചച്ചന്മാരായി എന്തും, ഏതും ചെയ്യാൻ തയ്യാറായ ബഹു.ജോൺ അച്ചൻ, ബഹു. ജോബി അച്ചൻ എന്നിവരോടും സമൂഹത്തിലെ പ്രാർത്ഥനകൊണ്ടും, സഹോദരസ്നേഹം കൊണ്ടും കരുതിയ എന്റെ വല്യച്ചന്മാരോടും, പേരപ്പനെ

www.malankaralibrary.com

രാപ്പകൽ ശുശ്രൂഷിച്ച ഞങ്ങളുടെ പ്രിയ സഹോദരൻ പ്രശാന്തിനോടും ഉള്ള ആത്മാർത്ഥമായ സ്നേഹവും, നന്ദിയും ഞാൻ അറിയിക്കുന്നു. അതുപോലെ തന്നെ പേരപ്പനെ ശുശ്രൂഷിച്ച, സ്നേഹിച്ച ബഹു.ബഥനി സിസ്റ്റേഴ്സിനോടും, ബഹു. ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സിനോടും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

എന്റെ പേരപ്പൻ നിത്യതയിലിരുന്ന് എല്ലാവർക്കുംവേണ്ടി മാദ്ധ്യസ്ഥം വഹിക്കും. അനുഗ്രഹങ്ങൾ ചൊരിയും എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. പേരപ്പന്റെ സ്വർഗ്ഗീയ മാദ്ധ്യസ്ഥം, മക്കൾ എന്ന് അഭിമാനിക്കാൻ ഭാഗ്യം ലഭിച്ച ഞങ്ങളുടെ ജീവിത വഴിത്താരകളിൽ വെളിച്ചം വീശട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും, ആ പാവനാത്മാവിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും, നല്ല ദൈവം എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ.

❖ ❖ ❖

സ്വ-ന്ത ദേഹത്തെ അവഗണിച്ചു - അവർ സ്വയമേ
സ്വ-ന്ത നാടിനെയും വീടിനെയും - ഉപേക്ഷിച്ചു
നിൻ വിലയേറും രക്തത്താലെ
സമ്പാദിച്ചതായ വിവേകമതാൽ
തങ്ങൾക്കാ-യല്ലാതെ നിനക്കായ-വർ ജീവിച്ചു

ഇ-തിനെല്ലാമേ പ്രതിഫലമാ-യ് നാഥാ നീ
നിൻ-അതിബഹുല-മതാം കാരു-ണ്യത്തിന്റെ
സമ്പൽ സ-മൃദ്ധിയുള്ളതിൽ നിന്റെ
ശുദ്ധൻമാരായുള്ളോർക്കൊപ്പം
ബഹുമതിയാ-യിവർക്കേകീ-ടണേ നൽ - വിശ്രമവും

*സന്യാസികളുടെ ശവസംസ്കാരശുശ്രൂഷാക്രമം*
*പേജ്, 47*

www.malankaralibrary.com

# കഥയില്ലാത്തച്ചന്റെ കഥ ഓർമ്മയായി

ബ്രദർ ജോൺ ബർക്കുമൻസ് ചൂരക്കുഴിയിൽ ഒ.ഐ.സി.

"എനിയ്ക്കായി നീതിയുടെ കിരീടം ഒരിക്കിയിരിക്കുന്നു
നീതിപൂർവ്വം വിധിക്കുന്ന കർത്താവ്, ആ ദിവസം
അത് എനിക്ക് സമ്മാനിക്കും" (2 തിമോത്തേയോസ്)

"നീതിമാന്റെ മരണം ഉറക്കംപോലെയാണ്. ബഹുമാനപ്പെട്ട മാർട്ടിൻ ബ്രദറിന്റെ മരണത്തെക്കുറിച്ച് ഓർക്കുമ്പോൾ ഈ വരികളാണ് നമ്മുടെ മനോമുഖരങ്ങളിൽ ഓടിയെത്തുക. 90 വർഷത്തെ സുദീർഘമായ അനുഭവസമ്പത്തിൽ നിറഞ്ഞ ഒരു വിശുദ്ധജീവിതം, ഒരു മിന്നാമിനുങ്ങിന്റെ പ്രകാശവേഗതയിൽ ശാന്തമായി കടന്നുപോയി. തന്റെ വാർദ്ധക്യകാലത്തും സമൂഹത്തിനകത്തു മാത്രമല്ല സമൂഹത്തിനു പുറത്തും അനേകായിരങ്ങൾക്ക് ബ്രദറിന്റെ വിനയാന്വിതമായ ജീവിതവും ശുശ്രൂഷയും ബലം പകർന്നു എന്നുള്ളത് വസ്തുതയാണ്. യേശുവിന്റെ തിരുഹൃദയത്തോട് ചേർത്തുവച്ച തന്റെ ജീവിതവും, സേവനവും, സഹനവും, സന്യാസജീവിതത്തിന്റെ കാതലായ അനുഭവങ്ങളാകുന്നു.

ഒരു സന്യാസി എന്ന നിലയിൽ തന്റെ സന്യാസജീവിതത്തിനും അതോടൊപ്പം മിഷൻ പ്രവർത്തനരംഗങ്ങളിലും കാലോചിതമായ മാനം കണ്ടെത്തിയ ഒരു സാധകനായിരുന്നു നമ്മിൽ നിന്നും വാങ്ങിപ്പോയ ബഹു.സാധു മാർട്ടിൻ. അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ ശുശ്രൂഷകളും നിശബ്ദസേവനങ്ങളും ഈ കാലഘട്ടത്തിൽ പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. ഒരു ബഥാന്യൻ സന്യാസിക്ക് സഭയിലെ അജപാലന ശുശ്രൂഷ ദൈവത്തിനും ദൈവജനത്തിനും വേണ്ടിയുള്ള ആത്മാർപ്പണ വേദികളാക്കി മാറ്റി എന്നതിൽ തർക്കമില്ല. നടന്നും, സൈക്കിൾ ചവിട്ടിയും, വിശന്നും, ദാഹിച്ചും, അക്കാലത്ത് നടത്തിയ തന്റെ ശുശ്രൂഷ ഏറ്റം സ്തുത്യർഹമായി നിറവേറ്റുന്നതിൽ അദ്ദേഹം കാണിച്ച തീക്ഷ്ണമായ ചാരുത എടുത്തു പറയത്തക്കവയാണ്. മനുഷ്യനെ അവന്റെ സമഗ്രതയിൽ വീക്ഷിക്കുകയും സ്വീകരിക്കുകയും ചെയ്ത അദ്ദേഹം നിറഞ്ഞുനിന്ന ദൈവസ്നേഹത്തിനുടമയായിരുന്നു എന്നതായിരുന്നു അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടെയും ശക്തിസ്രോതസ്സ്. സന്യാസത്തിന്റെ മൂശയിൽ സ്ഫുടംചെയ്ത് പാകപ്പെടുത്തിയ ആ

www.malankaralibrary.com

പ്രാർത്ഥനാജീവിതം ഏവർക്കും മാതൃകയും പ്രചോദനവുമായിരുന്നു. "നീ പ്രാർത്ഥിക്കുമ്പോൾ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്നുപറഞ്ഞ് അവിടുന്ന് മറുപടി തരും" (ഏശയ്യാ 58:9). നാനാജാതി മതസ്ഥരായ ആളുകളോടുമുള്ള എളിമയോടെയുള്ള അദ്ദേഹത്തിന്റെ പെരുമാറ്റവും സാന്നിദ്ധ്യവും ഒരു ബഥാന്യന്റെ കടന്നുവരവിന് ആക്കം കൂട്ടി എന്നുള്ളത് അദ്ദേഹത്തെ അടുത്തറിഞ്ഞവർ നിസ്സംശയം പറയുന്നതാണ്. "മകനെ, സൗമ്യതയോടുകൂടി കർത്തവ്യങ്ങൾ അനുഷ്ഠിക്കുക. ദൈവത്തിന് അഭിമതരായവർ നിന്നെ സ്നേഹിക്കുകയും നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക. അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും. കർത്താവിന്റെ ശക്തി വലുതാണ്. വിനീതർ അവിടുത്തെ മഹത്വപ്പെടുത്തുന്നു" (പ്രഭാ 3:17-19). ഈദൃശ്യസവിശേഷതകളാൽ അദ്ദേഹം തന്റെ ജീവിതത്തിന് സാക്ഷ്യമേകി എന്നുള്ളത് അദ്ദേഹത്തിന്റെ അർപ്പണ ജീവിതത്തിന്റെ മാഹാത്മ്യം.

**ജനനം, ബാല്യം, വിദ്യാഭ്യാസം**

പാലായ്ക്കടുത്ത് പ്രവിത്താനത്ത് വൈമറ്റം കുടുംബത്തിൽ ജോസഫ്-മറിയം ദമ്പതികളുടെ മകനായി 9-11-1928 നവംബർ 9-ാം തീയതി ജനിച്ച് 20-11-1928 സെന്റ് ഡൊമിനിക് ചർച്ച് കാഞ്ഞിരപ്പള്ളിയിൽ വച്ച് 'തോമസ്' എന്ന മാമോദീസാനാമം സ്വീകരിച്ച് വളർന്നുവന്ന ബാലനായ തോമസ്, പ്രൈമറി, യു.പി.സ്കൂൾ പഠനം പ്രവിത്താനത്തു തന്നെ നടത്തി. 12-12-1941-ൽ സെന്റ് ഇഗ്നേഷ്യസ് ചർച്ച് ചിറക്കടവിൽ വച്ച് പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജെയിംസ് കാളാശ്ശേരിയിൽ നിന്നും സ്ഥൈര്യലേപനം സ്വീകരിച്ച തോമസ് മാതാപിതാക്കളോടൊപ്പം പാലായിൽ നിന്നും മാതാപിതാക്കളുടെ ജോലി സംബന്ധമായ കാര്യങ്ങൾക്കായി അഞ്ചലടുത്തുള്ള ഏലൂരിൽ താമസമാക്കി. തുടർന്ന് അദ്ദേഹത്തിന്റെ വിദ്യാഭ്യാസം BVMM ഹൈസ്കൂൾ ചേനപ്പടിയിൽ തുടർന്നു. ഈ കാലയളവിൽ അദ്ദേഹം മാതാപിതാക്കളെ സഹായിച്ചുകൊണ്ട് സ്വഭവനത്തിൽ കഴിഞ്ഞു. തോമസിന്റെ അത്മായ പ്രേഷിത പ്രവർത്തനം സഭാമക്കളുടെ ഇടയിലും തിരുവനന്തപുരം രൂപതാധികൃതരുടെ മനസ്സിലും തീക്ഷ്ണമതിയായ ഒരു പ്രേഷിതന്റെ പരിവേഷം ചാർത്തപ്പെട്ടു. വേദപാഠക്ലാസുകൾ പഠിപ്പിക്കൽ, കലാകായിക വിനോദങ്ങൾ സംഘടിപ്പിക്കുക എന്നിവയാൽ തന്റെ കഴിവുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു

www.malankaralibrary.com

സഭാപ്രവർത്തനത്തിന് കളമൊരുക്കി. തോമസിന്റെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കിയ പള്ളി അധികൃതർ മിഷൻ രംഗങ്ങളിൽ അദ്ദേഹത്തിന് അവസരങ്ങൾ ഒരുക്കികൊടുത്തു.

തീക്ഷ്ണമതിയായ ഒരു അത്മായന്റെ ആത്മാർത്ഥമായ പ്രവർത്തനം നടത്തിയ തോമസ് രൂപതാതലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടു. സഭാസമൂഹത്തിന്റെ ഈ ഊഷ്മളബന്ധം വരുംകാലങ്ങളിൽ വി.ജെ. തോമസിനെ ബഥനി സന്യാസിസമൂഹത്തിലേക്കുള്ള വിളിക്ക് അനായാസം ദൈവപ്രാപ്തനാക്കി. അങ്ങനെ ജീവിതത്തിന്റെ വിവിധ മേഖലയിലൂടെ കടന്നുവന്ന തോമസ് 27-05-1963-ൽ നാലാഞ്ചിറയിലുള്ള ബഥനി ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ചു. തുടർന്ന് 14-05-1964-ൽ അദ്ദേഹം നവസന്യാസ പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെടുകയും വിജയപ്രദമായി അതു പൂർത്തീകരിക്കുകയും ചെയ്തു. 15-11-1965-ൽ തന്റെ ആദ്യവ്രതാനുഷ്ഠാനം നടത്തി മാർട്ടിൻ എന്ന സന്യാസനാമം സ്വീകരിക്കുകയുണ്ടായി. തുടർന്ന് അദ്ദേഹത്തെ വിവിധ മേഖലകളിലേക്ക് അയച്ചുകൊണ്ട് പ്രവർത്തനസജ്ജനാക്കി. അദ്ദേഹത്തിന്റെ പ്രവർത്തനവും പഠനവും തനിക്കു ലഭിച്ച സന്യാസ ദർശനത്തിന്റെ കറതീർന്ന അനുഷ്ഠാനകനാക്കി തീർത്തു എന്നുള്ളത് വസ്തുതയാണ്. പ്രവർത്തനമേഖലകളിൽ അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യം എന്നും സന്തോഷം പകരുന്നവയാണ്. തന്റെ വ്രതബദ്ധ ജീവിതത്തെ 15-11-1968-ൽ ഏറ്റം ഭംഗിയായി നവീകരിച്ചുകൊണ്ട് തനിക്കു ലഭിച്ച സന്യാസ വിളിയെ പരിപോഷിപ്പിക്കുന്ന താപസ ജീവിതത്തിന് അദ്ദേഹം തന്നെതന്നെ ഒരുക്കിക്കൊണ്ട് കോട്ടയം ബഥനി ആശ്രമ ചാപ്പലിൽവച്ച് 14-11-1971-ൽ തന്റെ നിത്യസന്യാസ വ്രതസമർപ്പണം നടത്തി. തുടർന്നുള്ള അദ്ദേഹത്തിന്റെ പ്രവർത്തന മേഖലകൾ വളരെ വിശാലവും പ്രയാസമേറിയതുമായിരുന്നു. എങ്കിലും തന്റെ പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും ബലം എന്നും അദ്ദേഹത്തിനു ശക്തി പകർന്നിരുന്നു. തിരുവല്ല, തിരുവനന്തപുരം, കറ്റാനം, ചുനക്കര, മുക്കംപാല, വെങ്ങോല, ആലുവ, ദക്ഷിണ കർണ്ണാടക എന്നീ മേഖലകളിൽ അദ്ദേഹം സ്തുത്യർഹമായ സേവനം നടത്തുകയുണ്ടായി.

**പ്രാർത്ഥനയുടെ മനുഷ്യൻ**

ആശ്രമത്തിലെ യാമനമസ്കാരങ്ങളിൽ കൃത്യതയോടെ പങ്കെടുത്തിരുന്ന പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന അദ്ദേഹം,

www.malankaralibrary.com

ബഥനിയുടെ ആത്മാവ് തന്നെയായിരുന്നു എന്നു പറയുന്നത് അധിക മാവില്ല. ആയിരുന്ന ഇടങ്ങളിൽ എല്ലാം മനുഷ്യരുടെ ആദ്ധ്യാത്മിക നവീകരണത്തിനായി അഹോരാത്രം യത്നിച്ചു. ലളിതമായ ജീവിത ശൈലിയും, സ്നേഹത്തിന്റെ വശ്യതയാർന്ന പെരുമാറ്റവും എളിമ യോടുള്ള പ്രവർത്തനങ്ങളും, വാത്സല്യപൂർണ്ണമായ പരിചരണവും, തന്റെ ജീവിതത്തിൽ കാത്തുസൂക്ഷിച്ച മഹാനുഭാവനായിരുന്നു ഈ ബഥാന്യൻ. അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം എന്നും വിട്ടുകൊടു ക്കലിന്റെയും ആർജ്ജിക്കലിന്റെയും, ഹൃദയപരമാർത്ഥതയുടെയും, അനുഭവങ്ങളായിട്ടായിരുന്നു നിഴലിച്ചു നിന്നിരുന്നത്. ദൈവസ്നേഹ ത്തിന്റെയും സേവനത്തിന്റെയും പരമമായ അർത്ഥതലങ്ങൾ ജീവിതത്തിലുടനീളം സ്വായത്തമാക്കിക്കൊണ്ട് ദൈവമഹത്വത്തിനായി തന്റെ പ്രവർത്തനമേഖലകൾ സജ്ജമാക്കിയ ഒരു സന്യാസിയായിരുന്നു ബഹു. സാധു മാർട്ടിൻ. യേശുവിന്റെ കരുണാർദ്രമായ സ്നേഹ സ്പർശനം ഈ സന്യാസിയുടെ ജീവിതത്തെ കരുണയുടെ മുഖമാക്കി മാറ്റി എന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതത്തിന്റെ മാഹാത്മ്യം. നിഷ്കളങ്കമായ പ്രാർത്ഥനയുടെയും സുവിശേഷ പ്രവർ ത്തനത്തിന്റെയും മനുഷ്യനായിരുന്നു അദ്ദേഹം. തന്റെ ഒരു പുരുഷാ യുസ്സ് ആത്മധൈര്യത്തോടെ ദൈവസേവനത്തിനായിട്ട് മാറ്റിവച്ച് പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും 'ദൈവസേവനവും ദൈവസമ്പാദനവും' എന്ന ഈവാനിയൻ ദർശനങ്ങളെ തന്റെ ജീവിതംകൊണ്ട് അന്വർത്ഥമാക്കി മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നു എന്നുള്ളതാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത് (മർക്കോ 5:28; 7:33-35; ലൂക്കാ 4:40; 5:11; 6:19; 7:14; 7:38). വിളിയുടെ മഹത്വത്തിലേക്ക് കൈപിടിച്ചുയർത്തുന്ന അർപ്പണ ബോധത്തിന്റെ ആവിഷ്കാരമായിരുന്നു ഈ സന്യാസി. തലയിൽ കൈവച്ചുള്ള പ്രാർത്ഥനയ്ക്കും, ക്ഷുദ്രജീവികളുടെ ശല്യങ്ങളിൽ നിന്നുള്ള വിടുതലിനുമായി അദ്ദേഹത്തെ സമീപിച്ചു പ്രാർത്ഥിക്കുന്ന അനേകമാളുകളെ കാണുവാൻ ഇടയായിട്ടുണ്ട്. അവരുടെ സൗഖ്യവും സന്തോഷവും എന്നും അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതത്തിന് ആക്കം കൂട്ടുന്നു.

പൊക്കമില്ലാത്തവന്റെ പൊക്കം അവന്റെ പൊക്കമായി മാറിയ യേശു ദർശനത്തിന്റെ ഇടമായ 'സിക്കമൂർ' അനുഭവം. സക്കേവൂസിന്റെ അതുവരെയുള്ള സർവ്വചിന്തകളുടെയും പ്രവർത്തനങ്ങളുടെയും

www.malankaralibrary.com

പുതിയൊരു ദർശനാവിഷ്കാരത്തിന് കളമൊരുക്കുകയാണ് യേശു ഇവിടെ ചെയ്തത് (ലൂക്കാ 19:1-10). തന്റെ മുകളിലേക്കുള്ള നോട്ടം സക്കേവൂസിന്റെ പരുക്കൻ ജീവിത യാഥാർത്ഥ്യങ്ങളുടെ ആഴങ്ങളിൽ നിന്നുയിർകൊണ്ട് പുനർവിചിന്തനത്തിന്റെ നിമിഷമായി മാറുകയാണ്. നേടിയതിന്റെ പതിന്മടങ്ങ് തിരിച്ചു നൽകുമെന്ന യാഥാർത്ഥ്യത്തിലേക്ക് സക്കേവൂസിനെ മടക്കിക്കൊണ്ടുവരുന്നു. പരിവർത്തനത്തിന് വിധേയമാക്കുന്ന യേശു ദർശന സായൂജ്യത്തിന് കളമൊരുക്കുന്ന 'സിക്കമൂർ' പഴയ മനുഷ്യന്റെ നിർമ്മാർജ്ജനത്തിന് പ്രചോദനമേകുന്നു. വിട്ടുകൊടുക്കലിന്റേയും, നൽകലിന്റേയും, പുതിയൊരു 'സിക്കമൂർ' സംസ്കാരം രൂപപ്പെടുത്തുകയാണിവിടെ. സക്കേവൂസിന്റെ ജീവിതത്തെ രൂപപ്പെടുത്തിയ ഇതുപോലെ, ഒരു സാധകന്റെ ഈശ്വരാവിഷ്കാര ത്തിന്റെ അനുതാപസങ്കീർത്തിയാകുന്ന ആവൃതിക്കുള്ളിലെ 'സിക്കമൂർ' എന്നും ഒരു സംസ്കാരമാണ്. തപോധനന്മാരുടെ പ്രാർത്ഥനയുടെയും നിറഞ്ഞുനിന്ന സ്നേഹത്തിന്റെയും വ്രതബദ്ധജീവിതത്തിന്റെയും ബലിഷ്ഠതയേറിയ 'സിക്കമൂർ' തടിപോലെ അതിലെ കയറ്റവും ഇറക്കവും, അതിലെ ഉച്ചസ്ഥായിയായ യേശുദർശനവും, ആവൃതി ക്കുള്ളിലെ മനന-ലയന-സായൂജ്യത്തിനായി ക്ഷണിക്കപ്പെടുന്ന കലവറയില്ലാതെ സ്നേഹത്തിന്റെ അതിരുകളില്ലാത്ത കടന്നുവരവാണ്. പരിവർത്തനവിധേയമാകുന്ന സിക്കമൂർ പഴയ മനുഷ്യന്റെ നിർമ്മാർ ജ്ജനത്തിന് പ്രചോദനമേകുന്നു. ഈ സാധകന്റെ ജീവിതത്തിലും നിറഞ്ഞ ശാഖകളും, താഴ്ന്ന ചില്ലകളും, സിക്കമൂറിന്റെ അനന്യതയും യാത്രികർക്ക് തണലും ഒപ്പം മരത്തിന്മേൽ കയറ്റവും സാധ്യമാക്കുന്നു. ഈ ഈശ്വരാവബോധത്തിന്റെ ലഭ്യതയും സാമീപ്യവും സ്വന്തമാക്കിയ സാധകൻ പങ്കുവയ്ക്കലിന്റെ നന്മകൾ പ്രഘോഷിക്കുന്നു. സിക്കമൂറിന്റെ ഹരിതകം ഈ സാധകന്റെ ഹൃദയത്തിൽ ഒരു പുത്തൻ ജീവിത സംസ്കാരത്തെ രൂപപ്പെടുത്തി ഉന്നതത്തിലേക്കുള്ള പ്രയാണം ത്വരിത പ്പെടുത്തി യേശുവിൽ നിർമ്മാജ്ജനം സാധ്യമാക്കുന്നു.

'വാങ്ങിയതിന്റെ ഇരട്ടിയായി തിരിച്ചു നൽകുന്നു'' എന്ന പ്രഖ്യാപനവും വാഗ്ദാനവും യേശുവാണ് ആ ഭവനത്തിന്റെ നിറവ് എന്ന തിരിച്ചറിവിന്റെ പ്രഘോഷണമാണ്. ഈശ്വര ദർശനത്തിന്റെയും, ഈശ്വരാവിഷ്കാരത്തിന്റെയും സങ്കീർത്തിയായി മാറുന്ന 'സിക്കമൂർ' കയറ്റം, ഒരു നോക്ക് കാണുക എന്നതിലുപരി, നിശ്ചയദാർഢ്യത്തിന്റെ വിട്ടുകൊടുക്കലിന്റെ ഉയരത്തിലേക്ക് (അനുഭവത്തിലേക്ക്)

www.malankaralibrary.com

എത്തിക്കുന്ന, യേശു അനുഭവത്തിന് ഇടയായി മാറുകയാണ് സന്യാസാവൃതിക്കുള്ളിലെ ബലിഷ്ഠതയേറിയ 'സിക്കമൂർ'.

**എളിമയുടെ കാവിധാരിയായ സാധു മാർട്ടിൻ**

സ്വയം താഴ്ത്തി മറ്റുള്ളവരെ ആദരിക്കുന്ന ആളും അവർക്ക് തന്നെക്കൊണ്ട് കഴിയുംവിധം സേവനം ചെയ്യുന്നതും അദ്ദേഹത്തിന്റെ സമർപ്പിത ജീവിതാവബോധത്തിന്റെ ആവിഷ്കാരമാണ്. ശിശുവിനെ പോലെ സ്വയം ചെറുതാകുന്നതിലെ ആന്തരികഭാവം - സ്വത്വബോധത്തിലെ ദൈവാവബോധത്തിൽ നിന്നുയിർകൊണ്ടതാണ്. ശിശുതുല്യനായ സന്യാസി ആരോടും കുശലാന്വേഷണം നടത്തി ബന്ധം സ്ഥാപിച്ച് പ്രാർത്ഥിക്കുവാൻ ജപമാല നൽകിയ പ്രേഷിതൻ. ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ വലിയവൻ (മത്താ 18: 4-5). ഈ ദൃശ്യമായ സവിശേഷതകൾ അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം നമുക്ക് ദർശിക്കാനാകും. തെറ്റിദ്ധരിക്കപ്പെടുമ്പോഴും ജീവിതത്തിന്റെ എളിമയുടെ പവിത്രതയിൽ തന്റെ സന്യാസാർപ്പണജീവിതത്തെ അദ്ദേഹം അങ്ങേയറ്റം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു.

ഇച്ഛാശക്തിയുടെ മനുഷ്യനായിരുന്ന സാധു മാർട്ടിൻ, സന്യാസോചിതമായ ലാളിത്യത്തിന്റെയും പ്രാർത്ഥനയുടെയും കഠിനാദ്ധ്വാനത്തിന്റേതുമായ ഒരു ജീവിതശൈലിയുടെ കലർപ്പില്ലാത്ത വ്യക്തിത്വത്തിന് ഉടമയായിരുന്നു (simple humble and poor). തന്റെ പ്രവർത്തന മേഖലകളിലൊക്കെയും മനുഷ്യസാഹോദര്യമെന്ന മഹത് ദർശനത്തെ അങ്ങേയറ്റം പരിപോഷിപ്പിക്കുകയും, നിത്യം തന്റെ ജീവിതംകൊണ്ട്, ദൈവത്തിന്റെ കരുതുന്ന സാന്നിദ്ധ്യമായി നിലകൊണ്ടിരുന്നു എന്നുള്ളതും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ പ്രത്യേകതയാണ്. വിളിയും ജീവിതവും, സന്യാസമായാലും പൗരോഹിത്യമായാലും, എല്ലാം ദൈവത്തിന്റെ ദാനമാകയാൽ യാതൊന്നിലും അഹങ്കരിക്കേണ്ട കാര്യമില്ല; മറിച്ച്, ദൈവഹിതപ്രകാരം ദാനങ്ങൾ എളിമയോടെ വിനിയോഗിച്ചാൽ മതിയാകും. ഇതിനൊരുദാഹരണമാണ് അദ്ദേഹത്തിന്റെ ശിശുസഹജമായ എളിമയും ആത്മീയതയും. ഈദൃശ്യമായ അദ്ദേഹത്തിന്റെ എളിമയും സ്നേഹവും അദ്ദേഹത്തെ ആത്മീയ കർമ്മമണ്ഡലങ്ങളിൽ, ദൈവമനുഷ്യരുടെ ഹൃദയങ്ങളിൽ, ചിരപ്രതിഷ്ഠ നേടികൊടുത്തു എന്നുള്ളത് വസ്തുതയാണ്. ആരേയും

www.malankaralibrary.com

വേദനിപ്പിക്കാത്ത, ദുർബലരുടെ പ്രതീകമായി അവഗണിക്കപ്പെട്ട വരേയും നിസഹായരേയും ശുശ്രൂഷിക്കുവാനും അവർക്കുവേണ്ടി ശ്രദ്ധയോടെ തന്റെ പ്രവർത്തനങ്ങളിൽ നിലകൊള്ളുന്നതിനും എളിമയുള്ള ഈ മനുഷ്യസ്നേഹിക്കു കഴിഞ്ഞു എന്നുള്ളതാണ് അദ്ദേഹത്തിന്റെ എളിമയുടെ ശിശുതുല്യമായ ജീവിത സാക്ഷ്യം.

**ആവൃതിക്കുള്ളിലെ സഹനദാസൻ,**
**പ്രാർത്ഥനയുടെ മനുഷ്യനായ സത്യാന്വേഷിയും**

ആരോടും പരിഭവമില്ലാത്ത തികഞ്ഞ ശാന്തതയുടെയും സൗമ്യത യുടെയും സഹയാത്രികനായിരുന്നു ബ.ബ്രദർ മാർട്ടിൻ. സദാ സന്തോഷത്തോടും, സമാധാനത്തോടും സൗഹൃദത്തോടും കാണപ്പെട്ടിരുന്ന അദ്ദേഹം തികഞ്ഞ മനുഷ്യസ്നേഹിയായിരുന്നു. സഹനത്തെ പരിത്യാഗം കൊണ്ട് പാകം ചെയ്തെടുത്ത സന്യാസ സംസ്കാരത്തിനുടമയായിരുന്നു അദ്ദേഹം. പാർശ്വവത്കരിക്കപ്പെട്ട വരിൽ കരുണയുടെ മുഖമായിരുന്ന ബ. സാധു മാർട്ടിൻ. അനാഥർക്കും, നിരാലംബർക്കും സാന്ത്വനമേകുന്ന ഒരു പിതാവിന്റെ കളങ്കമില്ലാത്ത സ്നേഹവും കരുതലും കരുണയും ആധുനിക സന്യാസത്തിന്റെ അറ്റുപോകാത്ത മുല്ലപ്പൂക്കളായി കോർത്തിണക്കാം. അദ്ദേഹം അനുവർത്തിച്ചുപോന്ന സ്നേഹിത്തിന്റെയും കരുതലിന്റെയും ഊഷ്മള സ്നേഹത്തിന്റെയും സഹനജീവിതത്തിന്റെയും മാതൃക എന്നും നമ്മുടെ ജീവിതത്തെ ഉജ്ജ്വലിപ്പിക്കട്ടെ. സാധാരണക്കാരന്റെ വേദനകളിൽ, സന്തോഷങ്ങളിൽ, അവരോടൊപ്പം സഹയാത്ര നടത്തിയ കരുണയുടെ വിശാലഹൃദയനായിരുന്നു ഈ സന്യാസശ്രേഷ്ഠൻ.

സമൂഹത്തിന്റെ പൊതുവായും അല്ലാതെയുമുള്ള പ്രാർത്ഥന കളിലും, ആരാധനവിധികളിലും, വിശുദ്ധ കുർബ്ബാനയിലും നിറ സാന്നിദ്ധ്യമായി എന്നും മുന്നിൽ നിലയുറപ്പിച്ചിരുന്ന വ്യക്തിത്വത്തിനു ടമയായിരുന്നു ബഹുമാന്യനായ സാധു മാർട്ടിൻ. അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ അർത്ഥവത്തായ അനുഭവം അനേകർക്ക് ഒരു പിതാവിന്റെ വാത്സല്യമായും, കൂടപ്പിറപ്പിന്റെ സ്നേഹമായും, ശുശ്രൂഷാചൈതന്യമായും, പകർന്നേകിയ ഈ മനുഷ്യജന്മത്തിന്റെ, സഹനജീവിതത്തിന്റെ അർത്ഥം കണ്ടെത്തുമ്പോൾ, ജീവിക്കുവാൻ സാഹചര്യമൊരുക്കുന്ന പ്രാർത്ഥനയുടെ ഇടങ്ങളായി മാറുകയാണ് മഹത്വമാർന്ന സന്യാസജീവിതത്തിന്റെ യഥാർത്ഥമുഖം. ആ

www.malankaralibrary.com

വ്യക്തിജീവിതത്തെ ദൈവസമ്പാദനം എന്ന മൂശയിൽ സ്ഫുടം ചെയ്തെടുത്ത് സ്വന്തം ജീവിതത്തോട് ചേർത്തു വെച്ചനുഭവിക്കുന്ന സഹനത്തിന്റെ പുണ്യപുഷ്പമാണ് പ്രാർത്ഥനയുടെ ഈ താപസ്സികൻ. സത്യത്തിന്റെ ആത്യന്തികമായും മർമ്മപ്രധാനവുമായ ഉദ്ദേശലക്ഷ്യം പ്രാർത്ഥനയും ആത്മീയസാധനയുമാണ്. തന്റെ ആവൃതിക്കുള്ളിൽ ഇവയെല്ലാം അഭ്യസിച്ച് മനുഷ്യമക്കളിലേക്കിറങ്ങിയ പ്രാർത്ഥനയുടെയും, സഹനത്തിന്റെയും മനുഷ്യനായിരുന്നു ഈ സാധകൻ. തന്റെ വ്യക്തിപരമായും സമൂഹപരവുമായ പ്രാർത്ഥനാജീവിതത്തിൽ ആത്മീയ നവീകരണത്തിന്റെ ആഴപ്പെടലിന് വിത്തുപാകിയ സഹന-പുണ്യജീവിതമായിരുന്നു അദ്ദേഹം ജീവിച്ചു തീർത്തത്. പ്രബോധനങ്ങൾക്കും വിശുദ്ധ ഗ്രന്ഥത്തിനും അനുയോജ്യമെങ്കിൽ അതു തന്റെ ജീവിതത്തിൽ അവലംബിക്കുവാൻ അദ്ദേഹം മടിച്ചിരുന്നില്ല. കഴിഞ്ഞുപോയ കാലഘട്ടത്തിന്റെ ആത്മീയ ശോഷണത്തിന്റെ ദാരിദ്ര്യം നന്നേ മനസ്സിലാക്കിയ ഒരു യുവാവാൽ ഉടലെടുത്ത സ്വയാവബോധത്തിന്റെ സംഘാതമായ ഉൾവെളിച്ചങ്ങളാണ് ഈ ആത്മീയ മുന്നേറ്റത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

**ഊഷ്മളമായ സ്നേഹത്തിനുടമ**

നിഷ്കളങ്കമായ സ്നേഹത്തിന്റെയും അഗാധമായ എളിമയുടെയും, അനസ്യൂതമായ വിശ്വാസത്തിന്റെയും, നിരന്തരമായ പ്രാർത്ഥനയുടെയും മനുഷ്യനായിരുന്നു ബഹു.മാർട്ടിൻ ബ്രദർ. ദൈവത്തോടും മനുഷ്യരോടുമുള്ള അചഞ്ചലമായ വിശ്വസ്തതയും ഉദാത്ത സ്നേഹത്തിന്റെ മഹനീയതയും തന്റെ സന്യാസ-ജീവിതത്തിൽ അഭംഗം കാത്തുസൂക്ഷിച്ച വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. നിഷ്കളങ്കവും നിഷ്കപടവുമായ മനസ്സാക്ഷി, ചെറിയ കാര്യങ്ങളിൽ പോലുമുള്ള അദ്ദേഹത്തിന്റെ വിശ്വസ്തത, സമ്പൂർണ്ണമായ സമർപ്പണജീവിതത്തിന്റെ അനസ്യൂതമായ പ്രയാണത്തിന് അദ്ദേഹത്തെ പ്രാപ്തനാക്കി. സഹനത്തെ സന്തോഷത്തോടെ സ്വീകരിക്കാനുള്ള തീവ്രമായ പ്രാർത്ഥന അദ്ദേഹത്തെ സന്യാസത്തിന്റെ ഫലം തികഞ്ഞ വിശുദ്ധിയിലേക്ക് ഉയർത്തി.

ആരേയും ആകർഷിക്കുന്ന ലളിതമായ വാക്കുകൾകൊണ്ട് മനുഷ്യരെ തന്റെ ഊഷ്മളസ്നേഹവലയത്തിൽ അദ്ദേഹം ആകൃഷ്ടരാക്കി. ദൈവസ്നേഹത്തിന്റെ അതിരറ്റ സ്നേഹദാനമായിട്ടാണ്

www.malankaralibrary.com

വാസ്തവത്തിൽ അദ്ദേഹത്തെ നമുക്ക് ദർശിക്കാൻ കഴിയുക (കൊളോ 3:14-15). ദൈവമനുഷ്യബന്ധത്തിന്റെ ആഴം തന്റെ ജീവിതത്തിലൂടെ ജീവിച്ചു കാണിച്ചു തന്ന വിനീതനായ ദൈവദാസനായിരുന്നു ബ.മാർട്ടിൻ ബ്രദർ. നല്ല സുഹൃദ്ബന്ധങ്ങൾ കാത്തുസൂക്ഷിച്ച സാധക നായിരുന്നു അദ്ദേഹം. സുഹൃത്ബന്ധത്തെക്കുറിച്ച് പ്രഭാഷകനിലൂടെ നാം മനസ്സിലാക്കുന്നത്, "വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്. വിശ്വസ്തനായ സ്നേഹിതൻ ജീവാമൃതമാണ്. ദൈവഭക്തന്റെ സൗഹൃതം സുദൃഢമാണ്. അവന്റെ സ്നേഹിതനും അവനെപ്പോലെ തന്നെ" (പ്രഭാ 6:14-17) എന്നാണ്.

**'ജീവൻ ജ്യോതി'യിലെ പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും നേതൃത്വം**

ആരോരുമില്ലാതെ ഉപേക്ഷിക്കപ്പെട്ടവരുടെ എല്ലാമെല്ലാമായിരുന്നു അദ്ദേഹം. ആദ്ധ്യാത്മിക നേതൃത്വം നൽകുന്നതിലെ നിശ്ചയദാർഢ്യവും അർപ്പണബോധവും അദ്ദേഹത്തെ എന്നും ഒരു വിശാലഹൃദയന്റെ ലാളിത്വത്തിനുടമയാക്കി. മഴയായാലും വേനലായാലും ജീവൻജ്യോതി യിലെ അന്തേവാസികളെ ചെന്നു കാണുകയും അവരെ ഒരുമിച്ചു കൂട്ടിയുള്ള സന്ധ്യാനമസ്കാരവും ബൈബിൾ പാരായണവും കൊന്ത നമസ്കാരവും അദ്ദേഹത്തിലലിഞ്ഞുചേർന്ന സ്നേഹത്തിന്റെയും പ്രവർത്തനത്തിന്റെയും കാതലായ ആന്തരിക ഭാവമാണ്. ശാരീരിക അസ്വസ്ഥതകൾ ഉണ്ടെങ്കിൽപോലും അദ്ദേഹം ആ പതിവ് തെറ്റിച്ചിരു ന്നില്ല. അവരുടെ കൂട്ടത്തിൽ അവശതയനുഭവിക്കുന്നവരെ പ്രത്യേകം കണ്ട് തലയിൽ കൈവച്ച് പ്രാർത്ഥിച്ചു ജപമാല കൊടുത്ത് ആശ്വസിപ്പി ച്ചിരുന്നു. സമൂഹം ഭ്രഷ്ട് കല്പിച്ചു പുറന്തള്ളിയ ആരോരും ഇല്ലാത്ത ഈ അനാഥരെ തന്റെ എല്ലാമായി കരുതി അദ്ദേഹം സ്നേഹിച്ചു ശുശ്രൂഷിച്ചു.

ഈ പാവപ്പെട്ട അനാഥരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ കാര്യങ്ങളിലും അദ്ദേഹം ശ്രദ്ധവെച്ച് സഹകരിച്ച് ശുശ്രൂഷിച്ചു. എല്ലാ ദിവസങ്ങളിലും പല പ്രാവശ്യം ജീവൻജ്യോതി സന്ദർശിച്ച് അതിലെ അംഗങ്ങളെ പേരുചൊല്ലി വിളിച്ചു കുശലാന്വേഷണം നടത്തി അവരുടെ വേദനകളും രോഗങ്ങളും സന്തോഷവും മനസ്സിലാക്കി ഉത്തരവാദിത്വപ്പെട്ടവരെ അറിയിച്ച് അവർക്ക് വേണ്ടതു ചെയ്തുകൊടു ക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധത ഒരു വലിയ മനസ്സിന്റെ

www.malankaralibrary.com

അടയാളമാണ്. സ്വന്തമെന്നു പറയുന്നതൊക്കെ സഹോദരനുമായി, പ്രത്യേകിച്ച്, ഇല്ലായ്മ അനുഭവിക്കുന്ന എളിവരുമായി പങ്കുവെയ്ക്കാനുള്ളതാണെന്ന് അദ്ദേഹത്തിന്റെ ജീവിതം നമുക്ക് സാക്ഷ്യമേകുന്നു. എന്നും ജീവൻജ്യോതി അദ്ദേഹത്തിന്റെ കർമ്മമണ്ഡലമായി നിലനിന്നു എന്നുള്ളത് ധർമ്മത്തിന്റെ സംസ്ഥാപനമാണ്. ത്യാഗ-യാഗ-ജീവിതമായിരുന്നു അദ്ദേഹം നയിച്ചത്. തന്റെ ജീവിതം ത്യജിക്കലിന്റെ-ഉപേക്ഷയുടെ-ജീവിതവും മഹാദാനവുമായിരുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. ബഥാനിയായിലെ 'മാർത്തായുടെ ശുശ്രൂഷാമനോഭാവവും, മറിയത്തിന്റെ വചന-ശ്രവണ-ലയനവും, ലാസറിന്റെ ഉയർപ്പിന്റെ മഹിമയും എളിമയും എന്നും അദ്ദേഹത്തിന് തന്റെ ജീവിതത്തിനും പ്രവർത്തനത്തിനും മാതൃകയായിരുന്നു.

**വിശുദ്ധന്മാരുടെയും പരിശുദ്ധ അമ്മയുടെയും ഭക്തൻ**

ദൈവത്തെ തൊട്ടുനിന്നുകൊണ്ട് ഈ പ്രപഞ്ചത്തെ മുഴുവൻ സ്നേഹിച്ച വ്യക്തിയായിരുന്നു ബഹു.മാർട്ടിൻ ബ്രദർ. വിശുദ്ധന്മാരെ തന്റെ ജീവിതമാതൃകയാക്കിയ അദ്ദേഹം തികഞ്ഞ ഒരു ഭക്തനായിരുന്നു. ദേവാലയ ശുശ്രൂഷകളിലും തന്റെ പ്രാർത്ഥനാജീവിതത്തിലും ക്രിസ്തുവിന്റെ മൗതിക ശരീരമാകുന്ന സഭയെ പടുത്തുയർത്തുവാൻ ശ്രമിച്ച സഭാസ്നേഹിയായിരുന്നു അദ്ദേഹം (എഫേ 4:12). അദ്ദേഹം തന്റെ അജപാലന ശുശ്രൂഷാരംഗങ്ങളിൽ അനുവർത്തിച്ചുപോന്ന ഊഷ്മള സ്നേഹത്തിന്റെയും വശ്യതയാർന്ന പെരുമാറ്റത്തിന്റെയും അനുഭവങ്ങൾ പങ്കുവയ്ക്കുന്ന ദൈവജനത്തെ കണ്ടുമുട്ടുവാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ആർദ്രമായ സ്നേഹവും കരുതലും എന്നും തന്റെ ശുശ്രൂഷയും സേവനവും ലഭിച്ചിട്ടുണ്ട്. ദൈവമക്കളുടെ മനോമുകുരങ്ങളിൽ ആലേഖനം ചെയ്യപ്പെട്ടവയാണ്.

വിശുദ്ധന്മാരോടുള്ള ആദരവും, ഭക്തിയും, സ്നേഹവും എപ്പോഴും കാത്തുസൂക്ഷിച്ച വ്യക്തിയായിരുന്നു ബ.മാർട്ടിൻ ബ്രദർ. ആശ്രമങ്ങളിൽ പ്രത്യേകിച്ച് തിരുവല്ലാശ്രമ ചാപ്പലിൽ വ്യാഴാഴ്ച ദിവസത്തെ കുർബ്ബാനശേഷമുള്ള യൂദാതദേവൂസിന്റെ നൊവേനയും ബുധനാഴ്ച ദിവസങ്ങളിലെ പരിശുദ്ധ അമ്മയോടുള്ള നൊവേനയും ഭക്തിപൂർവ്വം ജനത്തോടൊപ്പം ചൊല്ലുന്നതിൽ ഏറെ ശുഷ്കാന്തി പുലർത്തുകയും അതിനുള്ള തയ്യാറെടുപ്പുകൾ തലേദിവസം തന്നെ

www.malankaralibrary.com

തുടങ്ങിവെയ്ക്കുന്നത് അദ്ദേഹത്തിന്റെ പതിവ് ശീലങ്ങളാണ്. അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം ഏറെ മാതൃകാപരവും ആരേയും ആകർഷിക്കത്തക്കവയുമാണ്. കൃത്യമായ സമയങ്ങളിൽ ചാപ്പലിൽ എത്തി ജനൽവാതിലുകൾ തുറന്നു, പ്രാർത്ഥനയ്ക്കും വി.കുർബാനയു മായി പള്ളിയങ്കണങ്ങൾ ഒരുക്കി, ത്രികാല ജപത്തോടു തുടങ്ങുന്ന അനുദിന പ്രാർത്ഥനാജീവിതം എന്നും മാതൃകാപരമായിരുന്നു. ഭവന സന്ദർശനങ്ങൾ വഴി രോഗികളോടും ദരിദ്രരോടുമുള്ള അദ്ദേഹത്തിന്റെ നിസ്സീമമായ കരുതലും സ്നേഹവും മുറിയ്ക്കപ്പെടലിന്റെ അനുഭവം പങ്കുവയ്ക്കുന്ന ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലാണ്. രോഗാവസ്ഥയിൽ പോലും ചാപ്പലിൽ കടന്നുവന്നു പ്രാർത്ഥിക്കുന്ന മാർട്ടിൻ ബ്രദറിന്റെ ചിത്രം എന്നും നമ്മുടെ പ്രാർത്ഥനാ ജീവിതത്തിന് ഉണർവ്വ് പകരുന്നവയാണ്. അത്രമാത്രം ആഴപ്പെട്ട സന്യാസജീവിത ത്തിന്റെ മഹത്വമാർന്ന സൗന്ദര്യമായിരുന്നു അദ്ദേഹം. സന്യാസ ജീവിതത്തിലെ ത്യാഗജീവിതത്തിന്റെ യഥാർത്ഥമുഖമായി ജീവിച്ചു കടന്നുപോയ അദ്ദേഹം വിശുദ്ധന്മാരുടെ ഗണത്തിൽ തികഞ്ഞ - കലർപ്പില്ലാത്ത ഭക്തനായിരിക്കും എന്നതിൽ സംശയമില്ല.

**വിശക്കുന്നവന്റെ വിശപ്പകറ്റുന്നവൻ**

ആശ്രമത്തിലേക്ക് കടന്നുവരുന്ന ആരേയും സ്വീകരിച്ച്, എന്തെങ്കിലും കഴിച്ചോ? എന്തെങ്കിലും ഒന്നു കുടിക്കാം എന്നു പറഞ്ഞ് കൂട്ടിക്കൊണ്ടുപോകുന്ന മാർട്ടിൻ ബ്രദറിനെ ഒരു പിതാവിന്റെയും ഒരമ്മയുടെയും അതിരറ്റ സ്നേഹവാത്സല്യത്തിന്റെ അനുഭവമായിട്ടാണ് ഇന്നും നമ്മുടെ ഓർമ്മകളിൽ നിറഞ്ഞു നില്ക്കുക (ഏശയ്യ 58:10). വിശക്കുന്നവന്റെ മുമ്പിൽ വിശപ്പകറ്റുന്നവനായി വിളമ്പി നൽകി, ചെറുപുഞ്ചിരിയോടെ അവരോടൊപ്പം ആയിരുന്നുകൊണ്ട് അവരെ യാത്രയാക്കുന്ന നിറഞ്ഞുനിന്ന സ്നേഹമായിരുന്നു ഈ യോഗീവര്യന്റേത് (പ്രഭാഷകൻ 4:1-10). പാവപ്പെട്ടവരോടും നിർദ്ധനരായ ദൈവജനത്തോടുമുള്ള സമരസപ്പെടൽ, ആത്മാവിന്റെ കറകൾ കഴുകുന്ന കരുണയുടെ സുഗന്ധതൈലമായി മാറിയിട്ടുണ്ട് എന്നുള്ളത് അദ്ദേഹവുമായി ആത്മബന്ധമുള്ളവരുടെ അനുഭവ സാക്ഷ്യമാണ്. എല്ലാ നിയമങ്ങളെയും ചട്ടങ്ങളെയും ആദരിച്ചുകൊണ്ട് മനുഷ്യനെ മനുഷ്യനായി കണ്ട് സ്നേഹിച്ചും, സേവിച്ചും, ബഥാനിയായിലെ

www.malankaralibrary.com

മാർത്തായെപോലെ അദ്ദേഹം ഓടി നടന്നു പ്രവർത്തിച്ചു. "മൂന്നു ദിവസമായി എന്നോടുകൂടെ ആയിരിക്കുന്ന ജനത്തിന് ഭക്ഷിക്കുവാൻ കൊടുക്കാൻ ശിഷ്യന്മാരോട് ആവശ്യപ്പെടുന്ന യേശു"വിന്റെ കരുതലുള്ള സ്നേഹം (യോഹ 8:1-9) എന്നും ഈ സാധകനെ ആകർഷിക്കുന്നു. ഹൃദയാർദ്രമായ യേശു സ്നേഹത്തിന്റെ വറ്റിപോകാത്ത നീർച്ചാലുകളായി ഈ സാധകന്റെ ഹൃദയം ഒഴുകിയിരുന്നു. അനേകർക്ക് അമ്മ വാത്സല്യവും, കൂടപ്പിറപ്പ് സനേഹവും, ശുശ്രൂഷാ ചൈതന്യവും പകർന്നേകിയ മനുഷ്യജന്മമായിരുന്നു ബഹു. സാധുമാർട്ടിൻ. നിശ്ചയദാർഢ്യത്തിന്റെ മനുഷ്യനു തീരുമാനങ്ങളിൽ അടിപതറാതെ നിലകൊള്ളുന്ന സമർപ്പണജീവിതത്തിന്റെ ഹൃദ്യമായ ആവിഷ്കാരവുമായിരുന്നു അദ്ദേഹം.

ആദിമക്രൈസ്തവസമൂഹത്തിൽ നിലനിന്നിരുന്ന, പങ്കുവയ്ക്കപ്പെടുന്ന സ്നേഹം, സ്വന്തം ജീവിതത്തിൽ സ്വായത്തമാക്കിയിരുന്നു എന്നത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ദാനധർമ്മ പ്രവർത്തനങ്ങളുടെ മഹാമനസ്കത എന്നും മാറ്റുരക്കപ്പെടുന്നവയാണ്.

**കഥാമൂല്യങ്ങളുടെ കലവറയായ മാർട്ടിൻ ബ്രദർ**

നാടക രചയിതാവും, കഥാകൃത്തും, വാഗ്മിയുമായിരുന്ന ബഹുമാന്യനായ മാർട്ടിൻ ബ്രദർ നല്ലൊരു നടനുമായിരുന്നു. അദ്ദേഹത്തിന്റെ 'കാളിയ മർദ്ദനം' കേൾവിക്കാർ ആരേയും ഹഠാദാകർഷിക്കുന്നവയാണ്. ഏതു കഥാസമാഹാരവും അതിന്റെ തനതായ ഭാവവും രൂപവും ശക്തിയും കൊടുത്തുകൊണ്ടുള്ള അദ്ദേഹത്തിന്റെ അവതരണചാതുര്യം ബഥാന്യരുടെ ഊണുമേശകൾ ക്കപ്പുറം നിറഞ്ഞാടുന്ന വെളിച്ചപ്പാടിന്റെ പ്രതീതി ജനിപ്പിക്കുന്നവയായി രുന്നു. 'കള്ളൻ കപ്പലിൽ തന്നെ' എന്ന നാടകം അദ്ദേഹം തന്നെ രചിച്ച് അഭിനയിച്ചാടിയ അതുല്യകലാസൃഷ്ടിയാണ്. സദസ്സുകളെ പൊട്ടിചിരിപ്പിക്കുന്ന പാരഡി ഗാനങ്ങളുടെയും പഴമൊഴികളുടെയും അവതരണം നമ്മെ ആവേശഭരിതരാക്കുന്നവയാണ്.

അദ്ദേഹത്തിലലിഞ്ഞു ചേർന്നിട്ടുള്ള വഞ്ചിപ്പാട്ടുകളുടെയും നാടോടി ഗാനങ്ങളുടെയും ഈണം ബഥനിയുടെ കൂട്ടായ്മകളിലെ ഉണർവ്വിന്റെയും ഉല്ലാസത്തിന്റെയും അരങ്ങുണർത്തിവയാണ്. സദസ്സുകളുടെ അഹങ്കാരമായിരുന്നു അദ്ദേഹത്തിന്റെ ഉണർത്തുപാട്ടുകൾ.

www.malankaralibrary.com

"നോക്കെടാ നമ്മുടെ മാർഗ്ഗേ കിടക്കുന്ന മർക്കട നീയങ്ങു മാറി ക്കിടക്കെടാ" എന്നുള്ള ആവേശത്തോടെയുള്ള ആലാപനം ആരേയും ആകർഷിക്കുന്നവയാണ്. സദാ ഉന്മേഷഭരിതവും ശക്തവുമായ തന്റെ സാന്നിദ്ധ്യവും കൊണ്ട് കഥാകഥനങ്ങൾക്ക് ജീവൻ കൊടുത്തിട്ടുള്ള അതുല്യപ്രതിഭയായിരുന്നു ബഹു.മാർട്ടിൻ ബ്രദർ. ബഥാന്യൻ കൂട്ടായ്മ കളിലെ നിറസാന്നിദ്ധ്യവും പൊട്ടിച്ചിരിയുടെ ആവേശവുമുണർത്തുന്ന അതുല്യപ്രതിഭയായിരുന്ന അദ്ദേഹത്തോടൊപ്പമുള്ള യാത്രകളിൽ 'ഹീറോ' ആയിരുന്നു. അദ്ദേഹത്തിന്റെ 'കഥ' അവതരണം കോട്ടയത്തു നിന്നു തുടങ്ങിയാൽ കർണ്ണാടകം വരേയും എത്തി നിൽക്കും. പിൻ മൊഴികളുടെ വലിയ സമാഹാരം തന്നെ അദ്ദേഹത്തിന്റെ കൈമുത ലായിരുന്നു എന്നത് അതിശയോക്തി ജനിപ്പിക്കുന്നവയാണ്. എക്കാലവും നമുക്ക് പ്രചോദനമേകുന്ന സർഗ്ഗാത്മക പ്രതിഭയ്ക്കുടമ കൂടിയായിരുന്നു അദ്ദേഹം.

**ഉപസംഹാരം**

ദൈവത്തിൽ ചാരി അവന്റെ മുഖദർശനം എപ്പോഴും അന്വേഷിച്ചി രുന്ന ഒരു സത്യാന്വേഷിയായിരുന്നു ബഹു.മാർട്ടിൻ ബ്രദർ. ദൈവത്തിൽ അഥവാ ക്രിസ്തുവിൽ അദ്ദേഹം സകലതും കണ്ടെത്തി. അവനെ, തന്റെ ഗുരുവും നാഥനുമായ നസ്രായനായ യേശുവിനെ, തന്റെ മോഡലും ജീവിതസഖിയുമായി തിരഞ്ഞെടുത്തുകൊണ്ട് ഒരു പുരുഷായുസ്സ് മുഴുവൻ അതിന്റെ പൂർണ്ണത പ്രാപിക്കാൻ അദ്ദേഹം യത്നിച്ചു. സന്യാസജീവിതത്തിന്റെ കാനനയാത്ര അതിന്റെ മഹിമയുടെ പ്രഭവസ്ഥാനത്തെത്തിക്കൊണ്ട് അദ്ദേഹം നമ്മോട് യാത്ര പറയുമ്പോൾ ജീവന്റെ സംസ്കാരം സമൃദ്ധമാക്കുന്ന പങ്കുവയ്ക്കലിന്റെ മന്ത്രം മനോമുകുരങ്ങളിൽ സ്വായത്തമാക്കുവാനും തന്റെ സന്യാസാവൃതി അനുഭവത്തിലൂടെ പുണ്യപറുദീസായിലേക്ക് നമ്മെ ക്ഷണിക്കുന്നു.

അദ്ദേഹത്തിന്റെ കഴിവുകളും സിദ്ധികളും സന്യാസ പ്രസ്ഥാന ത്തിന്റെ കർമ്മമണ്ഡലങ്ങളിൽ വെളിച്ചം പകരാൻ കഴിഞ്ഞു എന്നത് അദ്ദേഹത്തിന്റെ ജീവിതത്തിലെ നമ്മുടെ നിമിഷങ്ങൾ മാത്രമാണ്. പരിശുദ്ധ അമ്മയുടെ ആരാധകനും സവിശേഷതയാർന്ന ഭക്തനും പ്രചാരകനുമായിരുന്നു അദ്ദേഹം. പരിശുദ്ധ അമ്മയുടെ സ്നേഹ

www.malankaralibrary.com

വാത്സല്യത്തിന്റെയും കരുണയുടെയും ആശ്രയത്വത്തിന്റെയും അതിരറ്റ പ്രകാശനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അതുകൊണ്ടു തന്നെയാണ് പരിശുദ്ധ അമ്മയുടെ ജപമാല മാസമായ ഒക്ടോബറിൽ അദ്ദേഹത്തിന്റെ ദേഹവിയോഗമെന്നു കരുതുന്നു. പരിശുദ്ധ അമ്മയേയും തിരുക്കുടുംബത്തേയും അത്രമാത്രം സ്നേഹിച്ചനുകരിച്ച ഒരു വിനീത ദാസനായിരുന്നു അദ്ദേഹമെന്നു പറയാതെ വയ്യ.

എവിടെയും എപ്പോഴും എല്ലാവരിലും നന്മ കാണുവാൻ മനസ്സിനെ പരിശീലിപ്പിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ക്ഷമിക്കുന്ന സ്നേഹത്തിനുടമയായിരുന്ന അദ്ദേഹം ക്ഷമ ദൈവത്തിന്റെ ദാനമായി ഉപയോഗിച്ചു. ദൈവത്തിൽ നിന്നും ക്ഷമ പ്രതീക്ഷിക്കുന്നതു പോലെ അദ്ദേഹം മറ്റുള്ളവരോടും ക്ഷമിച്ചു. ഓരോ പ്രഭാതവും അദ്ദേഹം തന്റെ ജീവിതത്തെ നവീകരിക്കുവാൻ കിട്ടുന്ന സാദ്ധ്യത യാക്കി മാറ്റിക്കൊണ്ട് സന്തോഷത്തിന്റെ ഒരു ജീവിത അവസ്ഥയാക്കിയ വ്യക്തിത്വമാണദ്ദേഹത്തിന്റേത്. സദാ സന്തോഷവാനായിരുന്നുകൊണ്ട് ദാനവും ധർമ്മവും സന്യാസജീവിതത്തിന്റെ കർമ്മമണ്ഡലങ്ങളിൽ സമജ്ഞസമായി സമ്മേളിച്ച കരുണയുടെ മുഖമായിരുന്നു (പ്രഭാ 3:30) ബഹു.സാധു മാർട്ടിൻ. ആത്മീയ അന്വേഷണങ്ങൾക്കും വളർച്ചയ്ക്കും സകലവിധ സഹായവും നൽകിയ തപോധനന്മാരുടെ അർപ്പിതജീവിത ത്തിന്റെ ഇടങ്ങളാണ് ആശ്രമാവൃതികൾ. കുറവുകളെയും നമസ്കരി ക്കാനോ മറച്ചു പിടിക്കാനോ ന്യായീകരിക്കാനോ മുതിരാതെ ദൈവ തിരുമനസ്സിന് വിട്ടുകൊടുത്ത ധന്യജീവിതത്തിനുടമയാണ് ഈ തപോവര്യൻ. ആഴപ്പെട്ട സന്യാസ ജീവിതത്തിന്റെ മഹത്വമാർന്ന 90 വർഷങ്ങൾ തന്റെ പ്രിയനുവേണ്ടിയർപ്പിച്ച ത്യാഗ-യാഗ ജീവിതം ഇവിടെ സമാപ്തിയാവുകയാണ്. അദ്ദേഹത്തിന്റെ സന്യാസ ജീവിതത്തിലെ വഴികാട്ടിയും പ്രചോദകനും വിശുദ്ധ ഫ്രാൻസീസ് അസ്സീസ്സിയുടെ ജീവിതമായിരുന്നു. ആ ഒരു സ്നേഹഐക്യ അനുരൂപണത്തിന്റെ അടുത്തറിഞ്ഞ അനുഗ്രഹം കൂടിയാണ് വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ പെരുന്നാൾ ദിനത്തിലെ അദ്ദേഹത്തിന്റെ ദേഹവി യോഗവും – സ്വർഗ്ഗീയപ്രവേശനവുമെന്ന് വിശ്വസിക്കുന്നു.

തിരുവല്ലായിലുള്ള ബഥനി ആശ്രമ ദയറായിൽ വിശ്രമജീവിതം നയിച്ചുപോന്ന ബഹു.സാധുമാർട്ടിൻ ഈ കാലയളവിലൊക്കെയും

www.malankaralibrary.com

സ്നേഹവാത്സല്യത്തോടുകൂടി വേദനയനുഭവിക്കുന്നവന്റെ കണ്ണുനീരൊപ്പാൻ പരിശ്രമിച്ചിരുന്നു എന്നുള്ളത് പരമമായ സത്യമാണ്. തന്റെ സന്യാസജീവിത നിറവിൽ സഹജീവികളോടു സ്നേഹത്തോടും, ആദരവോടും, വിനയത്തോടും, ലാളിത്യത്തോടും കൂടി ഇടപെടാൻ ഈ നിഷ്കപടനായ ബഥാന്യന് സാധിച്ചിരുന്നു.

അദ്ദേഹത്തിന്റെ കഴിവുകളും, ഭക്തിയും, സിദ്ധികളും, സന്യാസ പ്രസ്ഥാനത്തിന്റെ കർമ്മമണ്ഡലങ്ങളിൽ വെളിച്ചം പകരാൻ കഴിഞ്ഞു എന്നത് അദ്ദേഹത്തെ കുറിച്ചുള്ള ജീവിത സ്മരണകളിൽ എന്നും ധന്യതയുടെ മുഹൂർത്തങ്ങളായി നിലകൊള്ളും എന്നതിൽ സംശയമില്ല. മാസങ്ങളോളം നീണ്ട രോഗക്കിടക്കയിലെ അനാരോഗ്യവും വേദനയും ത്യാഗവും യാഗവും മരണത്തോടു മല്ലടിച്ച നിമിഷങ്ങൾ പൂർത്തിയാക്കി, സത്യപ്രകാശമായ ദൈവത്തിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്തുന്ന തനിമയാർന്ന അനശ്വരനിയോഗമായി അദ്ദേഹത്തിന്റെ ജീവിതത്തെ നിത്യതയിലേക്ക് ദൈവം ലയിപ്പിച്ചു (യോഹ 11:25). സന്യാസത്തിൽ നിന്നും തപസ്സിന്റെ ഉൾക്കരുത്തിലേയ്ക്കുള്ള ലയനം പൂർത്തിയാക്കിയ ബഥനിയുടെ ഈ താപസ്സന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരപൂർണ്ണമായ പ്രണാമം. വന്ദ്യ താതാ, സമാധാനത്താലെ പോവുക!

ഞങ്ങൾതൻ സത്സംഘത്തിൽ നി-ന്നും വിടവാങ്ങി
പോകുന്നോരീ പ്രിയങ്കരനാകും സോ-ദരനേ നിൻ
പുനരുത്ഥാനം പുതുതാക്കീട-ട്ടെ നാഥാ നീ
ഇവനേയും കൈകൊണ്ടാലും നീ കാ-ണുന്നതിനാൽ

മനുജൻമാർ വാഴുമിടം ദയനീയം
ദുരിതമയം പ്രക്ഷുബ്ധം പുകഭരിതം
ബലഹീനതയിൽ ഞങ്ങളോടലിവാക-ണമേ നാഥാ

*സന്യാസികളുടെ ശവസംസ്കാരശുശ്രൂഷാക്രമം*
*പേജ്, 55*

www.malankaralibrary.com

# ദൈവത്തെ തൊട്ട മനുഷ്യൻ

ഫാ. പീറ്റർ കടമാൻകോട് ഒ.ഐ.സി.

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ആകാശത്തു താരനിരകളെയും ഭൂമിയിൽ വാഴുവാൻ മനുഷ്യനെയും സൃഷ്ടിച്ചു എന്നു തുടങ്ങി മനുഷ്യാവതാരവും അതിന്റെ ആവശ്യ കതയും വിശദീകരിച്ച് രക്ഷാകരകർമ്മങ്ങളും പിന്നിട്ട് പെന്തിക്കോസ്തി യിലെ പരിശുദ്ധാത്മാവാസവും, സഭയുടെ രൂപീകരണവും സഭാ ജീവിതവും, മൗലിക കാഴ്ചപ്പാടുകളും ഭൗതികജീവിതവും വ്യക്തി ജീവിതവും ജീവിത വിമർശനവും വരെയെത്തി നിൽക്കും പ്രിയ മാർട്ടിൻ ബ്രദറിന്റെ പള്ളിപ്രസംഗം. കേൾക്കുന്നവർക്ക് ഇമ്പകരവും ഉപയോഗപ്രദവു മാണെങ്കിൽ ഇതിന് സുവിശേഷ പ്രസംഗമെന്നും പറയാമല്ലോ. എതിരഭിപ്രായം കാണാം. എന്തായാലും ഞാനിതിനെ 'മാർട്ടിനണ്ണന്റെ സുവിശേഷം' എന്നു വിളിക്കുന്നു.

ഏൽപിക്കപ്പെട്ട ജോലികളെല്ലാം ലാളിത്യത്തിലും വിശ്വസ്തത യിലും ചെയ്തു തികയ്ക്കുവാൻ പരിശ്രമിക്കുകയും നല്ല ശതമാനം വിജയിക്കുകയും ചെയ്ത വിശ്വസ്തനായ ദാസനായിരുന്നു അദ്ദേഹം. ഭൗതികതയെ അതിജീവിച്ച് ദൈവികമായി കാണുവാൻ അദ്ദേഹത്തിനു ണ്ടായിരുന്ന ഉദ്ബോധം സ്വന്തം വീട്ടിൽ നിന്നു സമ്പാദിച്ചതും ബഥനിയിൽ പൂർത്തീകരിക്കപ്പെട്ടതുമാണ്. ബ്രദറച്ചൻ ദൈവത്തെ കൈക്കൊണ്ടു തൊട്ടു ദീനമായിക്കിടക്കുമ്പോഴും സംസാരിക്കുവാൻ ശേഷിയുണ്ടായിരുന്ന നാളത്രയും ആശ്രമസ്ഥരെ കാണാൻ ചെന്നാൽ ആദ്യത്തെ ചോദ്യം സുഖസ്ഥിതിയും രണ്ടാമത്തെ ചോദ്യം ഏതാ ശ്രമത്തിലാണ് എന്നുമാണ്. ആശ്രമത്തോടൊരാഭിമുഖ്യം അംഗങ്ങളുടെ സുഖസ്ഥിതിയറിയാനാഗ്രഹം. അടുത്ത നിർദ്ദേശം, വല്ലതും കഴിച്ചിട്ടു പോകണം എന്നതായിരുന്നു. വാ ഞാനൂടെ വരാം എന്നു പറഞ്ഞ് പ്രേരിപ്പിക്കുന്ന, നിർബന്ധിക്കുന്ന ഒരു പൂർവകാലം നമുക്കെല്ലാം പരിചയമുള്ളതാണല്ലൊ.

അതിഥി സൽക്കാരം ദൈവശുശ്രൂഷയാണെന്ന ബോദ്ധ്യം അദ്ദേഹത്തിൽ ശക്തമായിരുന്നു. ഇതു ബഥനിയിലെ പൂർവ്വികർ നമ്മെ പഠിപ്പിച്ചതാണെന്ന് ഒരോർമ്മപ്പെടുത്തലും കൂടിയാണെന്നു കരുതാം.

www.malankaralibrary.com

സ്വന്തം കൈകൊണ്ടു ദൈവത്തെത്തൊട്ട ഭക്തനുമാത്രമെ ഇങ്ങനെ ഒരോർമ്മപ്പെടുത്തൽ സാധ്യമാകുകയുള്ളു.

പരസ്നേഹവും ദാനധർമ്മവും അദ്ദേഹത്തിന്റെ ശക്തിമേഖല കളായിരുന്നു. ആവശ്യക്കാരുടെ മുൻപിൽ കൈനിവർത്തുവാൻ ധർമ്മി ഷ്ടരുടെ മുൻപിൽ കൈനീട്ടുവാനും അത്യാവശ്യഘട്ടങ്ങളിൽ അദ്ദേഹം ഉദ്യമിച്ചിരുന്നു. ഇതിലൂടെ താൻ തൊടുന്നത് ദൈവത്തെ യാണെന്ന ബോധ്യം അദ്ദേഹത്തെ നയിച്ചിരുന്നു എന്നുവേണം അനുമാനിക്കാൻ.

ഉറപ്പുള്ള ബോദ്ധ്യവും അതു പ്രകടിപ്പിക്കാനുള്ള ആർജ്ജ വത്വവും അദ്ദേഹത്തിനുണ്ടായിരുന്നു. ഞാനുൾപ്പെടെ ആശ്രമത്തിൽ പലരോടും അദ്ദേഹം നേരിട്ടു പറഞ്ഞിട്ടുള്ള ഒരു സംഭവം കൂടി സൂചി പ്പിച്ചുകൊണ്ടു നിർത്താം. മാർട്ടിൻ ബ്രദർ ആശ്രമത്തിൽ ചേർന്നതു മുപ്പതോളം വയസ്സു പ്രായത്തിലാണ്. ഹാശായാഴ്ചയിലെ ഒരിടദിവസം നോവിസ് മാസ്റ്റർ, ഗുരുവച്ചൻ വിളിച്ചു ചില കായികാധ്വാനങ്ങൾ ചെയ്യാൻ ആവശ്യപ്പെട്ടു. നവശിഷ്യൻ മാർട്ടിന്റെ പ്രതികരണം ഇങ്ങനെ, “അച്ചോ, ഓശാന കഴിഞ്ഞാൽ ഉയർപ്പുവരെ ഞങ്ങളുടെ വീടുകളി ലെങ്ങും ചൂലും തൂമ്പായുമൊന്നും എടുക്കാറില്ല. ആശ്രമത്തിൽ നിന്നു പറഞ്ഞുവിട്ടാലും ഞാൻ ജോലി ചെയ്യുകയില്ല. ഞായറാഴ്ച കഴിഞ്ഞ് ഏതു ജോലിയും ചെയ്യാം, എനിക്കാണേൽ ഒരു വയസ്സു കൂടുതലു മുണ്ടല്ലോ!” അല്പനേരം കഴിഞ്ഞ് ഗുരു അസ്വസ്ഥനായിരുന്നെങ്കിലും അദ്ദേഹം പിൻവാങ്ങി.

ദൈവത്തെ കൈകൊണ്ടു തൊട്ടവനു ധൈര്യം ദൈവസ്പർശ ത്തിന്റെ നിഴലാണല്ലോ.

ഇപ്പോഴവൻ ദൈവമുൻപിൽ വാഴുന്നു. ഇങ്ങനെയൊരു ധന്യജീവിതം... ഇനി ആ പ്രഭ മാത്രം.

സ്വർഗ്ഗീയോർശ്ലേമിൽ വാനവരോടൊന്നായ് നി-ന്ന്
കർത്തന്നായ് നീ സ്തുതിപാടും എന്നെന്നും ന-ന്നായ്

*സന്യാസികളുടെ ശവസംസ്കാരശുശ്രൂഷാക്രമം*
*പേജ്, 16*

www.malankaralibrary.com

# ഞങ്ങളുടെ പ്രിയപ്പെട്ട പേരപ്പൻ

**ലിസ്സി & ജോയി മറ്റത്തിൽ**

ബഥനി സന്യാസ സഭാംഗമായ ബ്ര.മാർട്ടിൻ – ഞങ്ങളുടെ പേരപ്പൻ – തന്റെ ദൈവവിളിയോട് അങ്ങേയറ്റം വിശ്വസ്തത പുലർത്തി ജീവിച്ച ഒരു താപസൻ ആയിരുന്നു.

പേരപ്പനെക്കുറിച്ച് രണ്ടുവാക്ക് എഴുതാനിരിക്കുമ്പോൾ മിഴിയും മനവും ഒരുപോലെ നിറയുകയാണ്.... പേരപ്പൻ ഞങ്ങളെ വിട്ടുപോയി എന്ന് ഓർക്കുവാൻ സാധിക്കുന്നില്ല.

ഞങ്ങളുടെ പ്രിയപ്പെട്ട ചാച്ചന്റെ വേർപാടിനു ശേഷം ഞങ്ങളുടെ കാര്യങ്ങളിൽ പേരപ്പൻ ഏറെ ശ്രദ്ധാലുവായിരുന്നു. പിതൃതുല്യമായ വാത്സല്യത്തോടെ ഞങ്ങളെ അന്വേഷിക്കുകയും അവസരം കിട്ടുമ്പോഴെല്ലാം ഞങ്ങളെ സന്ദർശിക്കുകയും ചെയ്തിരുന്നു. “കൊച്ചെ, ഞാനിങ്ങുവന്നു.... ഞാനങ്ങ് പോകുവാണെ....” ആ സ്വരം മനസ്സിൽ നിന്നും മായ്ക്കാൻ ആവുന്നില്ല. വീട്ടിൽ വന്നാൽ എല്ലാവരെയും കാണണം. അടുത്തുള്ള എല്ലാ വീടുകളിലും ജാതിമതഭേദമെന്യേ കയറി ചെല്ലും. രാവിലെ കാപ്പികുടിയും പത്രവായനയും കഴിഞ്ഞ് പിള്ളേരുടെ കൈയ്യും പിടിച്ച് ഇറങ്ങും. നടക്കാൻ പറ്റുന്ന അത്രയും വീടുകളിൽ കയറി അവരോട് സംസാരിച്ച് “ഞാനൊന്ന് പ്രാർത്ഥിക്കട്ടെ” എന്നു പറഞ്ഞ് പ്രാർത്ഥന തുടങ്ങും. ഓരോരുത്തരുടെയും തലയിൽ കൈവച്ച് പ്രാർത്ഥിച്ചതിനുശേഷമേ മടങ്ങൂ....

ഞങ്ങളുടെ ആത്മീയ ഭൗതിക ജീവിത സാഹചര്യങ്ങളിൽ പേരപ്പന്റെ പ്രാർത്ഥനയും ഉപദേശവും ഞങ്ങൾക്ക് എന്നും ശക്തി നല്കി. ഞങ്ങളുടെ മൂത്തമകൻ അഭിഷേകിനെ (പൊന്നുവിനെ) സ്പോർട്സ് സ്കൂളിൽ വിടുന്നതിനെക്കുറിച്ച് അഭിപ്രായം ചോദിച്ചപ്പോൾ “നിങ്ങൾ പ്രാർത്ഥിക്ക്, ഞാനും പ്രാർത്ഥിക്കാം... അപ്പോൾ ഉചിതമായ ഒരു തീരുമാനത്തിൽ എത്താൻ സാധിക്കും.” അവന്റ ഉയർച്ചയുടെ ഓരോ പടവുകളിലും പേരപ്പന്റെ പ്രാർത്ഥന കൂടെയുണ്ടായിരുന്നു. ഞായറാഴ്ചകളിലെ വിളിയിൽ... എന്തിനേറെ രോഗാവസ്ഥയിൽ വല്ലപ്പോഴും വിളിക്കുമ്പോൾ പോലും “ഓട്ടക്കാരന്

www.malankaralibrary.com

ഇനി എന്നാണ് മത്സരം" എന്നായിരുന്നു അന്വേഷണം. ഒപ്പം പ്രാർത്ഥന വാഗ്ദാനം ചെയ്യാനും മറക്കാറില്ല.

ജീവിതത്തിന്റെ സമസ്തമേഖലകളിലും പേരപ്പൻ കാണിച്ച വിനയം, മിതത്വം, ലാളിത്യം, മറ്റുള്ളവരുടെ പ്രത്യേകിച്ച്, പാവപ്പെട്ട വരോട് കാണിച്ച കരുതൽ, എപ്പോഴും കാത്തുസൂക്ഷിച്ച പ്രാർത്ഥനാ മനോഭാവം, ദൈവാശ്രയബോധം, ആത്മീയ ചൈതന്യം തുളുമ്പുന്ന നർമ്മത്തിൽ പൊതിഞ്ഞ സംസാരം ഇവയെല്ലാം ഞങ്ങളെയും ഞങ്ങളുടെ കുടുംബങ്ങളെയും പ്രചോദിപ്പിച്ചുകൊണ്ടിരിക്കും.

ദീർഘകാലത്തെ രോഗാവസ്ഥയിൽപോലും പരാതികൂടാതെ ദൈവഹിതത്തിന് സ്വയം സമർപ്പിച്ചുകൊണ്ടുള്ള പേരപ്പന്റെ ജീവിതം ഏവർക്കും മാതൃകയാണ്. ഞങ്ങളുടെ പേരപ്പൻ ഒരു വിശുദ്ധനാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ ജീവിതവഴികളിൽ പേരപ്പന്റെ വാത്സല്യവും സ്നേഹവും എന്നും പ്രഭ ചൊരിഞ്ഞുകൊണ്ടിരിക്കും. പേരപ്പന്റെ പാവനാത്മാവിന് നിത്യശാന്തി നേരുന്നു.

❖ ❖ ❖

നിൻ സ്തു-തിപാടാൻ നീ തീർത്തോരധരം-നിൻ രണ്ടാം വരവിൽ
പാ-പമോചനം പ്രാപിക്കാൻ യോഗ്യമതാക്കി തീ-ർക്കേണമേ
നിൻ മഹിമോദയ നാൾ
നിനക്കായി സ്തുതിഹാ-രങ്ങൾ നെയ്തോരാ
കൈകൾ ബന്ധിതമാക്കരുതേ
എനിക്കാ-യ് കേഴും സോദരരാം നി-ന്നാ-രാധകർ
നിൻ രാജ്യേ മോദം- കൊള്ളണമേ
നാഥാ എന്നെ ഓർക്കുന്നോർ മോദിക്കേണമെന്നൊപ്പം
പ്രഭയിൽ നിൻ- മേശമേൽ

*സന്യാസികളുടെ ശവസംസ്കാരശുശ്രൂഷാക്രമം*
*പേജ്, 42*

www.malankaralibrary.com

# ബഥനിയിലെ ഫ്രാൻസിസ് അസീസ്സി

**ബ്രദർ യൊവാക്കിം കടിയംകുന്നേൽ ഒ.ഐ.സി.**

ബഹുമാന്യനായ മാർട്ടിൻ ബ്രദറച്ചൻ പാവപ്പെട്ടവരുടെയും അവശരുടെയും പക്ഷംചേർന്ന് ജീവിച്ചിരുന്ന ഒരു ബഥാന്യൻ ഫ്രാൻസിസ് അസീസ്സിയായിരുന്നു. അദ്ദേഹത്തെ പരിചയമുള്ളവർക്ക് ഈ സത്യം നിസ്സംശയേനേ പറയാൻ സാധിക്കും. ആശ്രമത്തിൽ വരുന്ന ഏത് അതിഥിയെയും അവർ അർഹിക്കുന്ന ബഹുമതിയോടെ ആദരിച്ച് സ്വീകരിക്കുന്നതിനും, സൽക്കരിക്കുന്നതിനും അസാധാരണ കഴിവുള്ള ഒരു വ്യക്തിയായിരുന്നു മാർട്ടിൻ ബ്രദറച്ചൻ.

### മറ്റുള്ളവർക്ക് വഴിമാറിക്കൊടുക്കുന്ന വ്യക്തി

"അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3:30) എന്ന സ്നാപകയോഹന്നാന്റെ ജീവിതശൈലി തന്റെ ജീവിതത്തിൽ യാഥാർത്ഥ്യമാക്കിക്കൊണ്ട് മറ്റുള്ളവരെ സ്നേഹിക്കുകയും, സഹായിക്കുകയും, കരുതുകയും, വളർത്തുകയും ചെയ്ത ഒരു സന്യാസിയായിരുന്നു മാർട്ടിൻ ബ്രദർ.

### സ്നേഹത്തിന്റെ പ്രവാചകൻ

"ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതു മൂലം എല്ലാവരും അറിയും"(യോഹ13:34-35). യേശു കർത്താവിന്റെ ഈ തിരുവചനങ്ങൾ താൻ എവിടെയായിരുന്നുവോ അവിടെയെല്ലാം അന്വർത്ഥമാക്കിക്കൊണ്ട് ദൈവസ്നേഹത്തിലും, പരസ്നേഹത്തിലും നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു ബ്രദറച്ചൻ.

### അമ്മയുടെ കരുതൽ

"എനിക്കു വിശന്നു നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ

www.malankaralibrary.com

രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്റെ അടുത്തുവന്നു. (മത്താ 25:35-36). കണ്ടുമുട്ടുന്നവരുടെ വിശപ്പും ദാഹവും തീർത്തുവിടുക എന്നത് അദ്ദേഹത്തിന്റെ ജീവിതത്തിലെ വലിയ സന്തോഷമായിരുന്നു. രോഗികളെ സന്ദർശിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അദ്ദേഹം സമയം കണ്ടെത്തി. യേശുവിന്റെ ഈ തിരുവചനം സ്വന്തം ജീവിതത്തിൽ നിറവേറ്റിയപ്പോൾ പലപ്പോഴും അധികാരികളുടെ അപ്രീതിക്ക് അദ്ദേഹം പാത്രമായിട്ടുണ്ട്. എങ്കിലും ബഥനിയിലെ മർത്തയെപ്പോലെ സദാ സേവനസന്നദ്ധനായിരുന്നു അദ്ദേഹം.

**പ്രോത്സാഹനം**

ആശ്രമജോലികളിൽ സഹായിക്കുന്നവരെയും മറ്റു ജോലിക്കാരെയും പ്രശംസിക്കുകയും "കൊള്ളാം, കൊള്ളാം" എന്നു പറഞ്ഞ് അവരെ സന്തോഷിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും പിഴവു വന്നാൽ സ്നേഹബുദ്ധ്യാ അവരെ തിരുത്തി കൊടുക്കുകയും ചെയ്തിരുന്ന ഒരു വ്യക്തിയായിരുന്നു മാർട്ടിൻ ബ്രദറച്ചൻ.

**ഭക്തിമാർഗ്ഗം**

തിരുസഭയിലുള്ള വിശുദ്ധരുടെ ജീവചരിത്രം കാണാപാഠം പറയുവാനും, പരി.കന്യകാമറിയാമിന്റെ ജീവിതവും വിശുദ്ധിയും നിർത്താതെ പ്രസംഗിക്കുവാനുമുള്ള അസാധാരണ സിദ്ധി ലഭിച്ച ഈ പ്രഭാഷകൻ ചില പള്ളിവികാരി അച്ചന്മാരെ വിഷമത്തിലാക്കിയിട്ടുണ്ട്.

**സ്തുതി പാടുന്ന മാലാഖ**

ഏതു മനുഷ്യരോടും അവരുടെ സുഖവും ക്ഷേമവും അന്വേഷിക്കുകയും, വൈദികരെയും സന്യസ്തരെയും കാണുന്ന മാത്രയിൽ കൈകൾ കൂപ്പി 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ' എന്ന് ഭക്തിയോടെ ചൊല്ലുകയും ചെയ്യുന്ന മാർട്ടിൻ ബ്രദറച്ചനെ ആർക്കും മറക്കാനാവില്ല.

**രോഗീസന്ദർശനം**

"ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ 25: 36) എന്ന ദൈവിക വചനം തന്റെ ജീവിതത്തിലുടനീളം അദ്ദേഹം പ്രാവർത്തികമാക്കിയിരുന്നു. താൻ ഏതാശ്രമത്തിലെ അംഗമായിരു

www.malankaralibrary.com

ന്നാലും ആ പ്രദേശത്തുള്ള ഏതു വീടുകളിലും രോഗികളുണ്ടെങ്കിൽ ജാതിമതഭേദമെന്യേ അവിടെയെത്തി അവരെ ആശ്വസിപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. ആശ്രമത്തിൽ ഏതെങ്കിലും അച്ചന്മാർ വന്നാൽ അവരെ രോഗികളായി കിടക്കുന്ന അച്ചന്മാരുടെ അടുക്കൽ കൊണ്ടുപോയി പ്രാർത്ഥിപ്പിക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു.

**വിശ്വസ്ത ഭൃത്യൻ**

ആത്മീയ ജീവിതം കൃത്യമായും നിഷ്ഠയായും നടത്തുകയും യേശുവിനെ പിൻചെല്ലുകയും അധികാരികൾ പറയുന്നതും ആഗ്രഹിക്കുന്നതും സ്നേഹത്തോടെ അനുസരിക്കുകയും ചെയ്യുന്ന മാർട്ടിൻ ബ്രദറച്ചൻ വ്രതബദ്ധജീവിതത്തിന് ഒരു ഉദാത്തമായ മാതൃകയാണെന്ന് കൂടെ ജീവിച്ച സന്യസ്തർ സാക്ഷിക്കുന്നു. തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യനായിരുന്നു അദ്ദേഹം. സ്വർഗ്ഗരാജ്യത്തിൽ അങ്ങയെ കാണുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. ഞങ്ങൾക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കണമെ!

❖ ❖ ❖

യൗവ്വനത്തിൽ നിന്നെ വള-ർത്തി- നിൻ വൃദ്ധതയിൽ നിന്നെ
താങ്ങുകയും ചെയ്തോനീശൻ നൽകട്ടെ
വാഗ്ദാനംപോലെ നിനക്കായ് കൃ-പ നി-റഞ്ഞീടും പറുദീസാ

ഉത്ഥാനദിനേ തൻ സ്വരത്താൽ വി-ളിച്ചു- മൃതരെ മഹിമാവിൽ
ഉയിർപ്പിച്ചോൻ വാഴ്ത്തപ്പെട്ടവനാകട്ടെ
സ്നേഹിതനാം ലാസരെ അഴുകും ജ-ഡത്തിൽ നിന്നവൻ
വിളിക്കുമ്പോൾ....

*സന്യാസികളുടെ ശവസംസ്കാരശുശ്രൂഷാക്രമം*
*പേജ്, 48*

www.malankaralibrary.com

# സുവിശേഷപ്രസംഗകനായ ബ്രദർ മാർട്ടിൻ ഒ.ഐ.സി

**ഫാ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**
**തപോവനം ബഥനി ആശ്രമം**

## സ്നേഹത്തിൽ സത്യം (എഫേ 4:15)

1965 നവംബറിൽ പ്രഥമ വ്രതവാഗ്ദാനം നടത്തിയ റവ.ബ്ര.മാർട്ടിൻ വൈമറ്റം ഒ.ഐ.സി.യുടെ പ്രഥമ നിയമനം കറ്റാനം ആശ്രമത്തിലായിരുന്നു. അവിടെ 1966-ൽ അപ്പസ്തോലിക് സ്റ്റുഡന്റ് ആയി ഞങ്ങൾ വരുമ്പോൾ ഞങ്ങളെ സ്വീകരിച്ചത് ബ്രദർ മാർട്ടിൻ വൈമറ്റമാണ്. ബ.കോശി കാക്കനാട്ടച്ചൻ, ഫാ.ലോറൻസ്, ഫാ.ലാസറസ്, ബ്രദർ അലോഷ്യസ്, ഫാ.അംബ്രോസ് തുടങ്ങിയവ രായിരുന്നു മറ്റ് ആശ്രമാംഗങ്ങൾ. കുട്ടികളായ ഞങ്ങളോട് കൂടുതൽ ഇടപെട്ടിരുന്നു. ഞങ്ങളുടെ കാര്യങ്ങൾ നോക്കുന്നത് ബ്രദർ മാർട്ടി നായിരുന്നു. എല്ലാവരുടേയും ക്ഷേമം അദ്ദേഹത്തിന്റെ കരുതലിലു ണ്ടായിരുന്നു. പിന്നീടുള്ള എല്ലാ കാലഘട്ടത്തിലും ബ്രദർ മാർട്ടിന്റെ കരുതലോടുകൂടിയ പരിഗണന ഓരോ ബഥാന്യനും ലഭ്യരായതിന് ഏവരും സാക്ഷികളാണ്.

## പ്രേഷിതനായ ബഥാന്യൻ

പള്ളികളിൽ പ്രസംഗിക്കാനും പ്രേഷിതശുശ്രൂഷകൾക്കും സദാസന്നദ്ധനായിരുന്ന ബ്രദർ മാർട്ടിൻ എല്ലാ കമ്മ്യൂണിറ്റികൾക്കും അഭിമതനായിരുന്നു. ഏതാശ്രമത്തിലായാലും അടുത്തുള്ള ദൈവാലയങ്ങളിൽ ആവശ്യമായ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിന് ബ്രദർ സന്നദ്ധനായിരുന്നു. കറ്റാനം ഇടവകയിൽ വിൻസെന്റ് ഡി പോൾ സംഘടനയ്ക്കും ലീജിയൻ ഓഫ് മേരി സംഘടനയ്ക്കും ഉപദേശ പ്രസംഗം നടത്തുവാൻ ബ.മാർട്ടിൻ ബ്രദർ സർവ്വഥാ ശ്രദ്ധാലുവായിരുന്നു. ഞങ്ങൾ പഠിക്കുമ്പോഴും മറ്റും പലപ്പോഴും അദ്ദേഹം വിവിധ കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ കറ്റാനം മലങ്കര കത്തോലിക്കാ ദൈവാലയത്തിലേക്ക് പോകുമായിരുന്നു.

www.malankaralibrary.com

**മധുരോധാരമായ സൗഹൃദം**

ആദ്യകാല അഖിലകേരള ബാലജനസഖ്യത്തിന്റെ നേതാക്കളിൽ ഒരാളായി ശ്രീ. ജോയി അയിരൂർ എന്ന എന്റെ മാതുലനാണ് കറ്റാനം ആശ്രമത്തിൽ എന്നെ കൊണ്ടുചെന്നാക്കിയത്. ശ്രീ. ഉമ്മൻ ചാണ്ടിയോടും, ശ്രീ.റ്റി.കെ. എം. നായരോടും, ശ്രീ.തോമസ് പുളിക്കത്തറ, ശ്രീ. വറുഗീസ് വില്ലോത്ത് എന്നിവരോടുംകൂടി 1960-കളിൽ അദ്ദേഹം ബാലജനസഖ്യത്തിനായി നേതൃത്വം നൽകിയിരുന്നു. ബ്രദർ മാർട്ടിന്റെ ആതിഥ്യമര്യാദകളിൽ ആകൃഷ്ടനായ അദ്ദേഹം കടന്നു പോകുമ്പോഴൊക്കെയും ബ്രദർ മാർട്ടിനെപ്പറ്റി ചോദിക്കുമായിരുന്നു. അന്നത്തെ അപരിചയത്തിന്റെ ഹൃദ്യതയാണ് അത് കാണിക്കുന്നത്. എന്റെ പിതാവ് ശ്രീ മാമ്മൻ തോമസും (വെട്ടിപ്ര കുഞ്ഞച്ചൻ) കറ്റാനത്ത് വരുമ്പോഴൊക്കെ ലഭിച്ച സൗഹൃദമായ പെരുമാറ്റത്തിന്റെ മാധുര്യം എപ്പോഴും ആവർത്തിച്ച് പറഞ്ഞിരുന്നു. ഓർത്തഡോക്സ് സഭയിൽ ആദ്യമായി ബാഹ്യകേരളത്തിനുവേണ്ടി പൗരോഹിത്യം പ്രാപിച്ച റവ.ഫാ. സൈമൺ മാത്യൂസ് മേലേടത്ത് ആയിരുന്നു ഞാൻ പരിചയിച്ച ആദ്യത്തെ വൈദികൻ. അദ്ദേഹം എന്റെ മറ്റൊരു മാതുലൻ ആയിരുന്നു. എന്നാൽ കാവിവസ്ത്രധാരിയായ ബ്രദർ മാർട്ടിന്റെയും മറ്റു വൈദികരുടെയും ഇടപെടൽ പുതിയ ഒരു ലോകം തന്നെയായിരുന്നു എന്ന് ശ്രീ.ജോയി അയിരൂർ ആവർത്തിക്കുന്നത് എനിക്ക് കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ഓർത്തഡോക്സുകാരനായിരുന്നെങ്കിലും വലിയ മതിപ്പായിരുന്നു ബഥനിയെപ്പറ്റി. അതിന് കാരണം ബ്രദർ മാർട്ടിനും.

**യാമങ്ങളുടെ കാവൽക്കാരൻ**

എല്ലാ യാമങ്ങളിലും പ്രാർത്ഥനയ്ക്കും കൃത്യമായി പങ്കെടുക്കുവാൻ ആരോഗ്യത്തിലും അനാരോഗ്യത്തിലും ബ.ബ്രദർ മാർട്ടിൻ അതീവ ശ്രദ്ധാലുവായിരുന്നു. കൂടെയുള്ളവരെ നിർബന്ധിച്ച് യാമ പ്രാർത്ഥന നടത്തി ചെറിയ ആശ്രമങ്ങളെപ്പോലും സജീവമാക്കുവാൻ ബ.ബ്രദർ ബദ്ധശ്രദ്ധനായിരുന്നു. വി.കുർബാനയ്ക്ക് ഒരുക്കങ്ങൾ ചെയ്യാനും അതിൽ സംബന്ധിക്കുവാനും അനാരോഗ്യകാലത്തും വലിയ ശ്രദ്ധ കാണിച്ചിരുന്ന ബ.ബ്രദർ ഒരു അത്ഭുതമായിരുന്നു. ഒരു കുർബ്ബാനയും അദ്ദേഹം മുടക്കിയിരുന്നില്ല. എന്നും എല്ലാ ദിവസവും സംബന്ധിക്കുമായിരുന്നു.

www.malankaralibrary.com

**കരുതലിന്റെ മാലാഖ**

ഏതൊരാൾ ആശ്രമത്തിൽ വന്നാലും അവർക്ക് ആവശ്യമായ ആതിഥ്യമര്യാദകൾ പാലിച്ച് അവരെ സ്വീകരിക്കുന്നത് ബ.മാർട്ടിൻ ബ്രദറിന്റെ രീതിയായിരുന്നു. അതിഥികൾക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കി കൊടുക്കാനും, എപ്പോഴും ഏതാശ്രമത്തിൽ ആയിരുന്നപ്പോഴും ബ.ബ്രദർ മാർട്ടിൻ ശ്രദ്ധിച്ചിരുന്നു. കൂട്ടത്തിലാർക്കെങ്കിലും അസുഖമോ, ക്ഷീണമോ ഉള്ളപ്പോഴും അവർക്കാവശ്യമായ കരുതൽ ബ.ബ്രദർ മാർട്ടിൻ നൽകിയിരുന്നു.

**സഹായകൻ, വിശ്വസ്തതയുടെ പര്യായം**

സഹായം തേടിവന്നിരുന്ന ആളുകൾക്ക് പണമായും ഭക്ഷണമായും വേണ്ട സഹായങ്ങൾ നൽകുന്നതിനാൽ ബ.ബ്രദർ മാതൃകയായിരുന്നു. സാധുക്കളെ ആരെയും വെറുംകയ്യോടെ വിടുന്ന അനുഭവം ആർക്കും ഉണ്ടായിട്ടില്ല. ഭക്ഷണമോ, കാപ്പിയോ, ചായയോ എന്തു തന്നെയായാലും ഓരോ സമയത്തിന്റേതനുസരിച്ച് നൽകിയിരിക്കും. അനേകരെ തന്റെ കഴിവനുസരിച്ച് സഹായിക്കാൻ ബ.ബ്രദറിന് കഴിഞ്ഞിരുന്നു.

**ലളിതമായ ഭാഷ**

പ്രസംഗത്തിലും മറ്റും സാധാരണക്കാർക്ക് മനസ്സിലാകുന്ന ജീവിതാനുഭവങ്ങളിൽ നിന്നും, വിശുദ്ധരുടെ ജീവിതത്തിൽ നിന്നും തിരുവചനത്തിലെ സന്ദർഭങ്ങൾ-വായനകൾ ഇവ ഉദ്ധരിച്ചുകൊണ്ടും മണിക്കൂറുകളോളം പ്രസംഗിക്കാൻ ബ.ബ്രദറിന് സാധിച്ചിരുന്നു.

കേരളത്തിലെ മിക്ക ദൈവാലയങ്ങളിലും സൗത്ത് കാനറാ തുടങ്ങിയ സ്ഥലങ്ങളിലെ ദൈവാലയങ്ങളിലും ബ.ബ്രദർ പ്രസംഗിച്ചിട്ടുണ്ട്. സമീപമുള്ള ലാറ്റിൻ, സീറോ മലബാർ പള്ളികളിലും പ്രസംഗിക്കാനും മറ്റു മതസ്ഥരോടുപോലും സൗഹൃദത്തോടെ ഇടപെടാനും ബ്രദർ ശ്രദ്ധിച്ചിരുന്നു.

**കർഷകബന്ധു, ആത്മീയബലം**

കൃഷി സ്ഥലങ്ങളിലെ ചാഴി ശല്യവും, മറ്റു പ്രശ്നങ്ങൾ ഒക്കെയും പ്രാർത്ഥനയിൽ സമർപ്പിച്ച് പരിഹരിക്കുന്നതിന് പ്രത്യേകമായ ശ്രദ്ധ ബ.ബ്രദറിനുണ്ടായിരുന്നു.

www.malankaralibrary.com

**കാപ്പികുടിച്ചോ?**

തൊണ്ണൂറിലധികം വർഷം ജീവിച്ച ബ.ബ്രദറിനെ അവസാനമായി സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചു. അല്പം ബോധം വന്നപ്പോൾ എന്നോട് ചോദിച്ചത് കാപ്പി കുടിച്ചോ? എന്നായിരുന്നു. അത്രമാത്രം കരുതൽ ഹൃദയത്തിൽ സൂക്ഷിച്ച ബ.ബ്രദർ ഓരോ വ്യക്തിക്കും എപ്പോഴും സംലഭ്യനായിരുന്നു.

**ആത്മീയ പ്രചോദനം**

ധാരാളംപേരെ ദൈവവേലയിലേക്ക് പ്രോത്സാഹിപ്പിച്ച ബ.ബ്രദർ നാട്ടുകാരുടെയും വീട്ടുകാരുടെയും ആത്മീയ പ്രചോദനമായിരുന്നു. കുടുംബത്തിൽ നിന്നു അനേകം സിസ്റ്റേഴ്സും, മറ്റു ദൈവവേലയിൽ വ്യാപൃതരായവരുമുണ്ട്.

വൈദികരുടെയും സന്യസ്തരുടെയും സേവനം ആവശ്യമുള്ള എല്ലാ മേഖലയിലും കടന്നുചെന്ന് പ്രവർത്തിച്ചിരുന്ന ബ.ബ്രദർ മാർട്ടിൻ സ്വർഗ്ഗത്തിലിരുന്നുകൊണ്ട് നമ്മെയും, ഏവരെയും കരുതും എന്നതിന് സംശയമില്ല.

എന്റെ നാമത്തിൽ ഒരു പാത്രം ജലമെങ്കിലും നൽകുന്നവർക്ക് പ്രതിഫലം ലഭിക്കാതിരിക്കയില്ല എന്നും, ഈ ചെറിയവരിൽ ഒരാൾക്ക് നന്മ ചെയ്തപ്പോൾ നിങ്ങൾ എനിക്കാണ് ചെയ്തതെന്നും (മത്താ 25:40) അരുളിച്ചെയ്ത കർത്താവ്, നല്ലവനായ ദൈവം, ബഹു.മാർട്ടിൻ ബ്രദറിനെ അവിടുത്തെ മഹത്വത്തിൽ പ്രവേശിപ്പിക്കട്ടെ.

എൻ പ്രിയരെ മറന്നീടല്ലെ
ഈ ലോകം കടന്നേപോകും
ഇന്നതിനെ കയ്യാളുന്നോർ
തന്നൊടുമതു ശേഷിക്കില്ല
മോഹനമാമെല്ലാം ക്ഷണികം
ശൂന്യതയിൽ അലിയും സകലം

*സന്യാസികളുടെ ശവസംസ്കാരശുശ്രൂഷാ ക്രമം*
*പേജ്, 36*

www.malankaralibrary.com

# സാധാരണക്കാരുടെ മനസറിഞ്ഞ സന്യാസി ശ്രേഷ്ഠൻ

**ബ്രദർ ജി. ഗ്രേഷ്യസ് കരിമ്പനാമണ്ണിൽ ഒ.ഐ.സി**

പാലാ വൈമറ്റം വീട്ടിൽ ശ്രീമാൻ ജോസഫിന്റെയും ശ്രീമതി മറിയാമ്മയുടെയും മകനായി 1928 നവംബർമാസം 9-ാം തീയതി തോമസ് (പിന്നീട് മാർട്ടിൻ ബ്രദർ) ജനിച്ചു. 35 വർഷം വീട്ടിലും നാട്ടിലും വിവിധ രംഗങ്ങളിൽ ജോലി ചെയ്ത് തന്റെ ദൈവവിളി തിരിച്ചറിഞ്ഞ് ബഥനിയിലേക്ക്, മലങ്കര സഭയിലേക്ക് തന്റെ 35-ാമത്തെ വയസ്സിൽ 1963ൽ അർത്ഥിയായി തിരുവനന്തപുരം നാലാഞ്ചിറ ബഥനി ആശ്രമത്തിൽ ചേർന്നു. 1965-ൽ തന്റെ ആദ്യവ്രതവാഗ്ദാനം ചെയ്തു.

1965 മുതൽ 2018 ഒക്ടോബർ 5 വരെയുള്ള തന്റെ ജീവിതകാലം സന്യാസ ദൈവവിളിയോട് ഏറ്റവും അധികം വിശ്വസ്തത പുലർത്തി കടന്നുപോയ വ്യക്തിത്വത്തിന്റെ ഉടമയാണ് ബഹു.മാർട്ടിൻ ബ്രദർ.

1979-ൽ എന്റെ നവസന്യാസകാലത്ത് എന്റെ ബാച്ചിലെ ബഹു.ഫാ.ഗീവറുഗീസ് പാലവിള, ബാബു മൈക്കിൾ, ജോഷ്വാ കുറ്റിയിൽ അശോകപുരം കാർമ്മൽ ആശുപത്രിയിൽ ചികിത്സയ്ക്കു ചെല്ലുമ്പോൾ അവിടുത്തെ റവ.സി. ഡോ. ജോസഫാത്ത് CMC "നിങ്ങൾ ബഥനിക്കാർ ആണല്ലോ. അപ്പോൾ നമ്മുടെ ജീവിക്കുന്ന ആ വിശുദ്ധൻ ഇപ്പോൾ എവിടെയാണ്?" എന്ന് ചോദിച്ചു. ഞങ്ങൾക്ക് ചോദ്യം പിടി കിട്ടിയില്ല. ആശ്രമത്തിൽ തിരികെ വന്ന് ബോസ്കോ അച്ചൻ, ലാസറച്ചൻ, യോവാക്കിം ബ്രദർ എന്നിവരുമായി അനുഭവം പങ്കുവച്ചപ്പോൾ അത് മറ്റാരും അല്ല, നമ്മുടെ മാർട്ടിൻ ബ്രദർ ആണ് എന്ന് പറഞ്ഞുതന്നിരുന്നു.

എന്റെ നവസന്യാസകാലം കഴിഞ്ഞ് പിന്നീട് പലപ്പോഴും ബ്രദറച്ചനെ കാണുവാനും കേൾക്കുവാനും, അറിയുവാനും എനിക്ക് പല അവസരങ്ങൾ ലഭിച്ചിരുന്നു.

താൻ എവിടെ ആയിരുന്നാലും അവിടെ എല്ലാം തന്റെ കഴിവ്

www.malankaralibrary.com

അനുസരിച്ച് ജോലി ചെയ്യുവാനും അതുവഴി ഒരു ജനസമൂഹത്തെ ഒരുക്കി ദൈവത്തിലേക്ക് അടുപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചു.

കത്തോലിക്കാസഭാ വിശ്വാസത്തിൽ അടിയുറച്ചു വളർന്നുവന്ന മാർട്ടിൻ ബ്രദർ തന്റെ നോവിസ് മാസ്റ്ററെ വരെ തിരുത്തിയ സംഭവം കേട്ടിരുന്നു. ഹാശാ ആഴ്ചയിൽ പറമ്പിൽ വലിയ കുഴിയെടുക്കാൻ നോവിസ് മാസ്റ്റർ ആവശ്യപ്പെട്ടു. അപ്പോൾ മറുപടിയായി "അച്ചോ എന്തു വന്നാലും ഞാൻ കുഴിയെടുക്കില്ല. ഹാശാ ആഴ്ചയിൽ ഒരു പണിയും എടുക്കാൻ പാടില്ല എന്നു ഞങ്ങളെ സൺഡേസ്കൂളിൽ പഠിപ്പിച്ചിട്ടുണ്ട്." നോവിസ്മാസ്റ്റർ "ആ, പൊക്കോ" എന്നു പറഞ്ഞു തിരികെ വിട്ടു. തന്റെ കത്തോലിക്കാ വിശ്വാസത്തിന്റെ വലിയ ഉദാഹരണം ആണ് ഇത്. ഏതാണ്ട് 1965 മുതൽ 1980 വരെ കേരളത്തിലെ നമ്മുടെ മിക്ക ആശ്രമങ്ങളിലും കറ്റാനം, തിരുവല്ലാ, ആലുവ, നാലാഞ്ചിറ, കോട്ടയം, മുക്കംപാല, വെങ്ങോല എന്നിവിടങ്ങളിലും 1980 മുതൽ 2010 വരെ കർണ്ണാടകയിലും ആയിരുന്നു പ്രവർത്തനരംഗം.

ശവസംസ്കാരശുശ്രൂഷയിൽ അഭിവന്ദ്യ ഗീവറുഗീസ് മാർ മക്കാറിയോസ് പിതാവ് അനുസ്മരിച്ചത് ഇപ്പോൾ ഓർമ്മയിൽ വരുന്നു. "ഇന്നത്തെ പുത്തൂർ രൂപതയിലെ ഒട്ടുമിക്കവാറും ഇടവകകളിലും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ശുശ്രൂഷ ചെയ്തു. ക്ഷുദ്രജീവികളെ വിലക്ക്, രോഗികളുടെ തലയിൽ കൈവച്ച് പ്രാർത്ഥന എന്നിവയ്ക്ക് ഭാഷയും, ആരോഗ്യവും ഒരു പ്രശ്നം അല്ലായിരുന്നു."

ബഹു.ഇടവക വികാരിയെക്കാളും കാര്യങ്ങൾ മനസ്സിലാക്കി ജനത്തിന്റെ ആവശ്യങ്ങൾ ചെയ്തു കൊടുത്തിരുന്ന ബ്രദർ അച്ചനോടായിരുന്നു ജനങ്ങൾക്ക് കൂടുതൽ ഇഷ്ടം. കർണ്ണാടകയിൽ പ്രവർത്തിച്ച വൈദികർ, സിസ്റ്റേഴ്സ്, ഇടവകജനം ഒരുപോലെ പറയുന്നത് കേൾക്കാം. "മാതൃസ്നേഹവും പിതൃസ്നേഹവും ഒരു പോലെ നൽകിയ വ്യക്തിയാണ് ബ്രദർ അച്ചൻ." സമൂഹത്തിലെ ഇളയതലമുറയെയും പഴയതലമുറയെയും വ്യത്യാസം ഇല്ലാതെ സേവിച്ച വ്യക്തിയാണ് ഈ ജീവിക്കുന്ന വിശുദ്ധൻ. പാവങ്ങളോടും ആലംബഹീനരോടും ഏറെ കാരുണ്യം കാണിച്ചിരുന്നു.

ശവസംസ്കാരശുശ്രൂഷയിലെ നാലാം ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ പത്തനംതിട്ട രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ

www.malankaralibrary.com

സാമുവേൽ മാർ ഐറേനിയോസ് പിതാവ് അനുസ്മരിച്ചത്, എത്ര സത്യമാണ്. ‘‘കൂദാശയും, സമർപ്പിത ജീവിതവും എല്ലാം ഇന്ന് ചോദ്യചിഹ്നമായി മാറുമ്പോൾ 53 വർഷം സന്യാസ ജീവിതം നയിച്ച മിഷനറിയായ ബ്രദർ മാർട്ടിന്റെ ജീവിതം എത്ര ഭാഗ്യപ്പെട്ടത്’’ തന്റെ സന്യാസനിഷ്ഠകൾ പാലിക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. താൻ ആയിരുന്ന മലങ്കര സഭയോടും ബഥനി സന്യാസ സമൂഹത്തോടുമുള്ള സ്നേഹവും, മേലധികാരികളോടുള്ള വിധേയത്വവും, മറ്റ് സഹോദരങ്ങളോടുള്ള സ്നേഹവും, ലാളിത്യമാർന്ന ജീവിതശൈലിയും ഇളംതലമുറക്ക് ഒരു മാതൃകയായിരുന്നു.

‘‘ഞാൻ നന്നായി പൊരുതി, എന്റെ ഓട്ടം പൂർത്തിയാക്കി. വിശ്വാസം കാത്തു. എനിക്ക് നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അതെനിക്ക് സമ്മാനിക്കും.’’

തന്റെ രോഗാവസ്ഥയിൽപോലും സമൂഹത്തിൽ സന്തോഷവും ആനന്ദവും കണ്ടെത്തുകയും ദൈവഹിതത്തിന് തന്നെ തന്നെ സമർപ്പിക്കുകയും ചെയ്തിരുന്നു. അങ്ങനെ 53 വർഷക്കാലം സമർപ്പിത ജീവിതം നയിച്ച്, ജനഹൃദയങ്ങളിൽ ജീവിക്കുന്ന വിശുദ്ധനാണ് മാർട്ടിൻ ബ്രദറച്ചൻ. മാർട്ടിൻ ബ്രദറിനെ ബഥനിക്ക് നൽകിയ വൈമറ്റം കുടുംബത്തോടുള്ള നന്ദി ഇവിടെ അറിയിക്കുന്നു. മാർട്ടിൻ ബ്രദറിന്റെ ആത്മാവിനു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

❖ ❖ ❖

വിശ്വാസത്തിൽ വാങ്ങിപ്പോയോർ
ആത്മാക്കൾക്കേകീടണമേ
വിശ്രമമംശു കുടീരത്തിൽ
നയവാൻമാർ കൂടാരത്തിൽ

*സന്യാസികളുടെ ശവസംസ്കാരശുശ്രൂഷാക്രമം*
*പേജ്, 50*

www.malankaralibrary.com

# “ഞാനങ്ങോട്ട് പോകുവാണേ...”

**ഫാ. ഡൊമിനിക് മൂഴിക്കര ഒ.ഐ.സി.**

പുഞ്ചിരികൊണ്ടും, വാക്കുകൾകൊണ്ടും, ധ്യാനപ്രസംഗങ്ങൾ കൊണ്ടും, ഭവന സന്ദർശനങ്ങൾകൊണ്ടും, കണ്ടുമുട്ടുന്നവർക്കെല്ലാം ക്രിസ്തുവിനെ പകുത്തുനൽകിയ സന്യാസിവര്യൻ.....

സുവിശേഷവുമായി നാട്ടുവഴികളിലൂടെ നടന്നുതേഞ്ഞ ആ പാദങ്ങൾ അസീസ്സിയിലെ വി. ഫ്രാൻസിസിനെ ഓർമ്മിപ്പിക്കുന്നു.

അതുകൊണ്ടുതന്നെ വിശുദ്ധ ഫ്രാൻസിസ് അസീസ്സിയുടെ തിരുനാൾ ദിനത്തിൽ, സ്വർഗ്ഗത്തിലേക്കുള്ള വഴിയിൽ തോളിന്റെ ഇടത്തുവശം ചെരിച്ച് “ഞാനങ്ങോട്ട് പോകുവാണേ...” എന്നു പറഞ്ഞ് ഞങ്ങളെ വിട്ടുപോയ ശ്രേഷ്ഠസന്യാസിവര്യാ, അങ്ങേയ്ക്കു വിട! ഞങ്ങൾക്കു വേണ്ടി സ്വർഗ്ഗത്തിലിരുന്ന് മാദ്ധ്യസ്ഥം യാചിക്കണമേ.

*(ബഹു.മാർട്ടിൻ ബ്രദറിന്റെ മരണശേഷം അദ്ദേഹത്തെപ്പറ്റി ഫെയ്സ്ബുക്കിൽ കുറിച്ച അനുസ്മരണക്കുറിപ്പ്)*

ഞങ്ങൾതൻ നിർമ്മലനാകും സോദരാ
ശാന്ത്യാ പോകുക നീ മനഃക്ലേശം കൂടാതെ
നയവാൻമാരവർ നീതിക്കൊപ്പം
മഹിമാംബരമണിയും എരിയും തിരിയോടെ നീ
അവരോടു ചേർന്നാനന്ദിച്ചീടും
ആനന്ദത്തിൻ മണിയറയതിനുള്ളിൽ നീയും

*സന്യാസികളുടെ ശവസംസ്കാരശുശ്രൂഷാ ക്രമം*
*പേജ്, 60*

www.malankaralibrary.com

# ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ...

**ബ്രദർ എഡ്വിൻ അമ്പാട്ട്**
**മാനന്തവാടി രൂപത**

കൈയ്യിലെ ആ ചെറിയ കറുത്ത പെട്ടി നിറയെ കഥകളും, കാവി ളോഹയിലെ പോക്കറ്റുകളിൽ നിറയെ കാശുരൂപങ്ങളും കൊന്തയും, ളോഹയ്ക്കുള്ളിലെ ആ വിശാലഹൃദയം നിറയെ സ്നേഹവുമായി ആണ്ടിലൊരിക്കൽ സന്ദർശനത്തിനെത്തുന്ന ക്രിസ്തുമസ് അപ്പൂപ്പനെ പോലെ വന്നെത്തുന്ന പേരപ്പനെയാണ് എനിക്ക് ആദ്യം ഓർമ്മ വരുന്നത്. ഞങ്ങളുടെയൊക്കെ കുട്ടിക്കാലത്ത് പേരപ്പൻ വരുന്നു എന്നറിഞ്ഞാൽ ഉത്സാഹത്തിന്റെ ദിനങ്ങളാണ്. കുട്ടിക്കാലത്തിന്റെ ആ കുറുമ്പ് കാലങ്ങളിൽ പേരപ്പനെ എന്നും ആശ്ചര്യത്തോടെയും കൗതുകത്തോടെയുമാണ് നോക്കി കണ്ടിരുന്നത്. കാരണം, കാവി ളോഹയിട്ട ഒരു 'പള്ളീലച്ചനെ' ആദ്യമായി കാണുന്നത് പേരപ്പനിലാണ്. കഴുത്തിൽ വലിയ ഒരു മരത്തടിയുടെ കുരിശ്; അതും കറുത്ത കുരിശ്. അപ്പൂപ്പൻ താടി പോലത്തെ താടി. ഇതൊക്കെ പേരപ്പന്റെ രൂപത്തിൽ ഉള്ള കൗതുകങ്ങൾ ആയിരുന്നെങ്കിൽ, ഞങ്ങൾ കൊച്ചുമക്കളുടെ ആശ്ചര്യം മൊത്തം പേരപ്പന്റെ ശീലങ്ങളായിരുന്നു.

പേരപ്പൻ വന്നാൽ വീട്ടിൽ ആദ്യത്തെ മാറ്റം തീൻ മേശയിലാണ്. പേരപ്പൻ വരുമ്പോൾ എന്നും ഉള്ള വിഭവങ്ങളിൽ മാറ്റം ദൃശ്യമാണ്. രാവിലെ 'ബ്രഡും തേനും പഴവും'. എന്നും രാവിലെ അപ്പവും പുട്ടും കഴിച്ച് മടുത്ത ഞങ്ങൾക്ക് ഈ ലഘുഭക്ഷണം ഭയങ്കര ഇഷ്ടമാണ്. പക്ഷേ, ഭക്ഷണ കാര്യത്തിൽ പേരപ്പനെ അനുകരിക്കാൻ ശ്രമിക്കുന്ന ഞങ്ങൾ കുട്ടികൾ പരാജയപ്പെട്ടു പോകും. ഒടുവിൽ ആ ശ്രമം പേരപ്പന്റെ 'സ്പൂണും ഫോർക്കും'കൊണ്ടുള്ള പ്രയോഗത്തിൽ ഉപേക്ഷിച്ച് കൈകൊണ്ട് 'വെട്ടി വിഴുങ്ങും'.

പിന്നെ പേരപ്പനുവേണ്ടി പ്രത്യേകം തയ്യാറാക്കുന്ന ഒരു കറി പരിപ്പ് കറിയാണ്. ഇറച്ചീം മീനും ഒന്നുമില്ലാതെ ഒരു പരിപ്പ് കറിയും, ഒരു തോരനും പപ്പടവും ഉണ്ടെങ്കിൽ പേരപ്പൻ സംതൃപ്തനാണ്. നമുക്കൊക്കെ കണ്ട് പഠിക്കാവുന്ന ഒരു ശീലമാണിത്. കുറച്ചുകൂടി മുതിർന്നപ്പോഴാണ് അറിഞ്ഞത്, ഇറച്ചിയും മീനും പേരപ്പൻ തന്റെ ആയുഷ്കാലത്തേക്ക് നോമ്പ് എടുത്തിരിക്കുകയാണ്. ആധുനിക

www.malankaralibrary.com

കാലത്തിലെ 'ഭീഷ്മ പ്രതിജ്ഞ' എന്നും അത്ഭുതത്തോടെ മാത്രമേ പേരപ്പനെ നോക്കി നിന്നിട്ടുള്ളു. ഒരു കാര്യത്തിനും ആരെയും ബുദ്ധി മുട്ടിക്കില്ല. പിടിവാശികളില്ല, ആഗ്രഹങ്ങളില്ല.

പാദുവായിലെ വി.അന്തോണീസ് പുണ്യാളൻ പറയുന്നു "ഒന്നും ആഗ്രഹിക്കാതിരിക്കുക, ഒന്നും നിഷേധിക്കാതിരിക്കുക."

ഈ പുണ്യവചനങ്ങൾ അക്ഷരംപ്രതി ജീവിച്ച് കാണിച്ചുതന്ന ശ്രേഷ്ഠനാണ് ഞങ്ങളുടെ പേരപ്പൻ. 'താടീം മീശേം' വെട്ടുമ്പോൾ പോലും മറ്റാരെയും ബുദ്ധിമുട്ടിക്കില്ല. മുറ്റത്തോട്ട് ഇറങ്ങിനിന്ന് ഇടതുകൈയ്യിൽ ചെറിയ ഒരു കണ്ണാടിയും വലതു കൈയ്യിൽ ഒരു കത്രികയും ആയി പേരപ്പൻ പണി തുടങ്ങുകയായി. ഇന്ന് നമ്മൾ ഷേവ് ചെയ്യണമെങ്കിൽ എന്ത് ചിലവുണ്ടെന്ന് ഓർക്കുക.

പിന്നെ ഞങ്ങൾ കുട്ടികളുടെ മറ്റൊരു സന്തോഷം പേരപ്പൻ വീട്ടിൽ ഉള്ള ദിവസങ്ങളിലെ സന്ധ്യാപ്രാർത്ഥന ആണ്. ഞങ്ങൾ നിർബന്ധം പിടിച്ച് കൊന്ത ഒഴിവാക്കി പേരപ്പന്റെ പ്രാർത്ഥന ചൊല്ലാൻ പറയും. സന്തോഷത്തോടെ പോക്കറ്റീന്ന് ഒരു കുഞ്ഞ് കൈപ്പുസ്തകം എടുത്ത് പ്രാർത്ഥിക്കും. ഞങ്ങളുടെ സന്തോഷം എന്താണെന്ന് വച്ചാൽ കൊന്തയാണെങ്കിൽ അരമണിക്കൂർ എടുക്കും. പേരപ്പന്റെ പ്രാർത്ഥന കാൽ മണിക്കൂറും.

പിന്നീട് ഉള്ള അത്ഭുതം പേരപ്പന്റെ കഥ പറച്ചിലിലാണ്. എന്തു മാത്രം കഥകളാണെന്നോ! കഥകളുടെ ഒരു ചെപ്പ് തുറക്കുന്നതുപോലെ യാണ് പേരപ്പൻ കഥ പറയുന്നത്. 'നോൺസ്റ്റോപ്പ്'. പേരപ്പനും ഏറെ സന്തോഷമാണ് കഥ പറയാൻ. കേൾക്കാൻ ഞങ്ങൾക്കും. വീട്ടിലെ ചെറിയ പണികളിൽ നിന്ന് രക്ഷപെടാം. പിന്നെ പേരപ്പന്റെ കഥകളി ലൂടെ പുതിയ ഒരു ലോകവും ഞങ്ങൾക്ക് മുമ്പിൽ തുറന്നു വരികയായി. വൈദികജീവിതവും, അവരുടെ മിഷൻ പ്രവർത്തനങ്ങളും എല്ലാം ആദ്യമായി മനസ്സിലാക്കുന്നത് പേരപ്പന്റെ കൊച്ചു കഥകളിലൂടെ ആണ്.

ഞങ്ങൾ വളർന്നു. പേരപ്പനും പ്രായം ഏറി വന്നു. പേരപ്പന്റെ സന്ദർശനങ്ങൾ വളരെ വിരളമായി. പിന്നെ ഞങ്ങൾ പേരപ്പനെ ആശ്രമത്തിൽ പോയി സന്ദർശിച്ചു. ചിലപ്പോൾ കൂട്ടിക്കൊണ്ടു വന്നു. പക്ഷെ എവിടെയോ എന്തോ കുറവ്. പേരപ്പനെ നേരിട്ട് കാണുന്ന അവസരം കുറഞ്ഞുപോയതു കൊണ്ടോ അതോ, എന്റെ പ്രായത്തിന്റെ കുരുത്തക്കേടുകൾ കൊണ്ടോ പേരപ്പനോടുള്ള ബന്ധം അല്പം കുറഞ്ഞുപോയി. പ്രായമായവരോട് കൗമാരക്കാർക്ക് ഉണ്ടാവുന്ന ഒരു തരം അകൽച്ച.

www.malankaralibrary.com

എന്നാൽ ദൈവത്തിന്റെ ഹിതം മറ്റൊന്നായിരുന്നു. ഞാൻ ബിരുദ പഠനത്തിന് സെന്റ് തോമസ് കോളേജ് പാലായിൽ ചേർന്നു. അതൊരു വഴിത്തിരിവായിരുന്നു. ഇന്ന് എനിക്ക് അഭിമാനപൂർവ്വം പറയാൻ സാധിക്കും. പേരപ്പന്റെ അവസാന മൂന്നു വർഷങ്ങളിൽ പേരപ്പനോട് ഏറ്റവും കൂടുതൽ അടുപ്പം ഉണ്ടായിരുന്നത് എനിക്കായിരുന്നു എന്നത്. എന്റെ സഹോദരങ്ങൾക്കും കസിൻസിനും, ആന്റിമാർക്കും ഇതിൽ അല്പം കുശുമ്പും, ദേഷ്യവും തോന്നിയാലും കുഴപ്പമില്ല. ബിരുദ പഠനത്തിന് ഞാൻ പാലായിൽ ഉണ്ടായിരുന്നു മൂന്നുകൊല്ലത്തിനിടയ്ക്ക് മാസാമാസം ഞാൻ പേരപ്പനെ കാണാൻ തിരുവല്ല ദയറാ ആശ്രമത്തിൽ വരുമായിരുന്നു. വെള്ളിയാഴ്ച ക്ലാസ് കഴിഞ്ഞ് പാലായീന്ന് കോട്ടയത്ത് വന്ന്, അവിടുന്ന് തിരുവല്ലായ്ക്ക് ട്രെയിൻ കയറും. പിന്നെ ഞായറാഴ്ച കുർബാനയും കണ്ട് ഉച്ചഭക്ഷണവും കഴിച്ച് മടങ്ങും. എനിക്ക് ഏറെ സന്തോഷവും സംതൃപ്തിയും തരുന്ന രണ്ട് മൂന്ന് ദിവസങ്ങൾ ആണിത്. ഞാൻ വരുന്ന കാര്യം സുപ്പീരിയറച്ചനായിരുന്ന അനിയച്ചനെ വിളിച്ചു പറയും. വെള്ളിയാഴ്ച രാത്രിക്ക് ഞാൻ കയറി ചെല്ലുമ്പോൾ പേരപ്പന്റെ മുറിക്ക് നേരെ എതിർവശത്തുള്ള 7-ാം നമ്പർ മുറി എനിക്കായി ഒരുക്കി വെച്ചിട്ടുണ്ടാവും. പിന്നെ അവിടുത്തെ അച്ചന്മാരോടും, ബ്രദേഴ്സി നോടും ഒപ്പമുള്ള പ്രാർത്ഥനയും അത്താഴവും എന്റെ ജീവിതത്തിന് മുതൽ കൂട്ടായ നിമിഷങ്ങൾ. പിന്നെ ഞാനും പേരപ്പനും തനിച്ച് വരാന്തയിലോ, മുറിയിലോ ഇരുന്ന് വർത്തമാനം പറയും. പേരപ്പൻ എല്ലാവരുടെയും വിശേഷങ്ങൾ ചോദിച്ചറിയും.

രാവിലെ ഊന്നുവടിയും കുത്തി വന്ന് എന്നെ വിളിച്ചെഴു ന്നേല്പിക്കും. കുർബ്ബാനയും പ്രഭാതഭക്ഷണവും ഒക്കെ കഴിഞ്ഞ് ഞങ്ങൾ പതിയെ ആശ്രമത്തിന് പുറത്തേക്ക് ഒക്കെ നടക്കാൻ പോകും. വാർധക്യത്തിന്റെ ക്ഷീണങ്ങൾകൊണ്ട് വളരെ പതിയെ ആണ് നടത്തം. ഞാനും അതിനൊപ്പം പേരപ്പന്റെ കൈപിടിച്ച് പതിയെ നടക്കും. അപ്പോഴും പേരപ്പന് പറയാൻ കഥകൾ ഉണ്ടാവും. അടുത്തുള്ള മഠത്തി ലൊക്കെ പോകും. പേരപ്പൻ വൻസ്വീകരണം ആണ് അവിടെ അവിടെ യൊക്കെ. 'ബ്രദറച്ചൻ' വന്നു എന്നു പറഞ്ഞ് എല്ലാ സിസ്റ്റേഴ്സിനും ഭയങ്കര സന്തോഷം. എന്നെ പരിചയപ്പെടുത്തും "എന്റെ അനിയന്റെ മകളുടെ, മകൻ, അപ്പുക്കുട്ടൻ. "ഇതു കേൾക്കുമ്പോൾ ഞാൻ ഒന്ന് നിവർന്നിരിക്കും. അവർക്കും പേരപ്പനെക്കുറിച്ച് പറയാൻ ഒരുപാട് കഥ കൾ ഉണ്ടാവും. പേരപ്പനെ അവിടെയൊക്കെ കൊണ്ടുവന്ന് കാണിച്ചു എന്നതിൽ സിസ്റ്റർക്ക് എന്നോടു വലിയ കാര്യമാണ്. അവരുടെ ഒക്കെ പ്രാർത്ഥനകൾ എനിക്കും ലഭിക്കും. പിന്നെ ഞായറാഴ്ച പോകുമ്പോൾ

www.malankaralibrary.com

ചെറിയ ഒരു 'കൈമണിയും', കൊന്തയും കാശുരൂപങ്ങളും എനിക്ക് തന്നുവിടും. അതു ചുമ്മാതൊന്നും വിടൂല്ല. അവിടെ ഉള്ള അച്ചന്മാരോടു പറഞ്ഞു പറഞ്ഞ് എന്നെ സുരക്ഷിതമായി തിരുവല്ലായിൽനിന്ന് കയറ്റിവിടും. ഇത്തരത്തിലുള്ള ഒട്ടേറെ അനുഭവങ്ങൾ. ബിരുദം രണ്ടാം വർഷം ആയപ്പോഴേയ്ക്കും പേരപ്പൻ വീണിട്ട് വിൽചെയറിലായി. ആ സമയത്ത് രണ്ടുമൂന്നു ദിവസം ജോയി അങ്കിളിന്റെ കൂടെ പേരപ്പനെ ശുശ്രൂഷിക്കാൻ ആശുപത്രിയിൽ നിന്നും അപ്പോൾപോലും പേരപ്പന് ഞങ്ങളുടെ കാര്യത്തിൽ ആണ് ഉത്കണ്ഠ. ഭക്ഷണകാര്യത്തിലും ഞങ്ങളുടെ താമസത്തിന്റെ കാര്യത്തിലും ഒക്കെ പേരപ്പന് ഉത്കണ്ഠ ആണ്. വീണ് അരയിലെ എല്ല് ഒടിഞ്ഞു കിടക്കുക ആണ്.

പേരപ്പന്റെ അടുത്തുവന്ന് രണ്ടുദിവസം ആശ്രമത്തിൽ തങ്ങി അച്ചന്മാരോടും ബ്രദേഴ്സിനോടും ഒക്കെ ഇടപഴുകി തിരിച്ചുപോകുമ്പോൾ എനിക്ക് ഒരു സന്തോഷവും സമാധാനവും ആണ്. യൗവ്വനത്തിൽ പല തരത്തിലും ഉള്ള ആത്മസംഘർഷങ്ങൾ ഉണ്ടാകാറുണ്ട്. കോളേജിലെ ചില ബുദ്ധിമുട്ടുകൾ ഇവയ്ക്ക് ഒക്കെ ഇടയിൽ നിന്ന് തിരുവല്ല ബഥനി ആശ്രമത്തിൽവന്ന് പേരപ്പനെ കണ്ട്, കഥകൾ കേട്ട്, പ്രാർത്ഥിപ്പിച്ച് തിരികെ പോകുമ്പോൾ എനിക്കും ഒരു നവോന്മേഷം ആണ്.

കോളേജിലായിരുന്ന മൂന്നു വർഷക്കാലത്ത് ഞാൻ ചെയ്ത ഏക പുണ്യം പേരപ്പനെ സന്ദർശിക്കാൻ പോയ ദിനങ്ങളിലായിരിക്കും. അപ്പോൾ എനിക്ക് ലഭിച്ച പ്രാർത്ഥനയും അനുഗ്രഹങ്ങളും അവിടുത്തെ മറ്റ് അച്ചന്മാരുടെയും ബ്രദേഴ്സിന്റെയും പ്രാർത്ഥനകളും, പേരപ്പൻ വഴി പരിചയപ്പെട്ട കന്യാസ്ത്രീ അമ്മമാരുടെ പ്രാർത്ഥനകളും, അവിടെ ഉള്ള വല്യച്ചന്മാരുടെ പ്രാർത്ഥനകളും ആയിരിക്കണം, ഞാൻ ഇന്ന് മാനന്തവാടി രൂപതയുടെ മൈനർ സെമിനാരിയിൽ ഒരു വൈദിക വിദ്യാർത്ഥി ആയിരിക്കാൻ കാരണം. ഇന്ന് ഒരു വിശുദ്ധനായ വൈദികനാകാൻ ആഗ്രഹിക്കുന്ന എന്റെ മുമ്പിലുള്ള മാതൃക മറ്റാരുമല്ല എന്റെ പേരപ്പനാണ്. ഞങ്ങളുടെ എല്ലാം ജീവിതത്തിൽ പ്രകാശം പരത്തിയ പേരപ്പൻ. എന്റെ മാതാപിതാക്കൾ എന്നോടു പറഞ്ഞതും മറ്റൊന്നു മല്ല. "നീ മറ്റൊന്നും ആവണ്ട, പേരപ്പനെ പോലെ ഒരു വിശുദ്ധനായാൽ മതി എന്നാണ്." പേരപ്പൻ എനിക്ക് മുമ്പിൽ വെച്ചിട്ടുപോയ വെല്ലുവിളിയും ആ ജീവിത മാതൃക തന്നെയാണ്.

"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളുടെ പരസ്പരം സ്നേഹിക്കുവിൻ" (വി.യോഹ 15:12).

www.malankaralibrary.com

# മരിക്കാത്ത ഓർമ്മകൾ

ബ്രദർ അലക്സിസ് പെല്ലിശ്ശേരി ഒ.ഐ.സി.

മരണമെന്ന യാഥാർത്ഥ്യം നമ്മുടെ ജീവിതബന്ധങ്ങളിൽ വലിയ വിടവ് സൃഷ്ടിക്കുന്നു. വ്യക്തിബന്ധങ്ങളിൽ വലിയ നഷ്ടം വരുത്തുന്നു. കാരണം സ്വീകരിച്ചിട്ട് മതിവരാത്ത, ആവോളം ലഭിച്ചിട്ടും കൊതിതീരാത്ത, സ്നേഹത്തിന്റെ സ്രോതസ്സ് നിലച്ചുപോകുന്നു. ബഥനിയെ സംബന്ധിച്ചിടത്തോളം ഇത്തരം ഒരു വലിയ നഷ്ടമാണുണ്ടായത്. വ്യക്തികൾക്ക് മരണമുണ്ട് എന്നാൽ വ്യക്തികൾ നൽകിയിട്ടുപോയ ഓർമ്മകൾക്ക് മരണമില്ല. ഓളങ്ങൾ നിലയ്ക്കാത്തതുപോലെ അത് എന്നും നമ്മുടെ സ്മൃതിപഥത്തിൽ പച്ചകെടാതെ നിൽക്കും. വർഷങ്ങൾക്ക് മുമ്പുള്ള സംഭവങ്ങളാണെങ്കിലും ബഹു. മാർട്ടിൻ ബ്രദർ അച്ചനെക്കുറിച്ചുള്ള എന്റെ ഏതാനും ചില ഓർമ്മകൾ ഇവിടെ കുറിക്കുന്നു.

ആശ്രമത്തിലെ ഉണർത്തുമണി കേൾക്കുന്നതിനു മുമ്പേ, 4.30 ന് എഴുന്നേൽക്കും. പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ചശേഷം 5 മണിയോടെ പരിശുദ്ധ ദേവാലയത്തിലേക്ക് മന്ദം മന്ദം... ആശ്രമ ദേവാലയമപ്പോഴും നിദ്രവിട്ടുണർന്നുണ്ടായിരിക്കയില്ല. ദേവാലയത്തിലെ വാതിലുകളും ജനാലകളും തുറന്നിട്ട് ഒരു ലൈറ്റ് ഓണാക്കി തന്റെ വാച്ചിലെ സമയം നോക്കും.വീണ്ടും പതിയെ ആശ്രമത്തിന്റെ വരാന്തയിലൂടെ തന്നോട് വിളിച്ചുണർത്തണമെന്ന് ആവശ്യപ്പെട്ടവരുടെ മുറിയുടെ വാതിൽക്കൽ ചെന്ന് ഉറക്കെകൊട്ടി 'പതിയെ'വിളിക്കും "അച്ചോ....ഒന്നെണീറ്റെ" പിന്നീട് പതിയെ നടന്ന് സന്യാസാർത്ഥികൾ താമസിക്കുന്ന ഡോർമിട്ടറിയുടെ ജനാലയ്ക്കൽ വന്ന് നിന്ന് കൊട്ടിവിളിക്കും "കൊച്ചുബ്രദേഴ്സേ... സമയമായി...എണീറ്റേ".

ആശ്രമത്തേയും ആശ്രമാംഗങ്ങളേയും അകമഴിഞ്ഞ് സ്നേഹിച്ച ബ്രദർ അച്ചന്റെ കൂടെ തിരുവല്ല ദയറായിൽ ജീവിക്കാൻ സാധിച്ച ഒരു വർഷക്കാലം ഭാഗ്യമായി കരുതുന്നു. ജീവിച്ചിരുന്നപ്പോൾ തന്നെ അദ്ദേഹത്തെ ഞങ്ങൾ ഒരു വിശുദ്ധ ജീവിതത്തിനുടമയായാണ് കണ്ടിട്ടുള്ളത്. യാമപ്രാർത്ഥനകളിലും വി. കുർബ്ബാനയിലും അദ്ദേഹം ഒരിക്കലും താമസിച്ചു വരുന്നത് കണ്ടിട്ടില്ല. ഭയഭക്തിയോടും

www.malankaralibrary.com

വിറയലോടും കൂടെ മാത്രമേ നമ്മുടെ കർത്താവിന്റെ മദ്ബഹായിൽ അദ്ദേഹം ശുശ്രൂഷിക്കുന്നതായി കണ്ടിട്ടുള്ളൂ.

തന്നേക്കാൾ വളരെയധികം പ്രായംകുറഞ്ഞ സന്യാസാർത്ഥിക ളായിരുന്ന ഞങ്ങളോട് വളരെ സ്നേഹത്തോടും കരുതലോടും വാത്സല്യത്തോടും കൂടെ മാത്രമേ അദ്ദേഹം പെരുമാറിയിട്ടുള്ളൂ. ഞങ്ങൾ ചെയ്യുന്ന കൊച്ചു പ്രവർത്തികൾക്കുപോലും "കൊള്ളാം, കൊള്ളാം" എന്നു പറഞ്ഞ് അദ്ദേഹം പ്രോത്സാഹനം നൽകിയിരുന്നു. ഞങ്ങളെ ഗുരുവച്ചനോ സുപ്പീരിയറച്ചനോ മറ്റോ വഴക്കുപറയുകയാ ണെങ്കിൽ പതിയെ അടുത്തുവന്ന് സാരമില്ലായെന്നു പറയുന്ന മാർട്ടിൻ ബ്രദർ അച്ചനെക്കുറിച്ചുള്ള ഓർമ്മകൾ മനസ്സിനെ അൽപ്പമൊന്നുമല്ല ദുഃഖിപ്പിക്കുന്നത്.

പ്രഭാതഭക്ഷണത്തിനുശേഷം അൽപ്പസമയം പത്രം വായിച്ചു കഴിഞ്ഞാൽ അദ്ദേഹം ഒരു കാലൻകുടയുമായി യാത്രയാവും. പതിവിൽ കവിഞ്ഞ് തോളിടത്തോട്ട് ചരിഞ്ഞിട്ടുണ്ടാവും. തന്റെ കുപ്പായത്തിന്റെ പോക്കറ്റിലുള്ള കാശുരൂപങ്ങളുടെയും, ജപമാലകളുടെയും ഭാരമാണതെന്ന് ഞങ്ങൾ നർമ്മരൂപേണ പറയുമ്പോൾ അദ്ദേഹം പുഞ്ചിരിക്കും. പിന്നീട് റോഡിന്റെ വലതുവശം ചേർന്ന് നടത്തം. പോകുന്ന വഴി കാണുന്നവരോട് കുശലം ചോദിക്കും. വഴിവക്കിൽ നിന്നുപോലും പലർക്കും വേണ്ടിയും പ്രാർത്ഥിക്കും. രോഗികളായവരെ വീട്ടിൽപോയി സന്ദർശിക്കും. ഇതിനു പുറമേ, സുവിശേഷപ്രസംഗം, ധ്യാനം, ആദ്ധ്യാത്മീക പ്രബോധനങ്ങൾ, ഭവനസന്ദർശനം, പ്രാർത്ഥനാ സമ്മേളനങ്ങൾ എന്നിവയാൽ സമ്പന്നമായിരുന്നു ആ ധന്യജീവിതം.

ഉച്ചകഴിഞ്ഞ് ഞങ്ങൾ സന്യാസാർത്ഥികൾക്ക് ക്ലാസ്സെടുക്കാൻ അദ്ദേഹം വരുമ്പോൾ പലരും ഉറക്കച്ചടവിലായിരിക്കും. പരാതികൂടാതെ, വളരെ ശാന്തനായി, സൗമ്യനായി, അദ്ദേഹം താൻ തയ്യാറാക്കിയ കൊച്ചു കുറിപ്പുകൾ പുറത്തെടുത്ത് തിരുസ്സഭയ്ക്കുവേണ്ടി ജീവൻ ഹോമിച്ച വിശുദ്ധജീവിതങ്ങളെ ഞങ്ങൾക്ക് പരിചയപ്പെടുത്തും. ആശ്രമത്തിൽ ചേരുന്നതിന് മുമ്പുള്ള അദ്ദേഹത്തിന്റെ ജീവിതകഥകളും, കർണ്ണാടക മിഷൻ അനുഭവങ്ങളും പങ്കുവെയ്ക്കുമായിരുന്നു. അദ്ദേഹം ആദ്യകാല ങ്ങളിൽ ഒത്തിരി നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. അതിന്റെ നോട്ടീസുകളും പരസ്യങ്ങളുമെല്ലാം ഭദ്രമായി സൂക്ഷിച്ച് വച്ചിരിക്കുന്നത് ഓർക്കുന്നു.

www.malankaralibrary.com

ഒരിക്കൽപോലും അദ്ദേഹത്തെ തന്റെ സന്യാസവസ്ത്രത്തിലല്ലാതെ കണ്ടിട്ടില്ല. പ്രഭാതപ്രാർത്ഥനമുതൽ തന്റെ തൗനായിലേക്ക്, രാത്രി പ്രാർത്ഥനയ്ക്കുശേഷം വിശ്രമത്തിന് പോകും വരെ മാർട്ടിൻ ബ്രദറച്ചൻ കുപ്പായത്തിലായിരിക്കും.

അദ്ദേഹത്തെപ്പറ്റിയുള്ള രസകരമായ ഓർമ്മകളും ധാരാളം. പരിചയമില്ലാത്ത ആളുകളെപോലും വളരെ സ്നേഹപൂർവ്വം സൽക്കരിക്കുകയും ഒടുവിൽ “അതേ...ഞാൻ പേരു മറന്നുപോയി” എന്ന് കള്ളച്ചിരി ചിരിച്ചുകൊണ്ട് പറയുന്നതും.....എത്ര തണുത്ത ചായയാണെങ്കിലും വീണ്ടും ഫാൻ ഓണാക്കി തണുപ്പിക്കാൻ വെയ്ക്കുന്നതും.... ഭക്ഷണമേശയിൽ തന്റെ കുഞ്ഞു ഫോർക്കു തപ്പി കണ്ടുപിടിക്കുന്നതും... ഞായറാഴ്ച ഭക്ഷണം കഴിഞ്ഞ് ഗുരുവച്ചനോട് പ്രത്യേകം അനുവാദം ചോദിച്ച് ഞങ്ങൾ കൊച്ചുബ്രദേഴ്സിൽ ഒരാളെകൊണ്ട് തന്റെ കയ്യിലുള്ള കൊച്ചുലിസ്റ്റ് നോക്കി ഫോൺ വിളിപ്പിക്കുന്നതും, നിത്യസഹായ മാതാവിനോടും യൂദാശ്ലീഹായോടുമുള്ള നൊവേനകൾക്ക് നേതൃത്വം നൽകി അതിന്റെ സമാപനാശീർവ്വാദം സ്വതസിദ്ധമായ ശൈലിയിൽ ഈണത്തിൽ ചൊല്ലുന്നതും അങ്ങനെ ധാരാളം കാര്യങ്ങൾ....!

തന്റെ ജീവിതത്തിന്റെ അവസാനനാളുകളിൽ അതികഠിനമായ ശാരീരിക വേദന അദ്ദേഹം അനുഭവിച്ചു. ഒരു ഉറുമ്പിനെപ്പോലും വേദനിപ്പിക്കാത്ത ഒരു വ്യക്തി എന്തിനാണ് ഇങ്ങനെ സഹിക്കേണ്ടിവരുന്നെന്ന് തോന്നിപ്പോകുന്ന കാഴ്ച. നിഴലുണ്ടാകുന്നത് വെളിച്ചമുണ്ടായിരിക്കുമ്പോഴാണല്ലോ.... വേദനയുടെ പാരമ്യത്തിലും കദനത്തിന്റെ കാസാ സ്വീകരിച്ചു കൊണ്ട് പിതാവേ, എന്റെ ഇഷ്ടമല്ല അങ്ങയുടെ തിരുവിഷ്ടം നിറവേറട്ടെ എന്നു പ്രാർത്ഥിച്ച യേശു തമ്പുരാനെ പോലെ, ദൈവസന്നിധിയിൽ തന്റെ ജീവിതം മുഴുവൻ സമർപ്പിച്ച ഈ സന്യാസവര്യൻ തന്റെ സഹനങ്ങളത്രയും പ്രാർത്ഥനയാക്കി മാറ്റുകയായിരുന്നു. ഇന്നദ്ദേഹം വേദനകളില്ലാത്ത, ദുഃഖമോ നെടുവീർപ്പുകളോ ഇല്ലാത്ത ലോകത്തിൽ, രക്ഷകനായ യേശുമിശിഹായോടും, പരിശുദ്ധ അമ്മയോടും, മാലാഖവൃന്ദങ്ങളോടും കൂടെയായിരുന്ന് നമുക്ക് വേണ്ടിയും, നമ്മുടെ സമൂഹത്തിന് വേണ്ടിയും പ്രാർത്ഥിക്കുന്നുണ്ടാവും... ആ പ്രാർത്ഥനകൾ നിലയ്ക്കാതെ തുടരും... ബ്രദറച്ചനെക്കുറിച്ചുള്ള മരിക്കാത്ത ഓർമ്മകൾ പോലെ...!!

www.malankaralibrary.com

# 100 Years of Bethany Ashram

"ദൈവമേ ഞങ്ങൾ നിന്റേതാകുന്നു. നിനക്കായി ഞങ്ങൾ വേർതിരിക്കപ്പെട്ടിരിക്കുന്നു. നിന്റെ ഹിതം പോലെ ഉപയോഗിക്കുവാനായിട്ട് ഞങ്ങൾ നിനക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. സ്നേഹമേറിയ പിതാവേ, പൂർണ്ണ ഹൃദയത്തോടും, പൂർണ്ണമനസ്സോടും, പൂർണ്ണ ശക്തിയോടും നിന്നെ സ്നേഹിപ്പാൻ ഞങ്ങളെ അഭ്യസിപ്പിക്കണമേ. സ്വാർത്ഥപരമായ ചിന്തകൾ നിശേഷം വെടിഞ്ഞ് ഞങ്ങൾ ഞങ്ങളെത്തന്നെ നിനക്കു തരുവാൻ അഭ്യസിപ്പിക്കേണമേ. നീ ആഗ്രഹിക്കുന്ന പ്രകാരം നിന്നെ സേവിപ്പാൻ ഞങ്ങളെ അഭ്യസിപ്പിക്കേണമേ. എത്ര മുറിവുകളേറ്റാലും, അവയെ കൂട്ടാക്കാതെ നിനക്കുവേണ്ടി യുദ്ധം ചെയ്യുവാൻ ഞങ്ങളെ അഭ്യസിപ്പിക്കണമേ. എന്തു ചെലവു വരുമെന്ന് കണക്കാക്കി നോക്കാതെ നിനക്കു തരുന്നതിന് ഞങ്ങള അഭ്യസിപ്പിക്കേണമേ. നിന്റെ തിരുവിഷ്ടം ഞങ്ങൾ ചെയ്യുന്നു എന്നറിയുന്നതുതന്നെ ഞങ്ങൾക്ക് പ്രതിഫലമായിരിക്കട്ടെ. നിന്റെ അളവറ്റ സ്നേഹത്താൽ നീ ഞങ്ങൾക്കായി ഒരുക്കിയിട്ടുളള ജീവിതം നയിച്ച് നിന്നെ സ്നേഹിപ്പാനും മഹത്വപ്പെടുത്തുവാനും ഞങ്ങളെ സഹായിക്കണമേ" ആമ്മീൻ.

ദൈവദാസൻ മാർ ഈവാനിയോസ്